2014 ഏപ്രിൽ 25
വാല്യം 07
ലക്കം 08

ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA 225/2012 - 14 Annual Subscription Rs.150/- Pages:12

# ശശി തരൂരിനുവേണ്ടി പെന്തെക്കോസ്ത് സമ്മേളനം വിവാദമാകുന്നു



**തിരുവനന്തപുരം:** ശശിതരൂരിനുവേണ്ടി പെന്തെക്കോസ്തിലെ ഉപദേശിമാരുടെ സമ്മേളനം വിളിച്ചുക്കൂട്ടിയതിന്റെ പേരിൽ ഉയർന്ന വിവാദം അവസാനിക്കുന്നില്ല. ഐ. പി. സി.യിലെ കൗൺസിൽ അംഗമായ ദാനിയേൽ കൊന്നനിൽക്കുന്നതിൽ ആണ് ഇതിന്റെ പിമ്പിൽ എന്ന് ഒരു വിഭാഗം ആരോപിക്കുന്നു. എന്നാൽ തനിക്കിതിൽ യാതൊരു പങ്കുമില്ലെന്നും സ്ഥാനാർത്ഥിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ചില സ്നേഹിതർ ക്ഷണിച്ചതനുസരിച്ച് പോയി പ്രാർത്ഥിച്ചതുമാത്രമേയുള്ളൂ എന്നും മറ്റുള്ള ആരോപണങ്ങളെല്ലാം തെറ്റാണെന്നും ദാനിയേൽ കൊന്നനിൽക്കുന്നതിൽ ജേണലിനോട് പറഞ്ഞു. വാർത്താ ചാനലായ റിപ്പോർട്ടർ ഈ സമ്മേളന ദൃശ്യങ്ങൾ വെളിയിൽ വിട്ടതോടെയാണ് സംഭവം വിവാദമായത്. കെ.

05

# മാധ്യമങ്ങൾക്ക് കൂച്ചുവിലങ്ങിടാൻ ഐ. പി. സി. കേരളാ സ്റ്റേറ്റിന്റെ ശ്രമം

**കുമ്പനാട്:** സഭയ്ക്കെതിരായി വാർത്തകൾ പ്രസിദ്ധീകരിക്കുന്ന പത്രങ്ങളുടെ പ്രവർത്തകരായ ഐ. പി. സി. അംഗങ്ങൾക്ക് എതിരെ നടപടിയുടെ ഭീഷണിയുമായി ഐ. പി. സി. കേരളാ സ്റ്റേറ്റ് കൗൺസിൽ രംഗത്ത്. കൗൺസിലിന്റെ നടപടികളെ ചോദ്യം ചെയ്ത് ചില പത്രങ്ങൾ രംഗത്തെത്തിയതും ഭരണഘടനാ വിരുദ്ധമായ തീരുമാനങ്ങൾ മാധ്യമങ്ങൾ പരസ്യമാക്കിയതും എല്ലാം സ്റ്റേറ്റ് എക്സിക്യൂട്ടീവിനെ അലോസരപ്പെടുത്തിയതിനാലാകാം ഇത്തരം ഒരു നടപടിക്ക് കൗൺസിൽ തുനിഞ്ഞിരിക്കുന്നത്. സൊസൈറ്റി ആക്ട് അനുസരിച്ച്




രജിസ്റ്റർ ചെയ്തിരിക്കുന്ന ഐ. പി. സി. പ്രസ്ഥാനം തികച്ചും ജനാധിപത്യ സംവിധാനത്തിലൂടെയാണ് ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നത്. ജനാധിപത്യ സംവിധാനത്തിൽ മാധ്യമങ്ങളുടെ പങ്കും അവകാശവും എന്താണെന്ന് തിരിച്ചറിയാതെ നടത്തുന്ന ഇത്തരം നീക്കങ്ങളിലൂടെ സഭാനേതൃത്വം സമൂഹമദ്ധ്യേ അപഹാസ്യരാകുകയേയുള്ളൂ. മടിയിൽ കനമുള്ളവനേ വഴിയിൽ പേടിക്കേണ്ടതുള്ളൂ എന്നതുപോലെ സുതാര്യമായ ഭരണം നടത്തുന്ന ആത്മീയനേതൃത്വത്തിന് മാധ്യമങ്ങളെ ഭയക്കേണ്ട കാര്യമില്ല. വ്യക്തിഹത്യയും തേജോവധവും ചെയ്യുന്ന മാധ്യമങ്ങൾക്കെതിരെ നിയമപരമായ നട

04

**പരമ്പര ആരംഭിക്കുന്നു**

# കുക്ക് സായ്പിന്റെ സഭയ്ക്ക് എന്തു പറ്റി?

**തിരുവല്ല:** തികഞ്ഞ ക്രാന്തദർശിയും ത്യാഗിയുമായിരുന്നു മഹാനായ റോബർട്ട് ഫെലിക്സ് കുക്ക് എന്ന ഇന്ത്യയിലെ ചർച്ച് ഓഫ് ഗോഡ് സ്ഥാപകൻ. മുളക്കുഴ എന്ന കുഗ്രാമത്തിൽ നിന്ന് താൻ ആരംഭിച്ച പ്രസ്ഥാനം മലങ്കരയും കടന്ന് മറ്റ് സംസ്ഥാനങ്ങളിലേക്കും മലയാളി വിശ്വാസികൾ ചേക്കേറിയ മറ്റു രാജ്യങ്ങളിലേക്കും പടർന്നു പന്തലിച്ചു. ഇന്ത്യയിൽ ഇന്ന് 9 റീജിയനുകളാണ് ഈ പ്ര



സ്ഥാനത്തിനുള്ളത്. എന്നാൽ നിർഭാഗ്യം എന്നു പറയട്ടെ കേരളത്തിലൊഴികെ എവിടെയും ചർച്ച് ഓഫ് ഗോഡിന് വേരോട്ടം ഉണ്ടാക്കുവാൻ സാധിച്ചില്ല.

തികച്ചും ഏകാധിപത്യ ഭരണ സംവിധാനമാണ് ചർച്ച് ഓഫ് ഗോഡ് പിന്തുടരുന്നത്. കൗൺസിൽ പോലെയുള്ള സംവിധാനങ്ങൾ പേരിനായി ഉണ്ടെങ്കിലും അതെല്ലാം ജനത്തിന്റെ കണ്ണിൽ പൊടിയിടുവാൻ മാത്രമുള്ളതാണ്. വിശ്വാ

02

# ഇന്ത്യാ ബൈബിൾ കോളജ് ബിരുദദാന സമ്മേളനം



പാസ്റ്റർ വത്സൻ ഏബ്രഹാം ബിരുദദാനം നിർവ്വഹിക്കുന്നു

വാർത്ത പേജ് 05

# ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ബോർഡ് പിരിച്ചുവിട്ടു

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിലെ വിശ്വാസികളുടെ സമിതിയായ സ്റ്റേറ്റ് ബോർഡ് പിരിച്ചുവിട്ടു. സ്റ്റേറ്റ് കൗൺസിലിൽ തങ്ങൾക്കും പ്രാതിനിധ്യം വേണമെന്ന ആവശ്യം അംഗീകരിക്കുന്നില്ലെങ്കിൽ രാജി വെയ്ക്കുന്നുവെന്ന് ബോർഡ് സ്റ്റേറ്റ് കൗൺസിലിനെ അറിയിച്ചിരുന്നു. അത് അംഗീകരിച്ചാണ് സ്റ്റേറ്റ് ബോർഡ് പിരിച്ചുവിട്ടതെന്ന് സ്റ്റേറ്റ് കൗൺസിൽ അറിയിച്ചു.

# ഐ. പി. സി. മലബാർ മേഖലയ്ക്ക് പുതിയ നേതൃത്വം



പാ. ജോൺ ജോർജ്ജ് (പ്രസിഡന്റ്)



പാ. സാം ഡാനിയേൽ (സെക്രട്ടറി),



ബ്ര. ജോർജ്ജ് തോമസ് (ഖജാൻജി)

**മലബാർ:** ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ മലബാർ മേഖലയ്ക്ക് പുതിയ ഭരണസമിതി നിലവിൽ വന്നു. 2014 ഫെബ്രുവരി 26 ബുധനാഴ്ച മുൻപ്രസിഡണ്ട് പാ. ബാബു ഏബ്രഹാമിന്റെ അധ്യക്ഷതയിൽ കോഴി

08

## സാക്ഷി



ശശി തരൂരിനായി നടന്ന സമ്മേളനം വിവാദമായി
- ഹല്ലേല്ലൂയ്യാ

*നിങ്ങളിൽ പാപം ഇല്ലാത്തവർ കല്ലെറിയട്ടെ*

# ട്വിറ്ററിൽ മാവോയേക്കാളും പ്രസിദ്ധി യേശുവിന് ചൈനയിൽ പുതുതരംഗം

**പ്രകാശ് പി. കോശി**

പുതിയ ചില ഓൺലൈൻ ഗവേഷണങ്ങൾ പ്രകാരം ചൈനയിൽ യേശുവിനും ക്രിസ്ത്യാനിത്വത്തിനും മാവോയേക്കളും കമ്മ്യൂണിസത്തേക്കാളും പ്രസിദ്ധി. ടിറ്റർ മോഡലിൽ ചൈന വികസിപ്പിച്ചെടുത്ത വിബോ (Weibo) എന്ന സോഷ്യൽ മീഡിയായിലാണ് യേശുവും ബൈബിളും ഏറ്റവും കൂടുതൽ സേർച്ച്/ട്വീറ്റ് ചെയ്യപ്പെട്ടത്. ചൈനയിലെ മാധ്യമ പ്രവണതകൾ പഠിക്കുന്ന ടീ ലീഫ് നേഷൻ എന്ന ഓൺലൈൻ മാസികയിലെ



ഗവേഷകരാണ് ചൈനയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയെ ഞെട്ടിക്കുന്ന വിവരങ്ങൾ വെളിപ്പെടുത്തിയത്.

വിബോയിലും മറ്റ് സോഷ്യൽ മീഡിയായിലും 'ബൈബിൾ' എന്ന പദം 17 ദശലക്ഷം പ്രാവശ്യം ആണ് പ്രതിപാദിക്കപ്പെട്ടത്. എന്നാൽ മാവോയുടെ "ക്വട്ടേഷൻ ഓഫ് ചെയർമാൻ മാവോ" എന്ന കൃതിക്ക് വെറും അറുപതിനായിരം റിസൾട്ട് ആണ് ഉള്ളത്.

പതിനെട്ട് ദശലക്ഷം പോസ്റ്റുകൾ യേശുവെന്ന വാക്ക് പ്രതിപാദിപ്പിക്കപ്പെട്ടപ്പോൾ ചൈനയുടെ പ്രസിഡന്റ് ചീ ജിൻ പിങ്ങ് - നാല് ദശലക്ഷം പ്രാവശ്യം മാത്രമേ വിബോയിൽ പ്രതിപാദിക്കപ്പെട്ടുള്ളൂ.

'ദൈവം' എന്ന വാക്ക് 165 ദശലക്ഷം പോസ്റ്റുകളിൽ വന്നു. ഇത് 'മാവോ' എന്ന വാക്കിനേക്കാൾ 18 ഇരട്ടിയാണ്. ക്രിസ്ത്യൻ കോൺഗ്രിഗേഷൻ എന്ന

05

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

ബിലീവേഴ്സ് ജേണൽ

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം

ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

Mob: 9447368795 (INDIA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

അറിയിപ്പ്

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

എഡിറ്റോറിയൽ

# ജനാധിപത്യവും ആവിഷ്ക്കാരസ്വാതന്ത്ര്യവും



ജെയ്സ് പാണ്ടനാട്

ഫ്രഞ്ചു വിപ്ലവത്തിന്റെ മുദ്രാവാക്യങ്ങളായിരുന്നു സ്വാതന്ത്ര്യം, സഹോദര്യം, സമത്വം എന്നിവ. ഐക്യ രാഷ്ട്ര സംഘടനകളുടെ സാർവ്വത്രിക മനുഷ്യാവകാശ പ്രഖ്യാപനത്തിലും സ്വാതന്ത്ര്യം ഒരു പ്രധാന ദർശനം തന്നെയാണ്. ഭാരതത്തിന്റെ ഭരണഘടന നല്കുന്ന അടിസ്ഥാന അവകാശങ്ങൾ (Fundamental rights) മൗലീകങ്ങളാണ്. ആർട്ടിക്കിൾ 19(1) അഭിപ്രായ സ്വാതന്ത്ര്യവും സംഘടനാ സ്വാതന്ത്ര്യവും നല്കുന്നു. ആർട്ടിക്കിൾ 25(1) സമൂഹത്തിന്റെ ക്രമം, ധാർമ്മികത എന്നിവയെ ഹനിക്കാതെ ആർക്കും ഏതു മതത്തിൽ വിശ്വാസിക്കാനും അത് അനുഷ്ഠിക്കാനും പ്രചരിപ്പിക്കാനും (Protess Practice and Propagate) അവകാശമുണ്ട്. ഒരു സ്വതന്ത്ര സമൂഹത്തിൽ ഏറ്റവും അടിസ്ഥാനപരമായ കാര്യം അഭിപ്രായ സ്വാതന്ത്ര്യം നിങ്ങളുടെ ഏറ്റവും വലിയ ശത്രുവിനുപോലും യാതൊരുവിധ നിബന്ധനങ്ങളുമില്ലാതെ ലഭ്യമാകണമെന്നുള്ളതാണ്. സമൂഹത്തിൽ സഹജമായി ലഭ്യമായിരിക്കുന്ന ഒന്നായിരിക്കണമത്, അല്ലാതെ ആരെങ്കിലും അനുവദിക്കുന്ന ഒന്നല്ല. ഒരു സമൂഹമനുഭവിക്കുന്ന സ്വാതന്ത്ര്യമെന്നത് അതിൽ ഏറ്റവും അരികിലുള്ളവർ അനുഭവിക്കുന്ന സ്വാതന്ത്ര്യമാണ്. ഒരു സംഘടന വിശ്വസിക്കുന്ന സ്വാതന്ത്ര്യം അതിന്റെ ഏറ്റവും ശക്തമായ ശത്രുവിനു നല്കുന്ന അഭിപ്രായ സ്വാതന്ത്ര്യമാണ്.

ആവിഷ്ക്കാര സ്വാതന്ത്ര്യം എന്നത് എഴുപതുകൾക്കു ശേഷം ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ്. ഒരു എഴുത്തുകാരന്റെ, പത്ര ഉടമയുടെ, പത്രാധിപരുടെ, പ്രസാധകരുടെ സ്വാതന്ത്ര്യം. വസ്തുതകൾ ആഴത്തിൽ വിശകലനം ചെയ്യാനുള്ള എഴുത്തുകാരന്റെ ദൗത്യവും അവകാശവും. ഇത് ഒരു ജനതയുടെ ആവശ്യകത കൂടിയാണ്. ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനു വേണ്ടി സുധിരം പോരാടിയ ഉജ്വല ചരിത്രം നമുക്കുണ്ട്. വ്യത്യസ്ത ബ്രാൻഡുകളിൽ പെട്ട മതമൗലീകവാദികൾ വിവിധ സന്ദർഭങ്ങളിൽ സാഹിത്യ കൃതികൾക്കെതിരെ വാളോങ്ങിയപ്പോൾ ദൃഢസ്വരത്തിൽ അരുത് എന്നാജ്ഞാപിച്ച പാരമ്പര്യം നമുക്കുണ്ട്. എന്നാൽ എഴുത്തുകാരെയും സാഹിത്യകാരന്മാരെയും അവരുടെ കൃതികളെയും ഇത്തരത്തിൽ അളക്കാൻ പോയാൽ മഹാന്മാരായ എത്രയെത്ര എഴുത്തുകാരെ നമുക്ക് ആക്രമിക്കേണ്ടി വരും. വിശ്വപ്രസിദ്ധനായ ഗ്രീക്ക് നോവലിസ്റ്റാണ് നിക്കോസ് കസൻദ്സാക്കീസ്. എൺപതുകളിൽ ക്രിസ്തുവിന്റെ അന്ത്യ പ്രലോഭനത്തിന്റെ നിമിഷങ്ങളിലൂടെ കടന്നുപോവുന്ന അദ്ദേഹത്തിന്റെ ദ ലാസ്റ്റ് ടെംപ്റ്റേഷൻ എന്ന നോവലും, പി.എം. ആന്റണിയുടെ ക്രിസ്തുവിന്റെ ആറാം തിരുമുറിവ് എന്ന നാടകവും, ഡാൻബ്രൗണിന്റെ ഡാവിഞ്ചികോഡ് എന്ന നോവലും ക്രൈസ്തവരെ ആക്രമിക്കുന്നതായിരുന്നു. എം.ടി. വാസുദേവൻ നായർ ദൈവവിഗ്രഹത്തിന്റെ മുഖത്ത് കാർക്കിച്ചു തുപ്പുന്ന വെളിച്ചപ്പാടിനെ അവതരിപ്പിക്കുന്ന നിർമ്മാല്യം എന്ന കഥ എഴുതുക മാത്രമല്ല, പിൽക്കാലത്ത് അതിന്റെ ചലച്ചിത്രരൂപം ആവിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. സൽമാൻ റുഷ്ദിയുടെ മിഡ്നൈറ്റ്സ് ചിൽഡ്രൻ സെയ്റ്റാനിക്ക് വേഴ്സസ് എന്നീ നോവലുകൾ മുസ്ലീം ലോകത്തെ വേദനിപ്പിക്കുന്നതായിരുന്നു. മിഡ്നൈറ്റ്സ് ചിൽഡ്രൻ, റുഷ്ദിക്ക് രണ്ടു ബുക്കർ സമ്മാനങ്ങൾ നേടി കൊടുത്തു. അദ്ദേഹത്തിന്റെ ഷാലിമാർ ദ ക്ലൗൺ ദ മൂർസ് ലാസ്റ്റ് റെൻ എന്നീ നോവലുകളും വിവാദപ്രമേയങ്ങളാണ്. മുഹമ്മദ് ദി ഇഡിയറ്റ് എന്ന ചെറുകഥയും, ഹിന്ദുമതത്തിലെ പ്രഹേളികകൾ എന്ന രാജു മോഹൻ തമ്പിയുടെ പുസ്തകവും മൗലീക വാദികളുടെ പ്രക്ഷോഭം നേരിട്ടിട്ടുണ്ട്. എഴുപതുകളിൽ വിഷ്ണുനാരായണൻ നമ്പൂതിരിയുടെ ആദാമും ദൈവവും എന്ന കവിതയും തായാട്ട് ശങ്കരന്റെ വിവേകാനന്ദ സാഹിതിയിൽ നിന്ന് ഒരേട് എന്ന ലേഖനവും ക്രിസ്ത്യാനികൾക്ക് എതിരായിരുന്നു. ഭഗവാൻ കാലുമാറുന്നു എന്ന K.P.A.C.യുടെ നാടകവും, ഭഗവാന് പാറാവ് വേണോ? എന്ന നായനാരുടെ പ്രസ്താവനയും ഏറെ ഒച്ചപ്പാടുണ്ടാക്കി.

1993 ൽ ലജ്ജ എന്ന നേവലിന്റെ പേരിൽ തസ്ലിമ നസ്റീനെതിരെ ബംഗ്ലാദേശിലെ തീവ്രഗ്രൂപ്പുകൾ ഉയർത്തിയ കൊലവിളി ഇപ്പോഴും അടങ്ങിയിട്ടില്ല. ഏതാണ്ട് അതേ കാലത്ത് എം.എഫ്. ഹുസൈന്റെ ചിത്രങ്ങൾക്കെതിരെ ഭൂരിപക്ഷ വർഗ്ഗീയത ഉത്തരേന്ത്യയിൽ ഉറഞ്ഞു തുള്ളിയതും നാം കണ്ടു. ദീപാമേത്തയുടെ വാട്ടർ, ഫയർ, എർത്ത് എന്നീ ചലച്ചിത്രങ്ങൾ ആക്രമിക്കപ്പെട്ടതും ഉത്തര ഭാരതത്തിലാണ്. ഇസ്ലാം മതപണ്ഡിതനായ എം.എം. അക്ബറുടെ ബൈബിളിന്റെ ദൈവീകത എന്ന ഗ്രന്ഥത്തിൽ കളവു പറയുന്ന യഹോവ മദ്യം വിളമ്പുന്ന യേശു എന്ന അദ്ധ്യായങ്ങളിൽ ക്രിസ്ത്യാനിറ്റിയെ നിശിതമായി ആക്ഷേപിക്കുന്നുണ്ട്. മതാതീതമായ മാനവീകതയ്ക്ക് വേണ്ടിയുള്ള വാദമുഖങ്ങൾ ഉയർത്തി കൊണ്ട് മൗലീക വാദികളുടെയും മതരാഷ്ട്രവാദികളുടെയും വർഗ്ഗീയതകളുടെ അപായകരമായ പ്രത്യയ ശാസ്ത്ര താല്പര്യങ്ങളെ എതിരിടുന്ന ഹമീദ് ചേന്ദമംഗലൂരും, എൻ.എം. കാരശ്ശേരിയും ആര്യാടൻ ഷൗക്കത്തും, കെ.ഇ.എന്നും എല്ലാം നിറഞ്ഞു നിൽക്കുന്ന സാംസ്ക്കാരിക രാഷ്ട്രീയത്തിന്റെ പരിസരത്തു നിന്നു കൊണ്ടാണ് ഞാൻ ഇത് എഴുതുന്നത്. വേറിട്ട ചിന്തകളുടെ പേരിൽ ഉന്മൂലനത്തിന് വിധേയനായ ചേകന്നൂർ മൗലവിയുടെ നാട്ടിൽ എല്ലാവരിലേക്കും സംക്രമിച്ചിരിക്കുന്നത് മധ്യ ശതകങ്ങളിലെ മാർപ്പാപ്പാമാരുടെയും ആധുനിക കാലഘട്ടത്തിലെ യാഥാസ്ഥിതിക മെത്രാന്മാരുടെയും ആയത്തുല്ലമാരുടെയും സർസംഘചാലകരുടെയും മനോഘടനയും വിചാര രീതിയുമാണ്. പുരപുറത്ത് കയറി ആവിഷ്ക്കാര സ്വാതന്ത്ര്യം പ്രഘോഷിക്കുന്ന മാർക്സിസ്റ്റ് പാർട്ടിയും കവിത എഴുതിയതിന്റെ പേരിൽ കെ.സി. ഉമേഷ് ബാബുവിനെ പാർട്ടിയിൽ നിന്നും മാതൃഭൂമിയിൽ പിണറായിക്കെതിരെ ലേഖനം എഴുതിയതിന്റെ പേരിൽ ഡോ. സെബാസ്റ്റ്യൻ പോളിനെ കൈരളി ചാനലിൽ നിന്നും പുറത്താക്കിയതും വിരോധഭാസം.

തങ്ങൾക്ക് രുചിക്കാത്ത കലാസൃഷ്ടിയോ സാഹിത്യകൃതിയോ ശാസ്ത്രസത്യങ്ങളോ ഒന്നും തങ്ങൾ പെറുക്കുകയില്ല എന്നത് മതാന്ധരുടെ നിലപാടാണ്. എതിർ ശബ്ദം പുറപ്പെടുവിച്ചവരെ വെട്ടിനുറുക്കിയതിന്റെ ഉദാഹരണങ്ങൾ മതചരിത്രത്തിൽ ധാരാളമുണ്ട്. പന്ത്രണ്ടാം നൂറ്റാണ്ടിൽ സഭാമേധാവികളെ വിമർശിച്ച ആർണാൾഡ് എന്ന ഇറ്റലിക്കാരനെ കഴുവിലേറ്റി, ജഡം കത്തിച്ച് വെണ്ണീറാക്കി ടൈബർ നദിയിലൊഴുക്കുക കൂടി ചെയ്തു. പന്ത്രണ്ടാം നൂറ്റാണ്ടിലെ ഇറ്റലിയിൽ പുരോഹിത വൃന്ദം പ്രകടിപ്പിച്ച ഹിംസാത്മകതയുടെ ബീഭത്സ പ്രകാശനമായിരുന്നു, പിന്നീട് പതിമൂന്നാം നൂറ്റാണ്ടിൽ നിലവിൽ വന്ന ഇൻക്വിസിഷൻ ഔദ്യോഗിക ക്രിസ്തുമതത്തിന്റെ ചട്ടകൂടുകളിൽ നിന്നും വ്യതിചലിക്കുന്നവരെയും സ്വതന്ത്രമായി ചിന്തിക്കുന്നവരെയും തിരഞ്ഞുപിടിച്ച് അഗ്നിയിലെറിഞ്ഞു കൊല്ലാനുള്ള സംവിധാനമായിരുന്നു അത്. രസതന്ത്രത്തെ പിശാചിന്റെ കല എന്നു വിശേഷിപ്പിച്ച മാർപ്പാപ്പയുടെ കാലത്ത് നിലവിൽ വന്ന ഇൻക്വിസിഷന്റെ പിൽക്കാല ഇരകളിൽ പ്രധാനികളാണ് വിക്ലിഫും ബ്രൂണോയും, ഗലീലിയോയും മറ്റും.

ഇത്രയും എഴുതിയത് ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ അതിർത്തികൾ ഭേദിക്കണമെന്നല്ല. വിമർശന സാഹിത്യം നമ്മുടെ നാട്ടിൽ എല്ലാ ഇടങ്ങളിൽ സജീവമാണ് എന്നത് വ്യക്തമാക്കാനാണ്. പട്ടം ശ്രീനി, എ.റ്റി. കോവൂർ, ഇടമറുക എന്നിവരെപോലുള്ള യുക്തിവാദികളും സക്കറിയെ പോലുള്ള എഴുത്തുകാരും ആയിരങ്ങൾ ആരാധിക്കുന്ന രക്ഷകർതൃത്ത്വങ്ങളെ ദയാദാക്ഷിണ്യമില്ലാതെയാണ് കശാപ്പു ചെയ്യുന്നത്. വേദിയിൽ ചിരിക്കാത്ത സോണിയാഗാന്ധി ടൂറിനിലെ ശവക്കച്ചയാണെന്ന ശശി തരൂരിന്റെ വിവാദപുസ്തകം ഇപ്പോഴും വിപണിയിലുണ്ട്. ജസ്വന്ത് സിംഗിന്റെയും അരുൺ ഷൂരിയുടെയും പുസ്തകങ്ങൾ വിവാദം സൃഷ്ടിച്ചിരിക്കുന്നു. എന്നാൽ പെന്തെക്കോസ്തുകാരൻ പാലിക്കേണ്ട എഴുത്തിന്റെ ധാർമ്മികത മറ്റൊന്നാണ്. മത ബഹുലതയും സാംസ്ക്കാരിക വൈവിദ്ധ്യവും നിലനിൽക്കുന്ന സാഹചര്യത്തിൽ സംവാദ സമീപനത്തിൽ സ്വീകരിക്കേണ്ട ചില മാനദണ്ഡങ്ങളുണ്ട്. ലാഘവബുദ്ധിയോടെ ആർക്കും സമീപിക്കാവുന്ന മേഖലയായി ഇന്ന് ക്രിസ്തീയ സാഹിത്യം മാറിയിട്ടുണ്ട്. വസ്തുതകളുടെ വികാരപരമായ ആവിഷ്ക്കരണമാണ് നാം ഇന്ന് കാണുന്നത്. ഭാഷാവൈകല്യം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ വളരെയാണ്. അരം വരുത്തി മിനുക്കിയ ഭാഷ പ്രയോഗിക്കണം. പാതിരി മലയാളത്തിനപ്പുറത്തേക്ക് ഒരു സെക്കുലർ വായനാനുഭവം രൂപപ്പെടുത്താൻ നമുക്ക് കഴിയാതെ പോകുന്നു. വഴി തെറ്റിയ ചില ഞരമ്പുരോഗികൾ പടച്ചു വിടുന്ന ചില ട്രാക്റ്റുകളും പുസ്തകങ്ങളും സൃഷ്ടിക്കുന്ന പ്രകോപനത്തിൽ ക്രൈസ്തവ സർഗ്ഗ സാഹിത്യം പോലും പ്രതിക്കൂട്ടിൽ നില്ക്കയാണ്. ചില വർഷങ്ങൾക്കു മുമ്പ് ശബരിമല സീസണിൽ ചെങ്ങന്നൂർ റെയിൽവേ ഫ്ളാറ്റ് ഫോമിൽ സ്വാമിമാർക്ക് ട്രാക്റ്റ് വിതരണം ചെയ്ത ബൈബിൾ കോളേജ് വിദ്യാർത്ഥികളെ റെയിവേ പോലീസ് അറസ്റ്റ് ചെയ്തത് ഓർക്കുന്നു. രാജസ്ഥാനിൽ ഹക്കീക്കാത്ത് എന്ന ലഘുലേഖ സൃഷ്ടിച്ച കലാപം ഡോ. എം.എ. തോമസിന്റെ അറസ്റ്റു വരെയെത്തി.

എന്നാൽ നമ്മുടെ ഭാഷാപ്രയോഗത്തിന്റെ അതിർത്തി നിർണ്ണയിക്കാനുള്ള മാനദണ്ഡം ബൈബിളും എത്തിക്സിനെക്കുറിച്ചുള്ള സാമൂഹ്യ സങ്കല്പങ്ങളുമാണ്. സമൂഹവും ബൈബിളും നമ്മുക്കിട്ടിരിക്കുന്ന അതിർവരമ്പോളം വരാനേ നമുക്കാവു. അങ്ങനെ ലഭിക്കുന്ന സ്വാതന്ത്ര്യം എങ്ങനെയുപയോഗിക്കുന്നുവെന്ന എഴുത്തുകാരന്റെ ആലേഖന പാടവമാണ് പ്രസക്തം.

## 01 ➥ കുക്ക് സായ്പിന്റെ ...

സികൾക്ക് ഭരണതലത്തിൽ യാതൊരു പങ്കാളിത്തവും ഇല്ല.

പാസ്റ്റർ വി. സി. ഇട്ടി ഓവർസിയർ ആയത് ബാലറ്റിലൂടെയാണ്. അതിനുമുമ്പുവരെയും ഇവിടെ ഓവർസിയറെ നിയമിച്ചിരുന്നത് വേൾഡ് മിഷനാണ്. ഇവിടുത്തെ വിശ്വാസികളുടെയോ ശുശ്രൂഷകരുടെയോ താൽപര്യം നോക്കാതെ ഓവർസിയർമാരെ വേൾഡ് മിഷൻ അടിച്ചേൽപ്പിക്കുന്ന പതിവായിരുന്നു ഉണ്ടായിരുന്നത്. കേരളാ സ്റ്റേറ്റിൽ ശുശ്രൂഷകർ ഓവർസിയറെ തെരഞ്ഞെടുക്കുന്ന പതിവാണ് കഴിഞ്ഞ രണ്ട് മൂന്ന് ടേമിലായി നടന്നുവരുന്നത്. എന്നാൽ മറ്റു സ്റ്റേറ്റുകളിലാകട്ടെ ഇത്തരമൊരു സംവിധാനം ഇല്ല. സ്വന്തമായി ഇലക്ഷൻ മാനുവൽ ഇല്ലാത്ത പ്രസ്ഥാനമാണിത്. എന്നാൽ വീണ്ടും വേൾഡ് മിഷൻ നേരിട്ട് നിയമനം നടത്തുവാൻ കരുക്കൾ നീക്കുന്നുവെന്നാണ് അറിയുന്നത്. കുക്ക് സായ്പിനെ അട്ടിമറിച്ച് ഫ്രഞ്ച് സായ്പിനെ പ്രതിഷ്ഠിച്ചതു മുതൽ വേൾഡ് മിഷന്റെ സമീപനം വ്യക്തമാണ്.

ഇന്ത്യയിൽ ഏകീകൃതനിയമമില്ലാത്ത ഒരു പ്രസ്ഥാനമാണ് ചർച്ച് ഓഫ് ഗോഡ്. ഓരോ സ്റ്റേറ്റിലും ഓരോ നിയമമാണ്. കേരളത്തിൽ ഔദ്യോഗിക സ്ഥാനം 65 വയസ്സ് വരെ മാത്രമാണ്. രണ്ടും ടേം (4 വർഷം) മാത്രം ഒരു ഓവർസിയർക്കെന്നാണ് കേരളത്തിലെ വയ്പ്. എന്നാൽ മറ്റു സ്റ്റേറ്റുകളിലാകട്ടെ മൂന്നുപതിറ്റാണ്ടുപിന്നിട്ട ഓവർസിയറും എഴുപതു പിന്നിട്ട ഓവർസിയറുമെല്ലാം ഭരിക്കുന്നു. മികച്ച ശമ്പളവും സൗകര്യങ്ങളുമെല്ലാം ഉള്ള ഓവർസിയർമാർ ഭരിച്ചിട്ടും ഇന്ത്യയിൽ (കേരളത്തിൽ ഒഴികെ) സഭയുടെ വളർച്ച പടവലങ്ങ പോലെ താഴോട്ടാണ്. സെൻട്രൽ വെസ്റ്റ് ഓവർസിയറുടെ കീഴിൽ 11 സ്റ്റേറ്റുകളാണുള്ളത്. സഭകളുടെ എണ്ണമാകട്ടെ 180. ഒരു അന്വേഷണ പരമ്പര അടുത്തലക്കം മുതൽ വായിക്കുക.....

## വേദ പഠനം



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)

പൗലോസ് ഈ ലേഖനം എഴുതുന്നതിന്റെ ഉദ്ദേശ്യമെന്താണെന്നും ദൈവമക്കൾ വന്നെത്തിയിരിക്കുന്ന കാലഘട്ടത്തിന്റെ പ്രത്യേകത എന്തൊണെന്നും ലേഖനത്തിന്റെ ആരംഭത്തിൽ തന്നെ ലേഖകൻ വിശദീകരിക്കുന്നുണ്ട്. തലപൊക്കി വരുന്ന ദുരുപദേശങ്ങൾക്കെതിരായി ജനത്തെ ബോധവൽക്കരിക്കുവാൻ ശ്രമിക്കുകയാണ് പൗലോസ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. എഫെസൊസ് ഏഷ്യാമൈനറിലെ ഒരു പ്രധാനപട്ടണമായിരുന്നു. ചക്രവർത്തിയാരാധനയ്ക്കു കീർത്തികേട്ട സ്ഥലം, അർത്തേമിസ് ദേവിയുടെ ക്ഷേത്രം സ്ഥിതി ചെയ്യുന്ന സ്ഥലം, നിഗൂഢമതങ്ങളുടെ കേന്ദ്രം, സംസ്കാരിക കേന്ദ്രം, മന്ത്രവാദം, ആഭിചാരം എന്നിങ്ങനെ പലതിന്റെയും വിത്തുനിലം, ഇവിടുത്തെ ആളുകൾ കെട്ടുകഥകളിലും അന്തമില്ലാത്ത വംശാവലികളിലും വിശ്വസിക്കുന്ന വരുടെ സ്ഥലമായതുകൊണ്ട് തിമൊഥെയൊസിനോടു പറയുന്നത് ഇവിടെത്തെ ആളുകൾ കുടുംബങ്ങളുടെയും പട്ടണങ്ങളുടെയും പാരമ്പര്യവും ചരിത്രവും അന്വേഷിക്കുന്നു. അവയെ ഏതെങ്കിലും ദേവന്റെയോ ദേവിയുടെയോ പേരിനോടു ബന്ധപ്പെടുത്തി പറയുന്നത് പുരാതനകാലത്തെ രീതിയായിരുന്നു. ദേവൻ മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ടു ഇഷ്ടനാരിയെ വിവാഹം ചെയ്തു ആരംഭിച്ചതാണ് കുടുംബം എന്നൊക്കെ പറഞ്ഞും പഠിപ്പിച്ചും സ്ഥാപിക്കുവാൻ താല്പര്യം കാണിച്ചവരാണ്. അതുപോലെ വംശാവലി പറയുന്നതിലും സ്ഥാപിക്കുന്നതിലും പ്രത്യേക താല്പര്യമുണ്ടായിരുന്നു. അതിനാലായിരിക്കും പൗലോസ് എഫെസ്യ സഭയ്ക്കു ലേഖനം എഴുതിയപ്പോൾ ഇപ്രകാരം പറഞ്ഞു, അതു നിമിത്തം ഞാൻ സ്വർഗ്ഗത്തിലും ഭൂമിയിലുള്ള സകല കുടുംബത്തിനും പേർ വരുവാൻ കാരണമായ പിതാവിന്റെ സന്നിധിൽ മുട്ടുകുത്തുന്നു. എഫെ: 3 :14.

അന്യഥാ ഉപദേശത്തിന്റെ പ്രത്യേകതകളായിരുന്നു കെട്ടുകഥകളും വംശാവലികളും, മതപരമായ കാര്യങ്ങളെക്കുറിച്ച് കെട്ടിച്ചമച്ച സാങ്കൽപിക കഥകളായിരിക്കാം ഇതുകൊണ്ട് അർത്ഥമാക്കുന്നത്. ഇവിടെ പൗലോസ് പ്രത്യേകം വ്യക്തമാക്കുന്നത് ഊഹാപോഹങ്ങളിൽ അധിഷ്ഠിതമായ തർക്കങ്ങൾ വാഗ്വാദത്തിൽ സമാപിക്കും. സത്യാന്വേഷണ പരിശ്രമമായിട്ടായിരിക്കാം തർക്കങ്ങളെക്കുറിച്ചു പറയുന്നത്, എന്നാൽ അവ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുപകരം പ്രശ്നങ്ങൾ വർദ്ധിപ്പിക്കുകയേയുള്ളു. അതുകൊണ്ട് തർക്കങ്ങൾ ഉപേക്ഷിച്ച് വിശ്വാസം വർദ്ധിക്കുന്നതിൽ ശ്രദ്ധിക്കുവാൻ പൗലോസ് തിമൊഥെയൊസിനെ പ്രബോധിക്കുകയാണ് ചെയ്യുന്നത്. പ്രഥമശതകത്തിൽ ഏകദേശം 21 - ലധികം മതങ്ങൾ സമൂഹത്തിൽ സ്വാധീനം ചെലുത്തിയിരുന്നു, അവയിൽ ചിലരാണ് ജ്ഞാനമതം, എപ്പിക്കൂര്യർ, സ്തോയിക്കർ. ഇവരുടെയൊക്കെ സ്ഥാപകരും അനുഗമിക്കുന്നവരും ജ്ഞാനം എന്നു അവകാശപ്പെടുന്നുയെങ്കിലും പലപ്പോഴും ഭക്തിവിരുദ്ധമായ വ്യഥാലാപങ്ങളെയും തർക്കസൂത്രങ്ങളെയും,തർക്കങ്ങൾ മാത്രം സൃഷ്ടിക്കുന്ന കെട്ടുകഥകളെയും അന്തമില്ലാത്ത വംശാവലികളെയും ശ്രദ്ധിക്കാതിരിക്കുവാൻ പൗലോസ് മുന്നറിയിപ്പ് കൊടുക്കുകയാണ് 1 തിമോ: 1 :4.

മൂന്നാം വാക്യത്തിൽ അന്തർലീനമായിരിക്കുന്ന വിഷയം ദുരുപദേശം എന്നുള്ളതാണ്. ദുരുപദേശം എന്നാൽ എന്ത്? യാഥാസ്ഥിതി ഉപദേശങ്ങൾ വിപരീതമായിട്ടുള്ളതാണ് ദുരുപദേശം. അല്പം തെളിച്ചു പറഞ്ഞാൽ ഒരു സഭയോ സംഘടനയോ അടിസ്ഥാനപരമായി വിശ്വസിക്കുകയും പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന ഉപദേശത്തിനു വിപരീതമായിട്ടുള്ളതിനെ ദുരുപദേശം എന്നു പറയാം. ഇപ്രകാരം ഒരു ചൊല്ലുണ്ട്, പഞ്ചസാര ചിലർക്കു ആഹാരമാകുമ്പോൾ മറ്റു ചിലർക്കു വിഷമായിരിക്കും. ഇതുപോലെ ഒരാളുടെ ഉപദേശം മറ്റൊരാൾക്ക് ദുരുപദേശമാകാം. അതുകൊണ്ട് എല്ലാം ദുരുപദേശം ആകണമെന്നില്ല. ഒരു ഭക്തൻ പറഞ്ഞിരിക്കുന്നത്, കുത്തഴിഞ്ഞ ധാർമ്മികതെക്കാൾ വിനാശകരമാണ് ദുരുപദേശം.

ദുരുപദേശം സഭയിലും സംഘടനയിലും ഭിന്നതകൊണ്ടു വരുന്നു. വിശുദ്ധതിരുവചനത്തിൽ ദുരുപദേഷ്ടാക്കളെക്കുറിച്ച് വളരെ ധികം പറയുന്നുണ്ട്. ദുരുപദേഷ്ടാക്കന്മാർ ചക്കരവാക്കും മുഖസ്തുതിയും പറഞ്ഞ് സാധുക്കളുടെ ഹൃദയങ്ങളെ വഞ്ചിച്ചു കളയുന്നു. ഗലാ: 4:17, തീത്തോ: 3:9, കർത്താവും പൗലോസും ഇത്തരക്കാരെ കുറിച്ച് മുന്നറിയിപ്പ് നൽക്കുന്നുണ്ട്. മത്താ: 16:12, മർക്കോ: 8:15, അ:പ്രവ: 20: 28 –30, എഫെ: 4 :14, 1 തിമൊ: 4:1 ഇത്തരക്കാരിൽ നിന്നും ദൈവമക്കൾ അകന്നു നിൽക്കണം. റോമ: 16:17, അവരെ ഒഴിവാക്കണം, തീത്തോ:3:10 വിശ്വാസികളെ പ്രബോധിപ്പിക്കണം, ഫിലി 4:1–2, ദൈവമക്കൾ തിരുവചനങ്ങളെ നിർമ്മലമായി കാത്തുസൂക്ഷിക്കുന്നതിനും ആധികാരികമായി കൈകാര്യം ചെയ്യുന്നതിനും ഒരുക്കമുള്ളവരായിരിക്കണം. ദുരുപദേശക്കാർ സ്ത്രീകളെ വശീകരിച്ചു വീടുകളിൽ കയറിയിറങ്ങുകയും ചെറിയകാര്യങ്ങൾപോലും ഊതിവീർപ്പിക്കുകയും ശുദ്ധീകരണത്തെക്കാൾ ഊഹപോഹങ്ങൾക്കും ഭാവനകൾക്കും ഊന്നൽ കൊടുക്കയും താലോലിക്കുകയും ചെയ്യുന്നവരാണ് ഇത്തരക്കാർ. ഇവരുടെ സ്വാധീനത്തിൽ ദൈവമക്കൾ വീണു പോയാൽ ശരിയായ ലക്ഷ്യവും ദർശനവും കാഴ്ചപ്പാടും നഷ്ടമാകുവാൻ മുഖാന്തരമാകും.

- തുടർച്ച-

തുടരും....

## നോവൽ 5



സുനിൽ വർഗീസ്,
ബാംഗ്ലൂർ

# കാൽവറിയുടെ ഉയരങ്ങൾ

ചോമന്റെ വീട്ടിൽ നടന്ന മീറ്റിംഗിന് ശേഷം നിലാവിലൂടെ രാവിന്റെ താളലയത്തിൽ നിമഗ്നനായി ആൽബർട്ട് മടങ്ങി. താമസസ്ഥലം വരെ മുനയണ്ണൻ കൊണ്ടു ചെന്നാക്കി. വേണ്ട എന്ന് കുറേ നിർബ്ബന്ധിച്ചതാണ്. എന്നാൽ എതിർപ്പുകളെ അവഗണിച്ച് കൈയ്യിലൊരു തീപ്പന്തയും രാവിനെതിരെയുള്ള ജാഗ്രതയുമായി മുനയണ്ണൻ മുൻപേ നടന്നു.

വീടെത്തിയപ്പോൾ വല്ലാത്തൊരിഷ്ടത്തോടെ ആൽബർട്ട് മുനയണ്ണനെ തന്നോടു ചേർത്തമർത്തി. കൊടാറായ പന്തയുമായി മുനയണ്ണൻ നടന്നുപോകുന്നതും നോക്കി അയാൾ ഏറെ നേരം നിന്നു. പിന്നീട് അശ്രദ്ധമായ മനസ്സോടെ വാതിൽ നീക്കി അകത്തു കയറി. വിളക്കു കത്തിച്ചു. എണ്ണ തീർന്നു പോയിരിക്കുന്നു. കഴിഞ്ഞ പ്രാവശ്യം നഗരത്തിൽ പോയപ്പോൾ കൊണ്ടു വന്ന മണ്ണെണ്ണയാണ്. രണ്ടു മാസത്തോളം അത് താൻ ഉപയോഗിച്ചിരിക്കുന്നു. അതിശയത്തോടെ അയാൾ കാലിയായ മണ്ണെണ്ണക്കുപ്പി തിരിച്ചു വെച്ചു. കരിന്തിരി കത്തി ആകെ ആയാസപ്പെടുന്ന വിളക്ക് അയാൾ കെടുത്തി.

പുസ്തകങ്ങൾ വെച്ചിരിക്കുന്ന ഷെൽഫിൽ മെഴുകുതിരി തപ്പി അയാളിൽ ദേഷ്യം നുരഞ്ഞു. അല്ലെങ്കിൽ തന്നെ ആവശ്യത്തോടെ നോക്കുമ്പോൾ ഒരു വസ്തുവും കാണുകയില്ല. മുറി, തുറന്നു കിടന്ന വാതിലൂടെ വന്ന നിലാവിനാൽ പൂരിതമായിരുന്നു. വാതിൽ തുറന്നു വെച്ചു തന്നെ അയാൾ പായ വിരിച്ചു. വൈകിട്ട് കഴിക്കുന്നില്ല എന്ന് തീരുമാനിച്ചു. വെറുതേ ഒരു ഫാസ്റ്റിംഗ്.

പ്രാർത്ഥിക്കാനായി പായിൽ ഇരുന്ന ആൽബർട്ട് അപ്പോൾ തന്നെ കിടക്കുകയാണുണ്ടായത്. എന്നാൽ ഉറക്കം കണ്ണുകളിലേക്ക് എത്തി നോക്കുന്നതു പോലുമില്ലെന്ന് ആൽബർട്ട് അറിഞ്ഞു. നീ പ്രശ്നങ്ങളിൽ മുങ്ങി കൊണ്ടിരിക്കുകയല്ലേ ആൽബർട്ട്, നിനക്ക് എന്തുകൊണ്ട് എഴുന്നേറ്റിരുന്ന് പ്രാർത്ഥിച്ചു കൂടാ...?

മനസ്സ് കൂടുതൽ കലുഷമാകുന്നുവെന്ന് അയാൾ അറിഞ്ഞു.

ആൽബർട്ട് വീണ്ടും എഴുന്നേറ്റിരുന്നു.

ഡേവിഡ്, കാതറിൻ, വിനോദ്, പപ്പാ, മമ്മി കുറേ മുഖങ്ങളുടെ കടന്നു കയറ്റം സംഭവിക്കുന്നു. ഓർമ്മകൾ ആൽബർട്ടിലേക്ക് വീണു തുടങ്ങിയിരുന്നപ്പോൾ.

എങ്ങയെയെങ്കിലും വിളക്ക് കത്തിക്കണമെന്നും ഡയറിയിൽ നിന്ന് പപ്പായുടെയേയും മമ്മായുടേയും ഫോട്ടോ എടുക്കണമെന്നും മനസ്സ് നിർബ്ബന്ധം പിടിക്കുന്നു.

ശീമോനേ...മമ്മായുടെ വിളി. എന്തൊക്കെയോ പൂക്കൾ വീണു കിടക്കുന്ന ഒരു വഴിത്താരയിൽ മമ്മ കൈകൾ നീട്ടി നിൽക്കുന്നു. ആൽബർട്ട് ഓടിച്ചെന്നു. മമ്മ തന്നെ ചേർത്തണയ്ക്കുന്നു. മൂർദ്ധാവിൽ ചുംബിക്കുന്നു. വാസ്തവത്തിൽ മമ്മയുടെ ആർദ്രമായ കരുതലിനെ പോലും തട്ടിക്കളയുവാനുള്ള എന്ത് വശ്യതയാണ് യേശുനാഥനിൽ താൻ കണ്ടത്?

അയാളിൽ ഒരു ചിരി പൊട്ടി.

അലോരസപ്പെടുത്തുന്ന ഓർമ്മകളെ കുടഞ്ഞു കളഞ്ഞ് പ്രാർത്ഥനയുടെ താലോലത്തിലേക്ക് അയാൾ കടന്നു ചെന്നു. ഇടയ്ക്കെപ്പോഴോ അയാളുടെ കണ്ണുകൾ നിറഞ്ഞു തുടങ്ങിയിരുന്നു. നീലമുടിയിലെ ഒരോ കുടിലും ഓരോ വ്യക്തികളും അയാളിൽ തെളിഞ്ഞു വരുന്നുണ്ടായിരുന്നു. പിന്നീടെപ്പോഴോ വല്ലാത്തൊരാശ്വാസം ആൽബർട്ടിൽ വന്നെത്തി. ഒടുവിൽ കണ്ണുകൾക്ക് ഭാരം വർദ്ധിച്ചു. ഉറക്കം കണ്ണിലേക്കൂറി വരുമ്പോഴും ആ മിഴികൾ നിറഞ്ഞു തന്നെയായിരുന്നു.

ഏനൊരു രാത്തിരി പാട്ടും പാടി

ഏനുടെ കുടീല് ചെന്നപ്പോ,

എനൊരു രാത്തിരി കള്ളും മോന്തി

ഏനുടെ കുടീല് ചെന്നപ്പോ...,

ചരിവിൽ നിന്ന് കാറ്റിനൊപ്പം കടന്നുവന്ന കുഴഞ്ഞ പാട്ടാണ് ആൽബർട്ടിനെ ഉണർത്തിയത്.

മലയൻ വന്നിരിക്കുന്നു!

ചിലപ്പോൾ വേദപുസ്തകം ധ്യാനിക്കുകയാവും. അല്ലെങ്കിൽ പ്രാർത്ഥിക്കുകയോ ഉറങ്ങുകയോ ആവും. രാത്രിയുടെ നീരവതയിൽ മലയന്റെ പാട്ടു ശീലുകൾ ചരിവു കയറി വരുമ്പോൾ ആൽബർട്ടിലെ ധ്യാന ശിഖരങ്ങൾ അടർന്നു വീഴും. നിസംഗതയുടെ ആഴത്തിലേക്ക് ഓർമ്മകൾക്കൊപ്പം അയാൾ കൂപ്പു കുത്തും. വളരെ പെട്ടന്നാണ് ആ നാടൻ പാട്ടിന്റെ മായീകത അയാളെ പിടിച്ചുലയ്ക്കുന്നത്.

നീലമുടിയിൽ ആൽബർട്ടിനെ എന്നും വിസ്മയിപ്പിച്ചിട്ടുള്ള ആളായിരുന്നു മലയൻ. നിർവ്വികാരത പൊടിയിൽ നിന്നും പെരുമാറ്റമായിരുന്നു അയാളുടേത്. മനുഷന്മാർ ജീവിക്കുന്നത് കാടിന്റെ പ്രീതീലാണത്രെ! കഞ്ചാവു തോട്ടങ്ങളിലും ചിലപ്പോൾ നഗരത്തിലുള്ള പഞ്ചസാര ഫാക്ടറിയിലും ജോലി ചെയ്യുവാനായി അയാൾ മലയിറങ്ങി പോകും. പിന്നീട് മാസങ്ങളോളം നീലമുടി നിശ്ശേഷയായി കിടക്കും; മലയൻ മടങ്ങി വരും വരെ, കാടൻ ചാരായത്താൽ കുഴഞ്ഞ അവന്റെ പാട്ടുകൾ നീണ്ടു വലിയും വരെ.

ആൽബർട്ട് എന്നും അവനെ ഓർത്തു പ്രാർത്ഥിക്കാറുണ്ടായിരുന്നു. മുനയണ്ണനാണെന്നു തോന്നുന്നു; കിട്ടുന്ന കാശു മുഴുവൻ കാടൻ കള്ളിനായി മുടിക്കുന്ന ഗതിയില്ലാത്ത മലയൻ ഒരിക്കലും ശരിയാകില്ലന്ന് പല തവണ തന്നോട് പറഞ്ഞിട്ടുണ്ട്. എന്നാൽ മലയനും യേശു നാഥന്റെ രക്തത്താൽ കഴുകപ്പെടേണ്ടവനാണല്ലോ.

തുടർന്ന് ഉറങ്ങാനാവാതെ അങ്ങനെ കിടന്ന് മടുത്തപ്പോൾ ആൽബർട്ട് എഴുന്നേറ്റു. മലയന്റെ പാട്ട് നേർത്തു പോകുന്നു. ഇനി ഒരു മാസമെങ്കിലും കാണുമവൻ. എത്ര ഉപദേശിച്ചാലും, ഒരു സ്കൂൾ കുട്ടിയുടെ നിർവ്വികാരതയോടെ പറയുന്നതെല്ലാം തലകുലുക്കി കേൾക്കുകയും പിന്നീട് കേട്ടതും സമ്മതിച്ചതുമെല്ലാം നിരുപാധീകം അവഗണിക്കുന്ന മലയൻ എന്നാണ് യേശുവിന് വേണ്ടി പാടുക?

ആൽബർട്ട് പുറത്തേക്കിറങ്ങി.

മുകളിലായി, കാടുകളിലെ ഹൂങ്കാരങ്ങൾ. ചീവീടുകളിലെ നോൺസ്റ്റോപ്പ് ബഹളത്തിന് വല്ലാത്തൊരു ദൈവീകതയുണ്ടെന്ന് ആൽബർട്ട് ഓർത്തു. ചോമനാണ് ആ പാഠം പഠിപ്പിച്ചത്. പ്രാരംഭ സമയങ്ങളിൽ, രാത്രി വന്നുകഴിഞ്ഞാൽ കേൾക്കുന്ന ശബ്ദങ്ങൾ ആൽബർട്ടിന് പലപ്പോഴും അസഹ്യമായിരുന്നു. ദൈവംകുട്ടീ, നമ്മള് പാടി സുതിക്കണപോലെ വരും ദൈവത്തെ ആർത്തു സുതിക്കു വല്ലേ..?

ചീവീടുകൾ ദൈവത്തെ മഹത്വപ്പെടുത്തുന്നുവെന്നോ?

അതെ, അവരും ദൈവീക തേജസ്സിൽ നിറഞ്ഞ് സ്രഷ്ടാവിനെ വാഴ്ത്തുകയാണ്. ഇങ്ങനെ കരുണയുടേയും കരുതലിന്റേയും എന്തെല്ലാം പാഠങ്ങളാണ് നീലമുടി തന്നെ പഠിപ്പിച്ചതെന്ന് ആൽബർട്ട് ഓർത്തു. നീലമുടിയിലെ മനുഷ്യരിൽ നിന്ന് താൻ ആർജ്ജിച്ച കാര്യങ്ങൾ നിരവധിയാണല്ലോ. ദൈവത്തെ വെളിപ്പെടുത്തേണ്ടത് നഗരത്തിൽ കെട്ടി ഒരുക്കിയ കൺവൻഷൻ പന്തലുകളിൽ മാത്രമല്ല. എതിരെ വരുന്ന ഒരു യാചകനോടു പോലും സുവിശേഷം അറിയിക്കുവാൻ ഒരു സുവിശേഷകൻ ബാദ്ധ്യസ്ഥനാണെന്ന് ആൽബർട്ടിന് തോന്നി. അശരണരേയും ആലംബഹീനരേയും തേടിച്ചെന്ന യേശുവിന്റെ ആർദ്രതയായിരുന്നു അയാളുടെ മനസ്സിൽ അപ്പോൾ നിറഞ്ഞത്.

ഏറെനേരം, കുടിലിന് മുൻപിലായി ചോമൻ ഉണ്ടാക്കി തന്ന, മരക്കസേരയിൽ ഇരുന്നു കാണണം. നിലാവ് മറഞ്ഞു കഴിഞ്ഞ ആകാശത്തേക്ക് കണ്ണോടിച്ച് തിരികെ നടക്കുവാൻ തുടങ്ങിയപ്പോഴാണ് ആൽബർട്ട് അത് ശ്രദ്ധിച്ചത്. താഴെയായി നല്ല വെളിച്ചം. ചരിവു കയറി വന്ന കാറ്റ് പുകയുടെ ഗന്ധം കൊണ്ടു വരുന്നു. എവിടെയാണ് തീ പിടിച്ചത്? ആൽബർട്ട് കുടിലിന് മുൻപിലായുള്ള പരന്ന പാറപ്പുറത്ത് കയറി താഴേക്ക് നോക്കി. അപ്പോഴാണ് മാതേവന്റെ ഒച്ച കേട്ടത്. ആൽബർട്ട് പിടഞ്ഞുണർന്നു. ഇരുട്ടിനെ വകവെയ്ക്കാതെ ചരിവിലൂടെ അയാൾ താഴേക്ക് ഓടി.

ഹൃദയത്തിൽ ഒരു കാളൽ...

ഞായറാഴ്ച ആരാധിച്ചു കൊണ്ടിരുന്ന ഷെഡ് കത്തിയമരുന്നു...!

(തുടരും)

## യുവജനസംഗമം

ഇന്ത്യൻ പെന്തക്കോസ്തൽ അസംബ്ലി സഭയുടെ യുവജന വിഭാഗമായ ക്രിസ്ത്യൻ യൂത്ത് ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ യുവജനങ്ങൾക്കായി പ്രത്യേക ക്ലാസ്സ് ('യുവജനസംഗമം') ഏപ്രിൽ മാസം 18-ാം തീയതി വെള്ളി രാവിലെ 10.30 മുതൽ വൈകിട്ട് 8.30 വരെ കുഴിക്കാല ഐ. പി. എ. സഭാഹാളിൽ നടന്നു. പാസ്റ്റർ എം. ഡി. ദാനിയേൽ ഉദ്ഘാടനം ചെയ്യുന്ന ഈ മീറ്റിംഗിൽ പാസ്റ്റർ ബോബിമോൻ പുതുപ്പള്ളി ക്ലാസ്സുകൾ നയിച്ചു.

ചോദ്യോത്തര വേദി

# പാസ്റ്റർക്ക് രണ്ടു മക്കളെങ്കിലും ഉണ്ടായിരിക്കണമോ?



**ജോർജ്ജ് ഫിലിപ്പ് തെക്കേക്കര**

ചോദ്യം: **'റിയൽ ലൈഫ് വോയ്സ്'** എന്ന പ്രസിദ്ധീകരണത്തിൽ ശ്രീ. എം. വി. സെബാസ്റ്റ്യൻ കൊട്ടേക്കാട് 1 തിമൊഥെയൊസ് 3:1-7, തീത്തോസ് 1:6-9 എന്നീ വചനങ്ങൾ വ്യാഖ്യാനിച്ച് ഇപ്രകാരം എഴുതി: **'മക്കളില്ലാത്ത ഒരാൾ ദൈവസഭയിൽ ഇടയനാകരുത്; രണ്ടു മക്കളെങ്കിലും ഇടയന് ഉണ്ടായിരിക്കണം; മുതിർന്നവരും വിശ്വാസികളുമായ മക്കൾ ഇടയനുണ്ടായിരിക്കണം'.** അങ്ങനെയെങ്കിൽ തിമൊഥെയോസ് വിവാഹം കഴിക്കാത്ത ചെറുപ്പക്കാരനായ യുവാവായിട്ടാണ് വചനത്തിൽ നിന്നും മനസ്സിലാകുന്നത്. വചനം എഴുതിയ പൗലോസിനും ഭാര്യയും മക്കളും ഉള്ളതായി വചനത്തിൽ നിന്ന് മനസ്സിലാകുന്നില്ല. അങ്ങനെയെങ്കിൽ ഇവരെങ്ങനെ ആദിമ ദൈവസഭയെ പരിപാലിച്ചു? ഇന്നത്തെ ക്രിസ്തീയസഭകൾ ആദിമ അപ്പൊസ്തലിക വചനപ്രകാരമാണോ കെട്ടിപ്പെടുത്തിയിരിക്കുന്നത്? ഇന്നത്തെ നേതൃത്വത്തിന്റെ ജീർണ്ണതയ്ക്ക് കാരണമെന്താണ്?

– യോഹന്നാൻ വി. എം., പിറവം

ഉത്തരം: കുടുംബസ്ഥനല്ലാതിരുന്നതിനാൽ അഥവാ വചനപ്രകാരം യോഗ്യതയില്ലാതിരുന്നതിനാൽ, അപ്പൊസ്തലനായ പൗലോസോ സുവിശേഷകനായ തിമൊഥെയൊസോ ഒരു സഭയിലും ഇടയനായി ശുശ്രൂഷ ചെയ്തിട്ടില്ല. എന്നാൽ ഇവരുടെ പ്രവർത്തനം മൂലം ഉടലെടുത്ത ദൈവസഭകളിൽ വചനപ്രകാരം യോഗ്യരായ ഇടയന്മാരെ ഇവർ നിയമിച്ചിരുന്നു. എന്നാൽ കുടുംബസ്ഥരായിരുന്ന മറ്റു അപ്പൊസ്തലന്മാർ ഇടയശുശ്രൂഷയും ചെയ്തിരുന്നു (1പത്രോസ് 5:1; 2 യോഹ. 1:1 വായിക്കുക). **ഓരോ പ്രാദേശികസഭയിലും ഒന്നിലധികം ഇടയന്മാരെ നിയമിച്ചുകൊണ്ടായിരുന്നു പുതിയനിയമസഭ കെട്ടിപ്പെടുത്തിയിരുന്നത്** (അപ്പൊ. പ്ര.11:30; 14:23; 20:17; 20:28; യാക്കോബ് 5:14).

എന്നാൽ ഇന്നത്തെ ക്രിസ്തീയ സഭകളെല്ലാം മേൽപറഞ്ഞ അപ്പൊസ്തലിക രീതിയുമായി ബന്ധമില്ലാതെയാണ് കെട്ടിപ്പെടുത്തിയിരിക്കുന്നത്. പഴയനിയമകാലഘട്ടത്തിൽ ദൈവം മോശെയ്ക്കു കൊടുത്ത അളവിനും തൂക്കത്തിനും അനുസരിച്ച് സമാഗമനകൂടാരം പണിതപ്പോഴാണ് ദൈവം അതിൽ ആവസിച്ചത്. ഇന്നത്തെ സഭകൾക്കൊന്നും അപ്പൊസ്തലിക മാതൃകയില്ലാത്തതിനാൽ ദൈവാത്മാവിന്റെ സാമിപ്യത്തിന്റെ ശക്തിയും സ്നേഹവും കുറവാണ്. ഉദാഹരണത്തിന് പെന്തക്കോസ്തു സഭകളെടുക്കാം. വിവാഹം കഴിഞ്ഞ ഒരാൾ ഇടയനാകണമെങ്കിൽ, ഭാര്യയേയും മക്കളെയും ഉപേക്ഷിച്ചിട്ടുവേണം ഇടയശുശ്രൂഷയിലേക്ക് വരാൻ എന്നൊരു പെന്തക്കോസ്തു വിഭാഗം ശഠിക്കുമ്പോൾ, വേറൊരു വിഭാഗം പിതാവിന്റെയും പരിശുദ്ധാത്മാവിന്റെയും ആളത്വവും അസ്തിത്വവും നിഷേധിക്കുന്നു. പെന്തക്കോസ്തു സഭകളുടെ പല അനുഷ്ഠാനങ്ങളും മാനുഷികമാണ്, വ്യക്തതയോ ഐക്യതയോ ഇല്ലാത്തതാണ്. അതിനെതിരെ സംസാരിക്കേണ്ട **സൈദ്ധാന്തികന്മാരെല്ലാം** ഇപ്പോഴുള്ള ചിട്ടയിലും ചട്ടത്തിലും കിടന്നുതന്നെ ഉന്നതിയും സമ്പന്നതയും ആർജ്ജിച്ചിരിക്കുന്നു. ഇപ്പോഴുള്ള ജീർണ്ണതയെ നേരെയാക്കാൻ ആരെങ്കിലും ശ്രമിച്ചാൽ അവർ അവരുടെ സമൂഹത്തിൽ നിന്ന് ഒറ്റപ്പെടാനും എല്ലാം നഷ്ടപ്പെടാനും സാധ്യതയുണ്ട്. **വിശാലമായി വിമർശിക്കാൻ മറ്റു സമുദായങ്ങളും മതങ്ങളും കിടക്കുന്നതുകൊണ്ട് സ്വന്തം കൂട്ടായ്മ അപ്പൊസ്തലിക മാതൃകയാക്കാൻ ആരും ശ്രമിക്കാറില്ല. ആ വിഷയം ചിന്തിക്കുക പോലും ചെയ്യാറില്ല.** എന്നാൽ വചനം ഇപ്രകാരം രേഖപ്പെടുത്തുന്നു: 'പുറത്തുള്ളവരെ വിധിക്കുവാൻ എനിക്കെന്തു കാര്യം? നിങ്ങൾ അകത്തുള്ളവരെ അല്ലയോ വിധിക്കേണ്ടത്?' (1 കൊരി. 5:12).

സുവിശേഷം പ്രചരിപ്പിക്കേണ്ടത് **ഒരു ദൈവീക കല്പനയാണ് (അപ്പൊ. പ്രവ. 10:42).** ദുഷ്ടന്റെ അധീനതയിൽ കിടക്കുന്ന ഭൂമിയിൽ യേശുവിനെ പ്രസംഗിക്കുന്നത് /പ്രചരിപ്പിക്കുന്നത് ഒരു യുദ്ധമാണ്. **പട്ടാളത്തിലെ ഇൻഫൻട്രി വിഭാഗം,** പരുക്കോ മരണമോ, പെട്ടെന്ന് സംഭവിക്കാവുന്ന ശത്രുപാളയത്തിലേക്ക് കയറിച്ചെല്ലുമ്പോൾ, **പട്ടാളത്തിലെ സർവ്വീസസ് വിഭാഗം** പരുക്കു പറ്റിയവരെ ചികിത്സിക്കുന്നു, ഭക്ഷണം ഉണ്ടാക്കുന്നു, വണ്ടികളും യന്ത്രങ്ങളും യുദ്ധോപകരണങ്ങളും നന്നാക്കുന്നു. ശമ്പളം ഒരേ സ്കെയിലിലാണെങ്കിലും തൊഴിൽപരമായ വ്യത്യാസം പട്ടാള ജോലികളിൽ ഉണ്ട്. അപ്പൊസ്തലനെയും സുവിശേഷകനെയും പട്ടാളത്തിലെ ഇൻഫെൻട്രി വിഭാഗത്തിൽപെടുത്താമെങ്കിൽ, ഇടയൻ (പാസ്റ്റർ) പട്ടാളത്തിലെ സർവ്വീസസ് വിഭാഗത്തിൽപെടും.

സത്യദൈവവും നിത്യജീവനുമായ യേശുക്രിസ്തുവിനെ പ്രസംഗിക്കുക. യേശുവിനെ വിശ്വസിച്ചവർ സമ്മേളിക്കുന്ന കൂട്ടായ്മകളിൽ അവരെ സഹായിക്കാൻ യോഗ്യരായ ഇടയന്മാരെ നിയമിക്കുക. ഇതൊക്കെയാണ് സുവിശേഷകനായ തിമൊഥെയോസ് ചെയ്തിരുന്നത് (2 തിമൊ. 4:1-5). **യോഗ്യരായ ഒന്നിലധികം ഇടയന്മാരോടുകൂടിയ സ്വതന്ത്ര സ്വഭാവവിശേഷതയോടുകൂടിയ പ്രാദേശിക സഭകളാണ് ആദിമ അപ്പൊസ്തലന്മാർ സ്ഥാപിച്ചത്.** കർത്താവിന്റെ ഹിതമായിരുന്നു. രാജകീയ പുരോഹിതവർഗ്ഗം ഒന്നിച്ചുകൂടുമ്പോൾ എല്ലാ വിശ്വാസികൾക്കും ശുശ്രൂഷയുണ്ടായിരുന്നു (1 കൊരി. 14:26). **എല്ലാവർക്കും പങ്കാളിത്തമുള്ള ശുശ്രൂഷ കർത്താവിന്റെ കല്പനകളിലൊന്നാണ് (1 കൊരി. 14:37).** സഭ കൂടുമ്പോൾ പ്രാർത്ഥനയും പ്രബോധനവും വെളിപ്പാടും അന്യഭാഷയും പ്രവചനവും എല്ലാം **ഏകനായി ചെയ്ത്, മറ്റുള്ളവർക്ക് ഒരു ശുശ്രൂഷയും ഇല്ലെന്ന് ബോദ്ധ്യപ്പെടുത്തി,** അങ്ങനെ സമൂഹാരാധനയ്ക്കുള്ള കർത്താവിന്റെ കല്പനയ്ക്ക് വിരോധമായി എല്ലാം സ്വയം ചെയ്ത് സ്തോത്രകാഴ്ച വാങ്ങിക്കുന്ന ഇടയന്മാരെ എനിക്കറിയാം. ടിക്കറ്റെടുത്ത് സർക്കസ് കാണാൻ ഇരിക്കുന്ന കാണികളെപ്പോലെയാണ് വിശ്വാസികൾ.

പൂർണ്ണമായ ആത്മീക ശുശ്രൂഷകൊണ്ട് ജീവിക്കണമെങ്കിൽ പാസ്റ്ററോ പ്രവാചകനോ ആയിരിക്കണമെന്നുള്ള രീതിയിലാണ് പെന്തക്കോസ്തുസഭകൾ കെട്ടിപ്പെടുത്തിയിരിക്കുന്നത്. ഇതു കൂടാതെ കർത്താവിന്റെ നാമം മഹത്വപ്പെടുത്തുന്ന മറ്റു ആത്മീയ ശുശ്രൂഷകളെക്കുറിച്ച് വിശ്വാസികൾക്ക് അറിവില്ല, പഠനമില്ല. അതിനാൽ മറ്റു ശുശ്രൂഷകൾക്കൊന്നും അംഗീകാരവുമില്ല. അതുകൊണ്ട് അപ്പൊസ്തലിക വചനപ്രകാരം യോഗ്യതയില്ലെങ്കിലും, പാസ്റ്ററോ പ്രവാചകനോ ആയിത്തീരാൻ പലരും മത്സരിക്കുന്നു. പലരും ആയിത്തീരുന്നു. രോഗസൗഖ്യമുണ്ടായതു കൊണ്ടോ, കടഭാരം മാറിയതുകൊണ്ടോ ഭൂതം വിട്ടുപോയതുകൊണ്ടോ വചനപ്രകാരം യോഗ്യതയില്ലാത്ത പലരും ഇടയനാകാൻ 'വിളി'യുണ്ടെന്ന് സ്വയം കരുതുന്നു. എന്നാൽ 1 തിമൊ. 6:8-14 വരെയുള്ള **കർത്താവിന്റെ മറ്റൊരു കല്പന** അനുസരിക്കാൻ പലർക്കും ആഗ്രഹമില്ലാത്തതിനാൽ പലരും **വ്യാജഭാവത്തിലേക്ക്** പിന്നീട് തിരിയുന്നു. കാലക്രമേണ വിശ്വാസികളുടെ ഇടയിലും പിന്നീട് അവിശ്വാസികളുടെ ഇടയിലും പരിഹാസവിഷയമായിത്തീരുന്നു. കർത്താവിന്റെ സ്വഭാവത്തോടു അനുരൂപപ്പെടുവാൻ ഇവർ ആഗ്രഹിച്ചിരുന്നെങ്കിൽ, തങ്ങളുടെ **'വിളി'യെ,** ഇടയന് വേണ്ടിയ യോഗ്യതയെ പരാമർശിക്കുന്ന വചനവുമായി ഇടയ്ക്കിടെ താരതമ്യപ്പെടുത്തി **എളിമപ്പെട്ടിരുന്നുവെങ്കിൽ, കർത്താവിന്റെ ദാസന്മാർ** പരിഹാസവിഷയമാകാൻ ഒരിക്കലും കർത്താവനുവദിക്കുകയില്ലായിരുന്നു.

**അടിക്കുറിപ്പ്:** പെന്തക്കോസ്തു സഭകളിലെ ഇടയന്മാരുടെ സ്ഥലമാറ്റം സംബന്ധിച്ച് **ജെയ്സ് പാണ്ടനാട്** മാർച്ച് 25,2014ൽ ബിലീവേഴ്സ് ജേണലിൽ എഴുതിയത് ഏതാണ്ടിപ്രകാരമാണ്: 'സ്ഥലംമാറ്റമുള്ള പാസ്റ്ററെക്കുറിച്ച് ബൈബിളിൽ എങ്ങും കാണുന്നില്ല. വരുമാനമുള്ള സഭയിലേക്ക് നേതാക്കന്മാർ തങ്ങളുടെ സഹായികളായ പാസ്റ്റർമാരെ തിരുകികയറ്റാൻ ശ്രമിക്കുന്നു. തിരഞ്ഞെടുപ്പിൽ തങ്ങൾക്ക് വോട്ടുചെയ്യാത്ത ഇടയന്മാരെ നാടുകടത്തുന്നു. ഇഷ്ടമില്ലാത്ത പാസ്റ്റർമാരെ കശാപ്പു ചെയ്യുന്നു. വരുമാനമുള്ള സഭ കിട്ടാൻ വേണ്ടി പാസ്റ്റർമാർ കൈക്കൂലിയും മറ്റും നേതാക്കൾക്ക് കൊടുക്കുന്നു. ഒരു സ്ഥലംമാറ്റ സീസൺ കഴിയുമ്പോൾ അനവധി സഭകളാണ് നേതാക്കളുടെ അനീതികൊണ്ട് തകരുന്നത്'. ഇതെല്ലാം ചെയതിട്ടും ദൈവമഹത്വം തങ്ങളുടെ കൂടെ ഉണ്ടെന്നാണ് നേതാക്കൾ അവകാശപ്പെടുന്നത്.

## 11 തീ പന്തം!!!...

എതിർ ദിശകളിലേക്ക് ഓടുമായിരുന്നു. ആ ഓട്ടം അവയുടെ നാശത്തിനും മരണത്തിനും വരെ കാരണമായി തീരാമായിരുന്നു. ഇത് ഇന്നത്തെ പല സഭകളിലും സംഭവിക്കുന്നു. ആളുകൾ കൂട്ടത്തെ പല ദിശകളിലേക്കും അവരുടെ അഭിപ്രായങ്ങൾ സ്ഥാപിച്ചു കിട്ടുവാൻ വേണ്ടി വലിച്ചു അകറ്റുകയാണ്. തമ്മിൽ തമ്മിൽ സ്നേഹം കുറയുകയാണ് അവരുടെ ഇങ്ങനെ ഉള്ള നിലപാടുകൾ നിമിത്തം സംഭവിക്കുന്നത്. ലക്ഷ്യവും ദർശനവും നഷ്ടപ്പെട്ട ഒരു കൂട്ടമായി ഇങ്ങനെ മാറിക്കൊണ്ടിരിക്കും. ഇന്നത്തെ തലമുറ നിത്യത വളരെ നിസാരമായി കാണുകയും ഭൗതികത്തെ വലുതായി കാണുകയും ചെയ്യുന്നു. നിത്യതയുടെ യഥാർത്ഥ ദർശനം ലഭിച്ചെങ്കിൽ നമ്മുടെ സഭകളുടെ ആത്മീയ സ്ഥിതി വളരെ ഉന്നതമായ നിലവാരം പ്രകടമാക്കുമായിരുന്നു.

**3) അവ ഓടിയത് കൊണ്ട് എന്താണ് സംഭവിച്ചത്?**

അവ ജീവനെ ഭയന്നു തീ പന്തവുമായി ഓടുകയായാണ് ചെയ്തത്. ഈ ശ്രമത്തിൽ കാറ്റു തീയെ അവയിൽ നിന്നകറ്റി നിർത്തിയിരുന്നു. കാറ്റു അവയുടെ ഓട്ടത്തെ ഈ രീതിയിൽ നിയന്ത്രിച്ചിരുന്നു. തീ കത്തിച്ച യജമാനൻ അവയെ കൂടെകൂടെ നിയന്ത്രണം ഏറ്റെടുക്കേണ്ട ആവശ്യം വന്നില്ല, അവ കാറ്റിനാൽ തന്നെ നിയന്ത്രിക്കപ്പെട്ടു യോഹ. 3:8. കാറ്റ് അവരെ ഇഷ്ടമുള്ളടത്തേക്ക് കൊണ്ടുപോയി എന്ന് പറയുന്നു. ഈ കാറ്റു പരിശുദ്ധ ആത്മാവിനെ കാണിക്കുകയാണ്. സഭയുടെ ആദ്യ ഉണർവ്വിൽ പരിശുദ്ധ ആത്മാവ് തന്നെയാണ് അപ്പൊസ്തലന്മാരെ വേർപെടുത്തി, ശുശ്രൂഷ നൽകി, അഭിഷേകം ചെയ്തു, നിയന്ത്രിക്കുകയും, കല്പിക്കുകയും ചെയ്തിരുന്നു. അവൻ പരിശുദ്ധ ആത്മാവിന് അനുസരണക്കേട് ഒരിക്കൽപോലും കാണിച്ചിരുന്നില്ല. പരിശുദ്ധ ആത്മാവാണ് അന്ന് സ്ഥിതിഗതികളെ നിയന്ത്രിച്ചത്.

**4) ആ കുറുക്കന്മാർക്ക് എന്ത് സംഭവിച്ചു കാണും?**

കുറുക്കന്മാർ ഒരു പക്ഷെ ആ തീയിൽ തന്നെ വെന്തു മരിച്ചിട്ടുണ്ടാകാം. ആദിമ സഭയിലെ ചരിത്രം ഇത് തന്നെ എന്ന് നമുക്ക് കാണാം ഫിലി. 1:21-23 പൗലോസ് പറയുന്നത് മരണം ആയാലും ജീവൻ ആയാലും കർത്താവിനു മഹത്വം ഉണ്ടാകാൻ ആണ് എന്ന്, പൗലോസിനു മരണം ഒരു വലിയ നേട്ടം ആയാണ് പറയുന്നത്, കാരണം കർത്താവിന്റെ കൂടെ സ്വസ്ഥതയിൽ ആകാൻ ഉള്ള ഒരു വഴിയായി കാണുന്നു.

കുറുക്കന്മാർ തീയില്ലാതെ ഇരുന്നാൽ അവ കോഴിയെ പിടിക്കുവാൻ ചുറ്റി നടക്കും. അതിന്റെ ദർശനം കോഴികൂടിലും വീടുകളിലും നിന്നും എങ്ങനെ മോഷണം നടത്താം എന്നായിരിക്കും. ഈ പ്രവർത്തികൾക്ക് അതിനു കല്ലേറും അടിയും ഒക്കെ വളരെ ലഭിച്ചു കാണും. തീ വന്നപ്പോൾ അതിന്റെ ദൗത്യം വേറെയായി. തമ്മിൽ തമ്മിൽ യുദ്ധം ചെയ്തു നടന്നിരുന്ന കർത്താവിന്റെ ശിഷ്യന്മാർ കർത്താവിനായി യുദ്ധം ചെയ്യാൻ ആരംഭിച്ചു. അവർ തമ്മിൽ തമ്മിൽ കുറ്റം കണ്ടു പിടിക്കുന്നത് അവസാനിപ്പിച്ചു കർത്താവിനായി എന്തെങ്കിലും നേടുവാനായി ഓടുന്നതിന് തുടക്കം കുറിച്ച്, അവരുടെ ദർശനം കർത്താവിനെ പ്രസാദിപ്പിക്കുക എന്നതായിരുന്നു. അവർ കർത്താവിന്റെ ഇഷ്ടം തികയ്ക്കുക എന്ന ലക്ഷ്യത്തിനായി ഓടുകയായിരുന്നു.

തീ ഇന്നും നമ്മുടെമേലും, നമ്മുടെ സഭയുടെ മേലും, നമ്മുടെ സമൂഹത്തിനുമേലും അതേ പ്രവർത്തി നടത്തുവാനായി പ്രാർത്ഥിക്കാം അനുവദിക്കാം.

## വി. ബി. എസ്

**പൻവേൽ:** പൻവേലിലുള്ള പെന്തക്കോസ്ത് സഭകളുടെ സംയുക്ത ആഭിമുഖ്യത്തിൽ മെയ് 5-10 വരെ സെന്റ് ജോർജ്ജ് സ്കൂൾ ന്യൂ പൻവേലിൽ എക്സൽ വി. ബി. എസ്. 2014 നടത്തും. രാവിലെ 8.30 മുതൽ 1.30 വരെയാണ് വി. ബി. എസ്. വൈവിധ്യമാർന്ന പ്രോഗ്രാമുകളാണ് ഈ വി. ബി. എസിൽ ക്രമീകരിച്ചിരിക്കുന്നത്.

**കൂടുതൽ വിവരങ്ങൾക്ക് 9833745521, 9167318881, 9892044569**

## 11 കാലികം........

ന്ന് പ്രാപിച്ചെടുക്കാം. എന്നാൽ പൊതുസ്ഥലത്ത് സ്റ്റേജ് കെട്ടി പന്തലിട്ട് നടത്തുന്ന സുവിശേഷയോഗത്തിന് ഉണർവ്വ് പ്രസംഗങ്ങൾ എന്ന നാമകരണം അസ്ഥാനത്താണ്. മാടക്കടയിൽ ബീഡിവലിച്ചിരിക്കുന്നവരും മദ്യാപാനികളും പാപത്തിൽ തുടരുന്നവർക്കും ഉച്ചത്തിലെ ആരാധനയും അന്യഭാക്ഷയുമല്ല ആവശ്യം. നിർമ്മല സുവിശേഷം വെളിവുകെട്ടു നിൽക്കുന്ന ലോകജനത്തിന് വിളമ്പികൊടുക്കാൻ സുവിശേഷപ്രസംഗകർക്ക് സാധിക്കണം. പ്രസംഗത്തിലെ വചനം കേട്ട് അവർ വീടുകളിലേയ്ക്കു പോകുമ്പോഴും നാം കാണാത്ത ചില മാറ്റം പാപികളുടെ ഹൃദയത്തിൽ സംഭവിക്കാറുണ്ട്. ആ ഉൾനട്ട വചനം അടുത്ത അനുകൂലസാഹചര്യത്തിൽ പൊട്ടിമുളയ്ക്കും. ആകയാൽ ക്രമീകരിച്ചിരിക്കുന്ന യോഗം ഏതെന്ന് തിരിച്ചറിഞ്ഞ് പ്രസംഗകർ തങ്ങളുടെ പ്രഭാക്ഷണത്തിനായി തയ്യാറാവുക.

## 01 മാധ്യമങ്ങൾക്ക് കൂച്ചുവിലങ്ങിടാൻ....

പടിയെടുക്കുവാൻ ഈ രാജ്യത്ത് നിയമം ഉള്ളപ്പോൾ ഇതെല്ലാം വെറും വിരട്ടൽ ആയി മാത്രം ശേഷിക്കും. ഐ. പി. സി.യ്ക്കെതിരെ എഴുതുന്നവർക്കെതിരെ നടപടിയെടുക്കുമെന്ന് കൗൺസിൽ പറയുമ്പോൾ മറ്റ് പെന്തെക്കോസ്ത് പ്രസ്ഥാനങ്ങൾക്കെതിരെ എഴുതുന്നകൗൺസിൽ അംഗങ്ങൾക്കുകൂടി ഇത് ബാധകമാക്കുമോ?

ഐ. പി. സി. യിലെ തറരാഷ്ട്രീയക്കളികളുടെ ഭാഗമാണ് ഇത്തരം വിലക്കുകൾ. മാധ്യമങ്ങളെ വിലക്കുന്നതിനുമുമ്പ് ഗ്രൂപ്പും പോരും ഇല്ലാതാക്കുവാനാണ് നേതൃത്വം ശ്രമിക്കേണ്ടത്. ഇത്തരം വിലക്കുകൾ നിലനിൽക്കുന്നതല്ലായെന്ന് തിരിച്ചറിഞ്ഞ് ക്രിസ്തീയ സ്നേഹത്തിൽ മുമ്പോട്ടു പോകുന്നതാണ് സഭാനേതൃത്വത്തിനും മാധ്യമങ്ങൾക്കും ഗുണകരം.

## 01 ശശി തരൂരിനുവേണ്ടി പെന്തെക്കോസ്ത് ....

പി. സി. മൈനോരിറ്റി വിഭാഗത്തിന്റെ തിരുവനന്തപുരം ജില്ലാ ചെയർമാനായ റെജി കെ. ജേക്കബാണ് മീറ്റിംഗ് വിളിച്ചെന്നാണ് അറിയുന്നത്. ഇദ്ദേഹം തിരുവനന്തരപുരം ഐ. പി. സി. സഭാംഗവും ദാനിയേൽ കൊന്ന നിൽക്കുന്നതിന്റെ സഹോദരനുമാണ്. പെന്തെക്കോസ്ത് വിഭാഗങ്ങൾ സാധാരണയായി ഇലക്ഷൻ സമയങ്ങളിൽ പക്ഷം പിടിക്കുന്ന പതിവില്ല. വർഷങ്ങൾക്കുമുമ്പ് പെന്തെക്കോസ്തുകാർ പീഡിപ്പിക്കപ്പെട്ടപ്പോൾ ഇടതുപക്ഷത്തിനനുകൂലമായി ഒരു തരംഗം ഉണ്ടായിരുന്നു. അന്ന് നടന്ന തെരഞ്ഞെടുപ്പിൽ മധ്യതിരുവതാംകൂറിലെ പല നിയോജകമണ്ഡലങ്ങളിലും ഇടതുപക്ഷത്തിന്റെ വിജയത്തിന് അത് കാരണമാകുകയും ചെയ്തു. അത് കഴിഞ്ഞ ചരിത്രം. ഇപ്പോൾ ഇടതിനെയോ വലതിനെയോ അനുകൂലിക്കുകയോ പ്രതികൂലിക്കുകയോ ചെയ്യേണ്ട സാഹചര്യങ്ങൾ ഇവിടെയില്ല. അതുകൊണ്ട് തന്നെ പക്ഷം പിടിക്കേണ്ട കാര്യവുമില്ല. പെന്തെക്കോസ്ത് സഭകളുടെ നേതാക്കന്മാർ ആരും തന്നെ ഏതെങ്കിലും പക്ഷത്തെ അനുകൂലിക്കണം എന്ന് ആവശ്യപ്പെട്ടിട്ടുമില്ല. എന്നാൽ ചില പെന്തെക്കോസ്ത് ശുശ്രൂഷകരും ഒന്നുരണ്ടു പത്രങ്ങളും സ്ഥാനാർത്ഥികളുടെ പക്ഷംപിടിച്ച് പെന്തെക്കോസ്ത് സമൂഹത്തിന്റെ പിന്തുണ അവർക്കുണ്ടെന്ന നിലയിൽ പ്രചരണം നടത്തിയിരിക്കുന്നു. ഇതിനുപിന്നിൽ സാമ്പത്തിക ഇടപാടുകൾ നടന്നുവെന്ന ആരോപണമാണ് പറഞ്ഞുകേൾക്കുന്നത്. ഐ. പി. സി.യുടെ കൗൺസിൽ അംഗങ്ങളാണ് ഇതെല്ലാം ചെയ്തിരിക്കുന്നത്. അത്തരക്കാർക്കെതിരെ നടപടിയെടുക്കുന്നതിന് ചങ്കൂറ്റം കാണിക്കുകയാണ് ഐ. പി. സി. നേതൃത്വം ചെയ്യേണ്ടത്. പെന്തെക്കോസ്ത് വിശ്വാസികളെയും ശുശ്രൂഷകരെയും ഒറ്റിക്കൊടുത്ത് വെള്ളിനാണയങ്ങൾ സ്വന്തമാക്കുന്നവർ ഈ മാർഗ്ഗത്തിന്റെ ശത്രുക്കളാണ്. പൊതു സമൂഹത്തിന്റെ മുമ്പിൽ നമ്മുടെ സമൂഹത്തിന് ഉണ്ടായ അപമാനത്തിന് കാരണക്കാരായവർ സ്വയം ചിന്തിക്കുന്നത് നന്ന്. പെന്തെക്കോസ്ത് സമൂഹം ഒരു രാഷ്ട്രീയപാർട്ടിയുടെയും പക്ഷക്കാരല്ല. അവർ എന്നും നിഷ്പക്ഷകരും പ്രബുദ്ധരുമാണ്.

## 01 ട്വിറ്ററിൽ മാവോയേക്കാളും.....

വാക്ക് 41.8 ദശലക്ഷം പ്രാവശ്യം സോഷ്യൽ മീഡിയായിൽ വന്നപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടി എന്ന വാക്ക് 5.3 ദശലക്ഷം പ്രാവശ്യം മാത്രമേ പ്രതിപാദിക്കപ്പെട്ടുള്ളൂ.

ക്രിസ്മസ് എന്ന വാക്ക് 150 ദശലക്ഷം പ്രാവശ്യം വന്നപ്പോൾ ചൈനീസ് ദേശീയ ദിനത്തിന് 50 ദശലക്ഷം പോസ്റ്റേ കിട്ടിയുള്ളൂ. ചൈനീസ് ഗവൺമെന്റ് ശമ്പളം കൊടുക്കുന്ന ലക്ഷക്കണക്കിന് മാധ്യമ സെൻസർമാർ ഗവൺമെന്റ് നയങ്ങൾക്കെതിരായ സന്ദേശങ്ങളും പോസ്റ്റും സെൻസർ ചെയ്യുമ്പോൾ ആണ് യേശുവും ബൈബിളും ചൈനയുടെ സോഷ്യൽ മാധ്യമങ്ങളിൽ പ്രിയങ്കരമായത്.

വിദ്യാഭ്യാസവും ആധുനിക സാങ്കേതിക ജ്ഞാനവും നേടിയ ചൈനയുടെ പുതിയ തലമുറയ്ക്ക് നിരീശ്വര വാദത്തിൽ താൽപര്യം കുറയുന്നു എന്നാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. കഴിഞ്ഞ മുപ്പത് വർഷമായി ചൈനയിലെ ക്രൈസ്തവ സഭയുടെ വളർച്ച വളരെ സ്ഫോടനാത്മകമായിരുന്നു എന്ന് കമ്മ്യൂണിസ്റ്റ് നേതാക്കൾ വരെ അംഗീകരിക്കുന്നു. ചൈനയിലെ ക്രൈസ്തവ സഭയുടെ നാലിലൊന്നു മാത്രമേ ഗവൺമെന്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ളൂ. ബാക്കി സഭകൾ ഹൗസ് ചർച്ചസും അണ്ടർ ഗ്രൗണ്‍ ചർച്ചസും ആണ്.

അമേരിക്കയുടെയും പാശ്ചാത്യ യൂറോപ്യൻ രാജ്യങ്ങളുടെയും സാമ്പത്തിക/സാമൂഹിക/വ്യവസായ പുരോഗതിക്ക് ക്രിസ്ത്യാനിത്വം വലിയ പങ്ക് വഹിച്ചു എന്ന് ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലേയും ഗവൺമെന്റിലേയും ചിലരെങ്കിലും വിശ്വസിക്കുന്നു.

ചൈനയിലെ സഭ വളർച്ചയെപ്പറ്റി ഗവൺമെന്റിന് അറിയാമെങ്കിലും ഇത് സാമൂഹ്യ/ സാമ്പത്തിക / ധാർമ്മിക പുരോഗതിക്ക് ഗുണകരം ആകും എന്നതുകൊണ്ട് കൂടുതൽ അടിച്ചമർത്തലിലേക്കും പീഢനത്തിലേക്കും പോകുന്നില്ല. എന്നിരുന്നാലും സഭയെ നിയന്ത്രിച്ചില്ലെങ്കിൽ ഒടുവിൽ കൈവിട്ടു പോകുന്ന ഒരു പ്രതിഭാസമായി ക്രൈസ്തവ സഭ അവിടെ മാറുമെന്ന് പാർട്ടി/ ഗവൺമെന്റ് അധികാരികൾ വിശ്വസിക്കുന്നു. ചൈനയിലെ തീരദേശ നഗരമായ വെൻസുവിൽ 30% ജനങ്ങളും ക്രൈസ്തവരാണ്. ക്രൈസ്തവരുടെ ബിസിനസ് സംരംഭങ്ങൾ വളരെ അധികം ഉള്ള ഈ നഗരത്തിൽ വിശ്വാസികളുടെ കുടുംബജീവിതവും സാമൂഹ്യ/ വ്യവസായ നിലവാരവും ചൈനീസ് ഗവൺമെന്റിന്റെ ജിജ്ഞാസ ഉണർത്തി. വിശ്വാസികൾ അനുവർത്തിച്ചവർക്ക് എത്തിക്സും ധാർമ്മികതയും സമൂഹത്തിനും, കുടുംബങ്ങൾക്കും ബിസിനസ്സിനും പ്രയോജനപ്പെട്ടു.

സാമ്പത്തിക മാന്ദ്യം ഇന സഗരത്തെയും പിടിച്ചപ്പോൾ ഒത്തിരി ബിസിനസുകാർ ആത്മഹത്യ ചെയ്തു, എന്നാൽ വിശ്വാസികൾ ഈ ദുരവസ്ഥയെ അതിജീവിച്ചു.

ചൈന അഭിമുഖീകരിക്കുന്ന മൂല്യച്യുതിക്കും സാമ്പത്തിക പ്രതിസന്ധികൾക്കും ഏറ്റവും നല്ല മരുന്ന് ക്രിസ്ത്യൻ വിശ്വാസമാണെന്ന് ഗവൺമെന്റിലെ പലരും അംഗീകരിക്കുന്നു എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. അതുകൊണ്ടാകണം യുവതലമുറയുടെ ഹരമായ സോഷ്യൽ മീഡിയായിൽ യേശുവും ബൈബിളും നിറയുന്നത്.

Website
www.beljourn.com

## കല്ലുകടി

### വാർപ്പു കെട്ടിടമുണ്ടോ ഒന്നു സ്ഥലം മാറാൻ

**കാ**ച്ചിൽ കൃഷ്ണപിള്ളയുടെ കഥ കേട്ടിട്ടുണ്ടോ. കുട്ടിക്കാലത്ത് ദാരിദ്ര്യം നിമിത്തം നാട്ടുകാരുടെ കാച്ചിലും മറ്റും മോഷ്ടിച്ചിരുന്ന കൃഷ്ണപിള്ളയെ നാട്ടുകാർ കൈകാര്യം ചെയ്തു. നാണക്കേടു നിമിത്തം നാടുവിട്ട മേൽപ്പടിയാൻ വർഷങ്ങൾക്കുശേഷം പണക്കാരനായി നാട്ടിൽ തിരിച്ചെത്തി. മകന് കാച്ചിൽ പുഴുങ്ങിയതു കൊടുത്ത മാതാവിനോട് ഇതെന്താണെന്ന് മകന്റെ ചോദ്യം. വിശദീകരണങ്ങൾ ഒന്നും മനസിലാകാത്ത മകൻ ഒരു ചോദ്യം. വേലിയിലൊക്കെ വള്ളിയിൽ ഞറുങ്ങണെ പിറുങ്ങണെ കിടക്കുന്ന സാധനം ആണോ അമ്മേ കാച്ചിൽ എന്നു പറയുന്നത്. എങ്ങനുണ്ട് കക്ഷി.

സായ്പിന്റെ സഭയിലെ ഒരു ഉപദേശിക്ക് കൺവൻഷൻ സ്ഥലത്തു നിന്ന് മലനാടിന്റെ റാണിയുടെ അടുത്ത് ഒരു സഭയിലേക്കു മാറ്റം വെച്ചു. കക്ഷി ഒറ്റുനോക്കാൻ എത്തി. താമസിക്കാൻ ക്രമീകരിച്ചിരിക്കുന്നത് ഓടിട്ട വീട്. ഇതു കണ്ടതും കക്ഷി പ്രതികരിച്ചു. ഞാൻ വാർപ്പുകെട്ടിടത്തിലാണ് താമസിക്കുന്നത് ഈ വിടൊന്നും എനിക്കു പറ്റില്ല. പ്രസ്ഥാനത്തിൽ വന്നിട്ട് അധികനാളാകാത്ത കക്ഷി നേടിയ സഭകൾ എല്ലാം ശുപാർശമൂലം മാത്രം കിട്ടിയതാണ്. വന്നവഴി മറന്ന ആധുനിക കാച്ചിൽ കൃഷ്ണപിള്ള വാർപ്പുകെട്ടിടം തേടി യാത്രയായി.

**അടിക്കുറിപ്പ്:** വിത്തു ഗുണം പത്തു ഗുണം

## പാ. സിനോജ് ജോർജ്ജ് പി. വൈ. പി. എ. ആക്ടിംഗ് പ്രസിഡന്റ്





**കുമ്പനാട്:** സംസ്ഥാന പി. വൈ. പി. എ. ആക്ടിംഗ് പ്രസിഡന്റായി പാസ്റ്റർ സിനോജ് ജോർജ്ജും ആക്ടിംഗ് സെക്രട്ടറിയായി പാസ്റ്റർ സുനിൽ മാത്യുവും ചാർജെടുത്തു.

## Matrimonial

രക്ഷിക്കപ്പെട്ട്, സ്നാനപ്പെട്ട് ദൈവകൃപയിൽ നിൽക്കുന്ന സുന്ദരിയായ സിറിയൻ ക്രിസ്ത്യൻ പെന്തക്കോസ്ത് യുവതി വെളുത്ത നിറം (പാസ്റ്ററുടെ മകൾ)26, 5'2' ബി. എസ്.സി നേഴ്സ്. ട്യൂട്ടറായി കേരളത്തിലെ പ്രശസ്തമായ ആശുപത്രിയിൽ ഇപ്പോൾ ജോലി ചെയ്യുന്നു (ഒരു കാലിന് സ്വാധീനക്കുറവ്). സ്വദേശത്തോ വിദേശത്തോ ജോലിയുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

**ഫോൺ: 9446194780, 9048753260**

വടക്കേ ഇന്ത്യയിൽ പ്രശസ്തമായ ഹോസ്പിറ്റലിൽ BSc നേഴ്സായി ജോലി ചെയ്യുന്ന സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതിയ്ക്ക് വെളുത്തനിറം (25, 5' 2') ജൂൺ ആദ്യ ആഴ്ചയിൽ നാട്ടിൽ വരുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ള അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

**ഫോൺ:9656113373, 0479 2312143.**

## ഇന്ത്യാ ബൈബിൾ കോളജ് ബിരുദദാന സമ്മേളനം

**കുമ്പനാട്:** ഇന്ത്യാ ബൈബിൾ കോളജ് & സെമിനാരി ബിരുദദാന സമ്മേളനം മാർച്ച് 6–ന് ഐ. ജി. ഒ. ക്യാമ്പസിൽ വെച്ച് നടന്നു. വിവിധ പ്രോഗ്രാമുകളിലായി 69 വിദ്യാർത്ഥികൾ ഈ വർഷം ഗ്രാജുവേറ്റ് ചെയ്തു. പ്രസിഡന്റ് പാസ്റ്റർ റ്റി. എസ്. ഏബ്രഹാം, ഡയറക്ടർ റ്റി. വത്സൻ ഏബ്രഹാം എന്നിവർ M.Div, B.Th, Dip.Th, C.Th സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. വിശിഷ്ടാതിഥി റവ. ഡോ. പോൾ ഗുപ്ത (ഹിന്ദുസ്ഥാൻ ബൈബിൾ കോളജ്, ചെന്നൈ) ബിരുദദാന സന്ദേശം നൽകി. ഗ്രാജുവേഷൻ തീം "കർത്താവിനുവേണ്ടി പെരുകുവീൻ" എന്നതായിരുന്നു ചിന്താവിഷയം പാസ്റ്റർ റ്റി. വത്സൻ ഏബ്രഹാം അദ്ധ്യക്ഷത വഹിച്ചു.

ഡോ. സഖി അത്യാൽ, ഡോ. ബി. വർഗീസ്, പാസ്റ്റർ ബാബു ചെറിയാൻ, പാസ്റ്റർ റോയി ദാനിയേൽ, ബ്രദർ ജോസഫ് മാത്യു, പാസ്റ്റർ സാംകുട്ടി മാത്യു എന്നിവർ ആശംസാ സന്ദേശങ്ങൾ നൽകി. ഐ. പി. സി. ഗായകസംഘം, ബ്രദർ സാംസൺ കോട്ടൂർ, സിസ്റ്റർ ജിജി സാം എന്നിവർ ഗാനങ്ങൾ ആലപിച്ചു. പാസ്റ്റർ ഫിന്നി ജോസഫ് ബിരുദധാരികളെ പരിചയപ്പെടുത്തുകയും പാസ്റ്റർ സാജു ജോസഫ് നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു. പാസ്റ്റർ ജോർജ് ഉമ്മൻ ബിരുദധാരികളെ അനുഗ്രഹിച്ച് പ്രാർത്ഥിച്ചു.

സെന്റർ ശുശ്രൂഷകന്മാർ, പാസ്റ്റർമാർ, മാതാപിതാക്കൾ, ബന്ധുക്കൾ, സഭാജനങ്ങൾ, അഭ്യുദയകാംക്ഷികൾ തുടങ്ങി 2000ത്തോളം പേർ സമ്മേളനത്തിൽ പങ്കെടുത്തു.




## ഇറ്റാലിയൻ ഭാഷാ പഠനം



ജേക്കബ് വർഗ്ഗീസ്
തൊടുപുഴ, Mob : 9495380729

**36**

### LESSON 36
### Table
### Stare - To Stand

| | | Pronomi | Presente | Pasatto | Futuro |
|---|---|---|---|---|---|
| 1. | | Io | Sto | Stavo | Staro` |
| 2. | | Tu | Stai | Stavi | Starai |
| 3. | a. | Lui | Sta | Stava | Stara` |
| | b. | Egli | Sta | Stava | Stara` |
| | c. | Lei | Sta | Stava | Stara` |
| | d. | Eua | Sta | Stava | Stara` |
| | f. | Lei | Sta | Stava | Stara` |
| 4. | | Noi | Stiamo | Stavamo | Staremo` |
| 5. | | Voi | State | Stavate | Starete` |
| 6. | a | Loro | Stanno | Stavano | Staranno` |
| | b | Essi | Stanno | Stavano | Staranno` |


ഡ്യൂലോസ് ബിബ്ലിക്കൽ സെമിനാരി
വെച്ചൂച്ചിറ
അനുഗ്രഹീതമായ 14–ാം വർഷം
ഐ.പി.സി. ജനറൽ കൗൺസിൽ അംഗീകൃതം
സഭാ ശുശ്രൂഷയ്ക്കും പ്രേഷിത പ്രവർത്തനത്തിനും മികച്ച പരിശീലനം
B.Th. തിയോളജിക്കൽ ബിരുദവും യൂണിവേഴ്സിറ്റി അംഗീകാരമുള്ള B.A. ബിരുദവും
ഒരുമിച്ച് കരസ്ഥമാക്കാവുന്ന പാഠ്യപദ്ധതി (English)
ക്ലാസ്സുകൾ മെയ് 12ന് ആരംഭിക്കുന്നു
കോഴ്സുകൾ | മാധ്യമം | കാലാവധി | യോഗ്യത
B.Th | ഇംഗ്ലീഷ് | 3 വർഷം | S.S.L.C. Passed
G.Th | മലയാളം | 2 വർഷം | S.S.L.C
C.Th | മലയാളം | 1 വർഷം
പ്രത്യേകതകൾ
* 3 വർഷം കൊണ്ട് B.Th. ഉം B.A. ഉം കരസ്ഥമാക്കാം * ഹിന്ദി, ഗ്രീക്ക്, ഹീബ്രു ഭാഷകളിൽ വിജ്ഞാനം നൽകുന്നു * പ്രത്യേകം ക്ഷണിക്കുന്ന അദ്ധ്യാപകരുടെ സെമിനാറുകൾ * അനുഭവസമ്പന്നരും പ്രഗത്ഭരുമായ അദ്ധ്യാപകർ * വിശാലമായ കാമ്പസ്സ് * താമസം, ഭക്ഷണം എന്നിവ സൗജന്യം * തികഞ്ഞ പ്രാർത്ഥനാന്തരീക്ഷം * മികച്ച ലൈബ്രറി സൗകര്യം * പഠനത്തോടൊപ്പം പ്രായോഗിക പരിശീലനം * ഹിന്ദി ഇംഗ്ലീഷ് ഭാഷകളിൽ പരിശീലനം
Pr. V.P. Jose
Director
അപേക്ഷ ഫോറത്തിനും കൂടുതൽ വിവരങ്ങൾക്കും ബന്ധപ്പെടുക
Principal
D.B.S., P.B. No: 2, Vechoochira, PTA - 686 511
Phone: 9747284743, 9961331564


AUSTRALIA UNITED PENTECOSTAL FELLOWSHIP
LET US EXALT HIS NAME TOGETHER
UNITED IN CHRIST
AUSTRALIA UNITED PENTECOSTAL FELLOWSHIP
BRISBANE CONFERENCE 2014
MAY 9,10,11
"GOSPEL, THE POWER OF GOD FOR SALVATION TO EVERYONE WHO BELIEVES"
ROMANS 1:16
VENUE:
175 EDINBURGH CASTLE RD, WAVELL HEIGHTS
(NORTHERN SUBURBS BOWLS CLUB)
PROGRAMME :
May 9, Fri: 6:30pm - 9pm, Gospel Meeting
May 10, Sat: 10am - 12:30pm, Special Meeting
Theme: ARISE & BUILD (Neh 2:20)
6:30pm - 9pm, Gospel Meeting
May 11, Sun: 9:30am - 12:30pm Combined Worship
(Lunch Will Be Provided)
CONTACT INFO: aupf.mail@gmail.com
Ps JOHN THOMAS-0402551220, Br. ROY B. OOMMEN-0470334343
Br. BABU PULIAN-0411269322, Ps ALWYN JOSEPH-0433876481
GUEST SPEAKERS
Ps P.C. CHERIAN
Ps K. JOY
WORSHIP:
BRO. JAISON, MELBOURNE
WITH AUPF CHOIR
COME & BE BLESSED !

## ഷാർജയിൽ നിന്നും സ്നേഹപൂർവ്വം



വിൽസൺ ജോർജ്ജ്
വടക്കേമുറിയിൽ
(വൈസ് ചെയർമാൻ)

# സന്ദർശക ബാഹുല്യം

ഗൾഫ് നാടുകളിലെ പെന്തക്കോസ്ത് സഭകൾ ഇന്ന് അഭിമുഖീകരിക്കുന്ന വലിയ പ്രശ്നങ്ങളിൽ ഒന്നാണ് അനധികൃത സന്ദർശക ഉപദേശിമാർ. പ്രവാചകവേഷം കെട്ടി ഒരു വർഷത്തിന്റെ മുക്കാൽ പങ്കും ഗൾഫ് നാടുകളിൽ മാത്രം ചെലവിടുന്ന ധാരാളം ആളുകളെ എനിക്കറിയാം. ഇവരിൽ പലരും ധനസമ്പാദനം മാത്രം ലക്ഷ്യമാക്കി ശുശ്രൂഷകവേഷം കെട്ടുന്നവരാണ്. അനുഗ്രഹീതരായ ദൈവദാസന്മാരുടെ പേരുപോലും കളയുന്നവരാണ് ഇത്തരത്തിൽ വേഷം കെട്ടുന്നത്. ദൈവം നൽകിയെന്ന പേരിൽ ഇവർ പറയുന്ന ആലോചനകൾ ഇവിടെ എത്രയോ കുടുംബങ്ങളെയും സഭകളെയും ശിഥിലമാക്കിക്കളഞ്ഞു. ദുഃഖകരമായി എനിക്ക് തോന്നിയിട്ടുള്ളത് അനുഭവങ്ങളിൽ നിന്ന് പഠിക്കാതെ ഇത്തരക്കാരെ പ്രോത്സാഹിപ്പിക്കുന്നവരുടെ മനഃശാസ്ത്രമാണ്. ദൈവവചനം ധ്യാനിക്കാതെയും മാനസാന്തര അനുഭവമില്ലാതെയും ഇരിക്കുന്നവർ തേടുന്ന എളുപ്പവഴിയാണ് ഇത്തരം പ്രവാചകന്മാരുടെ ആലോചനതേടൽ എന്ന് എനിക്ക് പലപ്പോഴും തോന്നാറുണ്ട്. ഇവിടെ വലിയ ശുശ്രൂഷചെയ്യുന്ന പലരെക്കുറിച്ചും ആകാംഷാപൂർവ്വം അവരുടെ നാടുകളിൽ അന്വേഷിക്കുമ്പോൾ കേൾക്കുന്നത് പലതും കാതിന് ഇമ്പകരമാകാറില്ല. ഇത്തരക്കാർ ഇവിടെയുണ്ടാക്കുന്ന പൊല്ലാപ്പുകൾ വലിയതാകയാൽ ഇവരെ നിയന്ത്രിക്കേണ്ടത് ഇവിടെയുള്ള സഭകളുടെ ചുമതലയാണ്. അർഹതയുള്ളവരെ സഹായിക്കേണ്ട കടപ്പാട് സഭകൾക്കുണ്ട്. എന്നാൽ പലപ്പോഴും വാചകകസർത്ത് നടത്തുന്ന അനർഹരായവർ ദൈവമക്കളിൽ നിന്ന് നന്മകൾ കവരുന്നു എന്നതാണ് കണ്ടുവരുന്നത്. അതിനാൽ ആദ്യം മാനസാന്തരം നടക്കേണ്ടത് ഇത്തരക്കാരെ പ്രോത്സാഹിപ്പിക്കുന്നവർക്കാണ്.

## അമേരിക്കൻ വിശേഷം



രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

# മാധ്യമ സ്വാതന്ത്ര്യം

ഐ. പി. സി. പ്രസ്ഥാനത്തിനെതിരെ എഴുതിയാൽ ഐ. പി. സി.യിലെ അംഗങ്ങളായ ശുശ്രൂഷകർക്കും കൗൺസിൽ അംഗങ്ങൾക്കുമെതിരെ നടപടിക്കൊരുങ്ങുന്നു എന്ന വാർത്ത എനിക്ക് അത്ഭുതമായി. സോഷ്യൽ മീഡിയയും വിഷ്വൽ മീഡിയയും ശക്തമായിരിക്കുന്ന ഈ കാലത്ത് ഇത്തരം നടപടികൾക്കെന്തു പ്രസക്തി. ലോകത്തിലെ ഏകാധിപത്യകളുടെ ഇരുമ്പു കോട്ടക്കുള്ളിൽ നിന്നും വാർത്തകൾ ചോരുന്ന ഈ കാലത്ത് ഇത്തരം ശ്രമങ്ങൾ കൊണ്ട് എന്തു പ്രയോജനം...സഭാ നേതൃത്വവും മാധ്യമങ്ങളും പരസ്പരം പോരടിക്കുന്നതിൽ എന്തു പ്രയോജനം. പെന്തക്കോസ്തിലെ അധഃപതനത്തിനെതിരെ ഒരു പരിധി വരെ ശബ്ദമുയർത്തുന്നത് പെന്തക്കോസ്ത് മാധ്യമങ്ങൾ മാത്രമാണ്.

വ്യക്തിവിരോധം തീർക്കുവാൻ മാധ്യമങ്ങളെ ഉപയോഗിക്കുവാൻ പാടില്ല. ഗ്രൂപ്പു വൈരാഗ്യം തീർക്കുവാനുള്ളതല്ല ക്രൈസ്തവ മാധ്യമം. ആശയപരമായ എതിർപ്പുകൾ മാത്രമേ മാധ്യമങ്ങൾക്കുണ്ടാകുവാൻ പാടുള്ളൂ. എലിയെ പേടിച്ച് ഇല്ലം ചുടുന്ന പരിപാടി സഭാ നേതൃത്വം ഉപേക്ഷിക്കുന്നതാണ് നല്ലത്. പകരം ആരോഗ്യപരമായ ബന്ധം മാധ്യമങ്ങളുമായി സജീവമായി നിലനിർത്തുവാൻ ശ്രമിക്കുക. വ്യക്തിഹത്യ ഒഴിവാക്കുവാൻ മാധ്യമങ്ങളും ശ്രമിക്കുക. വിമർശനങ്ങളിൽ കഴമ്പുണ്ടെങ്കിൽ തിരുത്തേണ്ടത് തിരുത്തി സഹിഷ്ണത കാട്ടുവാൻ നേതൃത്വവും തയ്യാറാകണം. കാരണം നാം പിൻതുടരുന്നത് ക്രിസ്തീയ മാർഗ്ഗമാണ്.

Believers Journal
P.O.Box: 31, Manjadi P.O., Thiruvalla - 689 105

SOUL WINNERS INDIA
Bethel Bible College
[Affiliated to IATA & Called to all Nations Ministries (USA)]
GREAT OPPORTUNITY FOR NORTH INDIAN MINISTRIES



Rev. K.G. Easo
Founder and Director



2011 Graduates

| Course Offered | Duration | Qualification |
|---|---|---|
| 1. Certificate in Theology (C.Th) | 1 year | 10th class |
| 2. Diploma in Theology (Dip.Th) | 2 year | 10th class |
| 3. Bachelor of Theology (B.Th) | 3 Year | Plus Two Pass |

Medium Instruction Local Language + English

OUR FEATURES
- High qualified, experienced and committed faculty
- Growing library
- Spacious and neat dormitory
- Calm and quit campus with spiritual atmosphere
- Daily Spiritual activities
- Free accommodation, Food and study materials
- Weekend outreach ministries to the nearby cities.



For more information and application write to:
The Registrar, SWI Bethel Bible College,
Surana Nagar, Barwaha, MP, Pin: 451115
Ph: 07280-222592, 09981571723, 09926702063




റവ. കെ.ജി. ഈശോയുടെ ആത്മകഥ
സോൾ വിന്നേഴ്സ് ഇൻഡ്യാ സ്ഥാപകനും ഡയറക്ടറുമായ
റവ. കെ.ജി. ഈശോയുടെ സംഭവബഹുലവും
47 വർഷത്തെ വടക്കേ ഇൻഡ്യൻ സുവിശേഷീകരണ അനുഭവങ്ങളും
അടങ്ങിയ 'എന്റെ ജീവിതയാത്ര' എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു.
കേവലം ആത്മകഥ എന്നതിലുപരി സോൾ വിന്നേഴ്സ് ഇൻഡ്യയുടെ
ഒരു ചരിത്രഗ്രന്ഥം കൂടിയാണ്.
കോപ്പികൾ ആവശ്യമുള്ളവർ ബന്ധപ്പെടുക
Ph: 07280222592,09981571723,09497010138, 9893478488
Email ID : kg.easo@gmail.com

WANTED TEACHERS
Invite application from qualified Teachers for Grace Higher Secondary School, Barwaha
9893478488

# ഗ്രൗണ്ട് ബ്രേക്കിംഗ്



**ലേക്‌ലാന്റ്:** എബനേസ്സർ ഇന്ത്യാ പെന്തെക്കോസ്തു സഭയ്ക്കു വേണ്ടി പണികഴിപ്പിക്കുവാനുദ്ദേശിക്കുന്ന പുതിയ സാങ്ച്ചറിയുടെ ഗ്രൗണ്ട് ബ്രേക്കിംഗ് മാർച്ച് 30–ന് ഞായറാഴ്ച പാസ്റ്റർ ജയിംസ് ജോർജ്ജ് ഉമ്മൻ നിർവഹിച്ചു. സഭയ്ക്കു വേണ്ടി നേരത്തെ വാങ്ങിയിരുന്ന സ്ട്രിക്ക് ലാന്റ് റോഡിലെ പ്രോപ്പർട്ടി പാസ്റ്റർ ജേക്കബ് കോശി തദവസരം സമർപ്പിച്ചു പ്രാർത്ഥിക്കുകയും ആശംസാ സന്ദേശം നൽക്കുകയും ചെയ്തു. മുൻ ശുശ്രൂഷകന്മാരായ പാസ്റ്റർ ജോൺ തോമസ്(മയാമി), പാസ്റ്റർ പി. എ. കുര്യൻ, പാസ്റ്റർ ജോൺ സാമുവേൽ എന്നിവരെ കൂടാതെ പാസ്റ്റർ റെജി ഫിലിപ്പ്, പാസ്റ്റർ ജോർജ്ജ് മാത്യൂ, പാസ്റ്റർ റ്റി.വി.ശാമുവേൽ എന്നിവർ ശുശ്രൂഷകളിൽ പങ്കാളികളായി. സഭാംഗങ്ങളിൽ സീനിയേഴ്സ് ആയ പാസ്റ്റർ ജോൺ തോമസ്, പാസ്റ്റർ ജോർജ്ജ് തോമസ്, പാസ്റ്റർ എം.വി കുരുവിള, കെ.ഒ. സാമുവേൽ, ജോർജ്ജ് വർഗീസ്, മാത്യൂ വർഗീസ് എന്നിവരും ഗ്രൗണ്ട് ബ്രേക്കിംഗിൽ സഹകാരികളായി. പാസ്റ്റർ ജോർജ്ജ് തോമസ് അദ്ധ്യക്ഷത വഹിക്കുകയും ബ്രദർ ജോർജ്ജ് പാപ്പച്ചൻ സ്വാഗതവും ഡോ. സ്റ്റീഫൻ പാപ്പച്ചൻ കൃതജ്ഞതയും അറിയിച്ചു. സാങ്ച്ചറി, ഫെലോഷിപ്പ് ഹാൾ, സണ്ടേ സ്കൂൾ റൂംസ്, ചിൽഡ്രൻസ് ചർച്ച് എന്നിവ ഉൽപ്പടെ 16000 സ്ക്വയർ ഫീറ്റിലാണ് പുതിയ ആലയം നിർമ്മിക്കുന്നത്.

## ഡോ.കോര സംസാരിക്കുന്നു



1. മുംബൈ ചർച്ച് ഓഫ് ഗോഡിലെ നേതാവിന്റെ രോഗം എന്താണ് കോരേ — **ജയിംസ്, മുംബൈ**

*അധികാര മോഹം*

2. ഐ. പി. സി.യിൽ പത്രക്കാരെ നിയന്ത്രിക്കണമെന്ന് ഒരു പത്രാധിപർ പറഞ്ഞല്ലോ കോരേ — **സുബിൻ, കുമ്പനാട്**

*മറ്റു പ്രസ്ഥാനങ്ങളെയും ഐ. പി. സി.യിലെ പ്രതിപക്ഷത്തെയും അക്രമിക്കുന്നതിൽ ഉസ്താദാണല്ലേ ഈ പത്രാധിപർ. കള്ളിനും ചക്കരയ്ക്കും വേണ്ടി ഒരുപോലെ ചെത്താനുള്ള കഴിവ് അപാരം തന്നെ.*

3. ശശിതരൂർ രക്ഷപ്പെടുമോ കോരെ — **ദാനിയേൽ, തിരുവനന്തപുരം**

*പെന്തക്കോസ്തുകാരുടെ സഹായം തേടിയതോടെ കാര്യം കഷ്ടത്തിലായി എന്നതാണ് സത്യം. ഇനി ദൈവം തമ്പുരാൻ കനിഞ്ഞാൽ മാത്രം രക്ഷ*

## ജേണൽ ഫോക്കസ്

# വിശുദ്ധന്മാരുടെ പേരും സ്ഥലവും പദവിയും വെളിപ്പെടുന്ന സിംഹാസനം



റവ. കെ.എം. ജോൺസൺ
പൂവൻതുരുത്ത്,
9497161022

യേശുക്രിസ്തുവിനെ ക്രൂശിച്ച കുരിശിൽ പീലാത്തോസ് പതിപ്പിച്ച മേലെഴുത്ത് തിരുത്തി എഴുതണമെന്ന് മഹാപുരോഹിതന്മാർ ആവശ്യപ്പെട്ടിട്ടും പീലാത്തോസ് തന്റെ നിലപാടിൽ ഉറച്ചുനിന്നു. ഞാൻ എഴുതിയത് എഴുതി എന്ന ദ്ദേഹം ഉറപ്പിച്ചുപറഞ്ഞു. അതുകൊണ്ട് പ്രസ്തുത മേലെഴുത്ത് ഇന്നും ലോകത്തോട് സംവാദിക്കുകയാണ്. കുരിശിലെ സന്ദേശത്തിലാണ് യേശുക്രിസ്തു തന്റെ സിംഹാസനം സ്ഥാപിച്ചത്. സ്ഥലവും പേരും പദവിയും സമ്മേളിക്കാത്ത സിംഹാസനമാണത് (യോഹ. 19: 19-21) അന്നു സംഭവിക്കാതിരുന്നതും ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ സിംഹാസന യാഥാർത്ഥ്യങ്ങളിലേക്ക് ഉള്ള നിരീഷണമാണ് ഈ ലക്കത്തിൽ. പെന്തെക്കോസ്തു പ്രസ്ഥാനങ്ങളുടെ നേതൃസ്ഥാനങ്ങളിൽ അവരോധിക്കപ്പെട്ടു കഴിഞ്ഞാൽ, ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ എന്ന അജഗണത്തെ പരിപാലിക്കുന്ന ശുശ്രൂഷകരായി കഴിഞ്ഞാൽ എല്ലാം തികഞ്ഞു, അമാനുഷീകരായി എന്ന ചിന്തപലരേയും ഭരിക്കുന്നുണ്ട്. അവർക്കുള്ള വേദപുസ്തകമറുപടിയാണ് കുരിശിലെ മേലെഴുത്ത്.

യോഹ. 19:19-ാം വാക്യം മനസ്സിരുത്തി വായിക്കുന്നവർക്ക് അത് വളരെ ഗുണം ചെയ്യും. കണ്ഠഷോഭക്കാർക്ക് ഈ വാക്യത്തിൽ മുങ്ങാംകുഴി ഇട്ടുതപ്പാൻ യാതൊന്നുമില്ല. പക്ഷേ തേജസിൽ പ്രത്യാശ വച്ചിരിക്കുന്ന എണ്ണികൂടാതെയുള്ള വിശുദ്ധന്മാരുടെ ഗണം വിശ്വാസക്കണ്ണാൽ നോക്കിക്കാണുമ്പോൾ അവർക്ക് അതിൽ ഒരു സുവർണ്ണരേഖ തെളിയുന്നതുക്കാണുവാൻ സാധിക്കും. ആ പ്രത്യാശയിലേക്ക് ഈ ലക്കം ഫോക്കസ് ചെയ്യുകയാണ്.

ശുശ്രൂഷകരായികഴിഞ്ഞാൽ അഥവാ ഔദ്യോഗിക സ്ഥാനങ്ങളിൽ കയറിപ്പറ്റിക്കഴിഞ്ഞാൽ എല്ലാംആയി എന്നൊരു മിഥ്യാധാരണ പലർക്കുമുണ്ട്. അത് അജ്ഞതകൊണ്ടു സംഭവിക്കാത്തതാണ്. താൻ വല്ലതും അറിയുന്നു എന്നു ഒരുത്തനു തോന്നുന്നു എങ്കിൽ അറിയേണ്ടതുപോലെ അവൻ ഇന്നുവരെ ഒന്നും അറിഞ്ഞിട്ടില്ല എന്ന പൗലോസ് പറയുന്നു (1 കൊരി. 8:2) ഈ വാക്യവും നമ്മൾ ഉൾക്കൊള്ളുന്നത് വളരെ പ്രയോജനം ചെയ്യും. വിശുദ്ധന്മാർ പലരും ധാർഷ്ട്യം സംസാരിക്കുന്നതിൽ മുൻപന്തിയിലാണ്. പലർക്കും മഹാനക്രത്തിന്റെ സ്വഭാവമാണ്. പോർതിട്ടം എന്ന് ഓർത്തു കൊള്ളേണമെന്നാണ് അനുശാസനം.

ഒരു ഉദാഹരണം പറയാം. ശുശ്രൂഷകന്മാർക്കുവേണ്ടി മധ്യതിരുവതാംകൂറിൽ വച്ചു നടത്തിയ ഒരു ഏകദിനസെമിനാറിൽ ഞാൻ ക്ലാസ്സെടുക്കാൻപോയി. ഞാൻ നിർദ്ദിഷ്ടസമയത്തിനും വളരെ നേരത്തെയാണ് ചെന്നത്. അവിടെ ചെന്നപ്പോൾ വെള്ള നീളൻകൈഷർട്ട് ധരിച്ച ഒരു പാസ്റ്ററെ കണ്ടു. വെറുതെ കുശലാന്വേഷണം ആകാം എന്നു തോന്നി. ആ പാസ്റ്ററോട് സഹോദരൻ എന്നു സംബോധന ചെയ്തു കുശലം ചോദിച്ചു. അദ്ദേഹം എന്നെ രൂക്ഷമായി ഒന്നു നോക്കി. തുർന്നു പെട്ടെന്ന് മൂത്രപ്പുര ലക്ഷ്യം വച്ചു നടന്നു. ഏതാനും നിമിഷം കഴിഞ്ഞ് മടങ്ങി വന്നു എന്നോടു കയർത്തുസംസാരിച്ചു തുടങ്ങി. ഞാൻ ഒരു മഹാ അപരാധം ചെയ്ത മട്ടിലായിരുന്നു അദ്ദേഹത്തിന്റെ സംസാരശൈലി. ഞാൻ തർക്കത്തിൽനിന്ന് ഒഴിയാൻ ശ്രമിച്ചു; പക്ഷേ പാസ്റ്റർ എന്നെ വിടുന്ന ഭാവം ഇല്ല.

സംഭാഷണം ഇങ്ങനെ: "ഞാൻ ഭൂമീം അധോഭാഗങ്ങളും സൃഷ്ടിച്ച മഹാദൈവത്തിന്റെ പാസ്റ്ററാണ്. ഇതു ഇങ്ങേർക്ക് അറിയുവോ" (അധോഭാഗം എന്നത് നരകം ആണെന്നു ഞാൻ ഉദ്ദേശിച്ചു. പാസ്റ്ററന്മാരെ സഹോദരാ എന്നു വിളിച്ചാൽ നരകം ഉറപ്പെന്നു സൂചന).

"ഉവ്വ് പാസ്റ്ററെ ഉവ്വ്" ഞാൻ പറഞ്ഞു. എന്നിട്ടാണോ പാസ്റ്ററായ എന്നെക്കേറി സഹോദരാന്നു എഴുന്നെള്ളിച്ചത്" (കോപിഷ്ഠനായ പാസ്റ്ററുടെ ചുണ്ടുകളും നാസികാഗ്രവും വിറയക്കുന്നുണ്ടായിരുന്നു).

എനിക്കൊന്നും മിണ്ടാനില്ല. ഞാൻ ഊമനെപ്പോലെ ഉരിയാടാനാവാതെ നിലകൊണ്ടു. പാസ്റ്ററെ സഹോദരാ എന്നു വിളിച്ചതിലെ കഷ്ടതയാണ് ഞാൻ അനുഭവിച്ചു കൊണ്ടിരിക്കുന്നത്. നീ എന്തിനു ഈ ചീള് കേസ്സിനുപോയി എന്ന് എന്റെ അന്തരംഗം എന്നോടു മന്ത്രിച്ചു. ഞാൻ അങ്ങനെ വിളിച്ചത് അമാന്ത്യവുമായി എന്നും എനിക്കുതോന്നി. ഞാൻ ഉണർന്നു. "ക്ഷമിക്കൂ ദൈവദാസനെ" ഞാൻ അപേക്ഷിച്ചു.

"ഹും...ഹും എന്ന ശബ്ദം പുറപ്പെടുവിച്ചു വാ...വരിൻ എന്ന് തലയാട്ടിക്കൊണ്ട് മറ്റുപാസ്റ്ററന്മാർ അടുത്തുകൂടാൻ അദ്ദേഹം ആഹ്വാനം ചെയ്യുന്നുണ്ട്. ക്ഷൗരം ചെയ്തു പൗഡർ പൂശി വെളിപ്പാക്കിയ മുഖരോമകൂപങ്ങളിൽ നിന്നും വിയർപ്പ് ചാലിട്ടൊഴുകിത്തുടങ്ങി.

"ദയവായി ക്ഷമിക്കൂ" ഞാൻ ആവർത്തിച്ചു അപേക്ഷിച്ചു. അതോടെ മറ്റുചില മുഴുക്കൈ നീളൻ ഷർട്ടുധാരികളും അടുത്തുകൂടി. അവർ എല്ലാവരും ചേർന്ന് എന്നെ ശകാരിക്കാൻ തുടങ്ങി. (എന്നെ തിരിച്ചറിഞ്ഞവർ പിൻവലിയാനും). കുറെനേരം അദ്ദേഹം എന്നെ ഇമവെട്ടാതെ നോക്കിനിന്നു. പിന്നെ നാവനക്കിതുടങ്ങി". ഇനിമേലീ ഇങ്ങനെ വിളിച്ചും പറഞ്ഞും നടക്കരുത്. ഗേട്ടല്ലോ....ഇന്നത്തെ ക്ലാസ്സിൽ പങ്കെടുത്തു മാനസാന്തരപ്പെട്ടാട്ടെ" അദ്ദേഹം എന്നെ ശാസിച്ചു (എന്റെ ഉള്ളിൽ ചിരിയുണ്ടായി. പോളിറ്റ്ബ്യൂറോ വി. എസ്സിനെ ശാസിക്കുന്നത് (കൂടെകൂടെ) ഞാൻ ഓർത്തുപോയി). എങ്കിലും ഞാൻ സംയമനം പാലിച്ചു. ഇപ്പോൾ ചിരിക്കുന്നത് അനുചിതമാണ്. അവരെ അവഹേളിച്ചതായി തോന്നിയാലോ? "അല്ലേലും ഇവന്മാർക്കൊന്നിനും പാസ്റ്ററന്മാരുടെ സിംഹാസനത്തിന്റെ വിലേം നിലേം അറിയാമ്പാടില്ല" അവരിൽ ഒരാൾ അഭിപ്രായപ്പെട്ടു അപ്പോൾ ഞാൻ കുരിശിലെ മേലെഴുത്ത് ഓർത്തു.

ഇത് ഒരു ഒറ്റപ്പെട്ട സംഭവമാകാം. ഒരു പക്ഷേ എനിക്കുമാത്രം ഉണ്ടായ അനുഭവം (ഹിന്ദുമതത്തിൽ നിന്നും രക്ഷാനിർണ്ണയം പ്രാപിച്ചു വന്ന വിമല എന്ന വിധവയുടെ ജീവിതാനുഭവങ്ങൾ - സഭയിൽ നിന്നും അനുഭവിച്ചത് - "സങ്കീർത്തനങ്ങളിൽ അഭയം" എന്ന കഥയിലും (മലബാർ ഗോസ്പൽ മെസഞ്ചർ: എഡിറ്റർ സാബു സാമുവൽ: 1985) കർത്തൃദാസന്റെ വിധവ പൊടിയമ്മച്ചിയുടെ തിക്താനുഭവം "പർവ്വതങ്ങളിലെ കണ്ണ്" എന്ന കഥയിലും (ബിലീവേഴ്സ് ജേണൽ - 2011) ഞാൻ എഴുതിയിട്ടുണ്ട്. ഈ വർഷം പുറത്തിറക്കുന്ന എന്റെ കഥാസമാഹാരത്തിൽ ഈ രണ്ടുകഥകളും ഉൾപ്പെടുത്തുന്നതാണ്). **തുടരും...**



NEW INDIA BIBLE SEMINARY
www.nibskerala.org
Accredited by Asia Theological Association (ATA)
• Qualified & experienced faculty • Outstanding spiritual fellowship
• Well equipped library • Excellent practical training in ministry
• Convenient hostel facilities for men & women

| Programme | Medium | Duration | Admission Requirements |
|---|---|---|---|
| M.Th (HCD) | English | 2 Years | M.Div/BD from a recognised Seminary |
| M.Div | English | 2/3 Years | Recognised B.Th / Any university recognised Bachelor's degree |
| B.Th | English | 3 Years | +2 Pass or equivalent |
| Dip.Th | English | 2 Years | S.S.L.C. or equivalent |
| C.Th | English | 1 Year | S.S.L.C. |

Academic Excellence | Spiritual Vibrancy | Ministry Opportunities | Mission Emphasis
For Prospectus & Application form, write to:
THE REGISTRAR, NEW INDIA BIBLE SEMINARY
P.O.BOX 2, PALLICKACHIRAKAVALA P.O., CHANGANACHERRY 686 537 KERALA, INDIA
TEL: 0481 2443433 email: registrarnibs@gmail.com • www.nibskerala.org
Dr. Alexander Philip, Director ....... Dr. Jaison Thomas, Principal



## 01 ഐ. പി. സി. മലബാർ മേഖലയ്ക്ക് ....

ക്കോട് ഫിലദെൽഫ്യാ ഹാളിൽവച്ചായിരുന്നു ജനറൽ ബോഡി മീറ്റിംഗ് നടന്നത്. പാലക്കാട് മുതൽ കാസർകോഡ് വരെയുള്ള ആറ് റവന്യൂ ജില്ലകൾ ചേർന്നതാണ് മലബാർ മേഖല. ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭയ്ക്ക് 35 സെന്ററുകൾ മലബാർ മേഖലയിൽ ഉണ്ട്. സുവിശേഷീകരണം, സഭാസ്ഥാപനം, ജീവകാരുണ്യപ്രവർത്തനങ്ങൾ, വിദ്യാഭ്യാസ സഹായം, കൺവൻഷനുകൾ തുടങ്ങിയവ അടുത്ത മൂന്നുവർഷത്തേയ്ക്ക് പുതിയഭരണ സമിതിയുടെ നേതൃത്വത്തിൽ നടപ്പിൽ വരുത്തുന്നതാണ്.

പാസ്റ്റർ ജോൺ ജോർജ്ജ് (പ്രസിഡന്റ്), പാസ്റ്റർ സാം ഡാനിയേൽ (സെക്രട്ടറി), ബ്രദർ ജോർജ്ജ് തോമസ് (ഖജാൻജി), പാസ്റ്റർ വി. ജെ. ജോർജ്ജ്, പാസ്റ്റർ എം. വി. മത്തായി, പാസ്റ്റർ സി. ജെ. ഏബ്രഹാം (രക്ഷാധികാരികൾ) പാസ്റ്റർ കെ. ഐ. വർഗ്ഗീസ്, പാസ്റ്റർ ജിജി തെക്കേടത്ത്, പാസ്റ്റർ എം. എം. മാത്യു, പാസ്റ്റർ സന്തോഷ് മാത്യു, പാസ്റ്റർ ജോയി വർഗ്ഗീസ്, പാസ്റ്റർ ചാക്കോ ദേവസ്യ (വൈ. പ്രസിഡന്റുമാർ) പാസ്റ്റർ ബാബു മഞ്ചേരി, പാസ്റ്റർ ലാലുമോൻ ചാക്കോ, പാസ്റ്റർ വി. റ്റി. അന്ത്രയോസ്, പാസ്റ്റർ ജോൺ വി. ജേക്കബ്, ബ്രദർ അനിൽ കെ. ജി., ബ്രദർ സാം കൊണ്ടാഴി (ജോ. സെക്രട്ടറിമാർ). പാസ്റ്റർ സജി നെടുങ്കണ്ടം, പാസ്റ്റർ ജെസ്റ്റിൻ രാജ് (പബ്ലിസിറ്റി). പാസ്റ്റർ ജോൺ മമ്മരപ്പള്ളി, ബ്രദർ ജെയിംസ് വർക്കി (ലീഗൽ അഡ്വൈസറി), പാസ്റ്റർ രാജൻ കെ. ഈശായി (ഇവാഞ്ചലിസം). ബ്രദർ ജോർജ്ജ് തോമസ് (വിദ്യാഭ്യാസം), ഇവ. സുനിൽ മാത്യു, പാസ്റ്റർ ജേക്കബ് ഫിലിപ്പ്, പാസ്റ്റർ വി. എസ്. തോമസ്, പാസ്റ്റർ ഏബ്രഹാം ജെയിംസ്, പാസ്റ്റർ സി. റ്റി. ബെന്നി, പാസ്റ്റർ ജിമ്മി കുര്യാക്കോസ്, പാസ്റ്റർ എം. ജെ. മത്തായി, പാസ്റ്റർ ജോയി പോൾ, പാസ്റ്റർ കെ. എം. സാമുവേൽ (കമ്മറ്റി അംഗങ്ങൾ) ഇവർ അടുത്ത 3 വർഷത്തേക്ക് മലബാർ മേഖലയ്ക്ക് നേതൃത്വം നൽകും.

# സെന്റർ കൺവൻഷൻ



ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ കല്ലൂപ്പാറ സെന്റർ കൺവൻഷൻ സണ്ണി വർക്കി ഉദ്ഘാടനം ചെയ്യുന്നു.

**കല്ലൂപ്പാറ:** ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൺ കല്ലൂപ്പാറ സെന്റർ കൺവൻഷൻ കോട്ടൂർ വച്ച് 2014 ഏപ്രിൽ 3-6 വരെ നടത്തപ്പെട്ടു. പാസ്റ്റർമാരായ സണ്ണി വർക്കി, ജെയ്സ് പാണ്ടനാട്, ജോസഫ് റ്റി. സാം എന്നിവർ വചനഘോഷണം നടത്തി. വെള്ളിയാഴ്ച രാവിലെ നടന്ന സംയുക്ത ഉപവാസപ്രാർത്ഥനയിൽ പാസ്റ്റർ ലാൽ പ്രസംഗിച്ചു.

SS, Y.P.E, L.A. സംയുക്ത സമ്മേളനത്തിൽ കുട്ടികളുടെ വിവിധ കലാപരിപാടികൾ നടത്തപ്പെട്ടു.പാസ്റ്റർ ജോസഫ് ജോർജ്ജ്, സിസ്റ്റർ ഷേർലി സണ്ണി എന്നിവർ പ്രസംഗിച്ചു. ഞായറാഴ്ച രാവിലെ സ്നാന ശുശ്രൂഷയും കർത്തൃമേശയും സംയുക്ത ആരാധനയും നടന്നു. പാസ്റ്റർമാരായ എം.പി. മാത്യു. ടൈറ്റസ് ജോസഫ് എന്നിവർ പ്രസംഗിച്ചു.

# നിത്യതയിൽ



### ഗ്രേസിക്കുട്ടി വർഗീസ്

**ഡാളസ്:** കോന്നി കൊന്നപ്പാറ എണ്ണിക്കാട്ട് പരേതനായ ഏ. റ്റി. വർഗീസിന്റെ ഭാര്യ ഗ്രേസിക്കുട്ടി വർഗീസ് (83) ബാംഗ്ലൂരിൽ നിര്യാതനായി. 14-ാം തീയതി തിങ്കളാഴ്ച ഹൊസൂർ റോഡ് സെമിത്തേരിയിൽ സംസ്കാരം നടത്തി. പരേത പന്തളം കുളനട ആലേക്കുമണ്ണിൽ കുടുംബാംഗമാണ്. പരേത മക്കളോടൊപ്പം ഡാളസിലായിരുന്നു.



### പി. യു. ജോൺ

**ഹൂസ്റ്റൺ:** കൂത്താട്ടുകുളം പുതിയ പുറത്ത് പരേതനായ പി. ഡി. ഉലഹന്നാന്റെയും, അന്നമ്മയുടെയും മകൻ പി.യു. ജോൺ ഏപ്രിൽ 4-ന് നിര്യാതനായി. ഭാര്യ: ഗ്രേസിക്കുട്ടി കിഴക്കേടത്ത്. മക്കൾ: ജിബി, ജോൺസി. മരുമക്കൾ: ബോബി ജോർജ്ജ്, ലിസ്സി ജോൺ. ഏപ്രിൽ 11 വെള്ളിയാഴ്ച്ച വൈകിട്ട് 6.30 മുതൽ 9 വരെ ക്രിസ്ത്യൻ അസംബ്ലി ഓഫ് ഹൂസ്റ്റണിൽ വച്ച് പൊതുദർശനം ഏപ്രിൽ 12 ശനിയാഴ്ച രാവിലെ 9.30 മുതൽ 12 വരെ ശവശംസ്കാര ശുശ്രൂഷകൾക്ക് ശേഷം പെയർലാന്റിലുള്ള സൗത്ത് പാർക്ക് സെമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.

# കൗൺസലിംഗ് ക്യാമ്പ് സമാപിച്ചു




സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ പി. ജെയിംസ് ക്യാമ്പ് ഉദ്ഘാടനം ചെയ്യുന്നു. ഡയറക്ടർ പാസ്റ്റർ എ. റ്റി ജോസഫ്, പാസ്റ്റർ. ഐസക് വി. മാത്യൂ, ഡോക്ടർ. സുജ ജോൺ, പാസ്റ്റർ. റോജി സാമുവേൽ, റവ. പി. എസ്. കുര്യൻ എന്നിവർ സമീപം.

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ്, കേരള സ്റ്റേറ്റ് കൗൺസിലിംഗ് ഡിപ്പാർട്ട്മെന്റ് നേതൃത്വം നൽകിയ കൗൺസലിംഗ് ക്യാമ്പ്, ഏപ്രിൽ 2 ന് ഓവർസിയർ പാസ്റ്റർ. പി. ജെ. ജയിംസ് ഉദ്ഘാടനം ചെയ്തു. ഡയറക്ടർ പാസ്റ്റർ എ. റ്റി. ജോസഫ് അദ്ധ്യക്ഷനായിരുന്നു. പേഴ്സണാലിറ്റി ഡവലപ്പ്മെന്റ് , കരിയർ ഗൈഡൻസ്, ടീനേജ് ഇഷ്യൂസ്, അഡിക്ഷൻ, പ്രീമാരീറ്റൽ കൗൺസലിംഗ് തുടങ്ങിയ വിഷയങ്ങളെ കുറിച്ച് ഡോക്ടർ. ഐസക് വി. മാത്യൂ, ഡോക്ടർ. ജസ്സി ജയ്സൺ, ഡോക്ടർ. എബി തോമസ്, റവ. കെ. എസ്. സാമൂവേൽ, റവ. ജയിംസ് ജോർജ് വെൺമണി, റവ. ജോൺസൺ ഡാനിയേൽ, സൂസി ജോൺസൺ എന്നിവർ ക്ലാസ്സുകൾ നയിച്ചു. രജിസ്റ്റർ ചെയ്ത 100 പേർക്കായിരുന്നു പ്രവേശനം. സെക്രട്ടറി പാസ്റ്റർ.റോജി സമൂവേൽ സ്വാഗതവും പ്രോഗ്രാം കോ-ഓർഡിനേറ്റർ പാസ്റ്റർ ഷെർവിൻ വർഗീസ് നന്ദിയും പറഞ്ഞു. ബോർഡ് മെമ്പേഴ്സ്, ഡിസ്ട്രിക്റ്റ് മെമ്പേഴ്സ്, പാസ്റ്റേഴ്സ് എന്നിവരടങ്ങിയ കമ്മറ്റി ക്യാമ്പിന്റെ വിജയത്തിനായി പ്രവർത്തിച്ചു.

# കൺവൻഷൻ

**കായംകുളം:** ചർച്ച് ഓഫ് ഗോഡിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 31 മുതൽ ഏപ്രിൽ 2 വരെ കാപ്പിൽ പൊന്നമ്പള്ളിൽ ഭവനാങ്കണത്തിൽവച്ച് കൺവൻഷൻ നടന്നു. കായംകുളം ഡിസ്ട്രിക്ട് പാസ്റ്റർ റവ. പി.ജെ. ജേക്കബ് ഉദ്ഘാടനം നിർവ്വഹിച്ചു. പാസ്റ്റർമാരായ പോൾ ഗോപാലകൃഷ്ണൻ, ജെയ്സ് പാണ്ടനാട്, റോജൻ റാന്നി എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ ശാമുവേൽ ഫിലിപ്പ് നേതൃത്വം നൽകി. ഷെയ്ഖേന ബാന്റ് കായംകുളം ഗാനശുശ്രൂഷ നിർവ്വഹിച്ചു.

# ഓസ്ട്രേലിയ യുണൈറ്റഡ് പെന്തക്കോസ്തൽ ഫെലോഷിപ്പ്, ബ്രിസ്ബെയ്ൻ കോൺഫറൻസ് 2014

**ബ്രിസ്ബെയ്ൻ:** ഓസ്ട്രേലിയയിലുള്ള എല്ലാ പെന്തക്കോസ്തൽ സഭകളുടെയും, വിശ്വാസികളുടെയും ആത്മീയ ഐക്യതയും കൂട്ടായ്മയും ലക്ഷ്യമാക്കി ആരംഭിച്ച ഓസ്ട്രേലിയ യുണൈറ്റഡ് പെന്തക്കോസ്തൽ ഫെലോഷിപ്പിന്റെ (AUPF) ആഭിമുഖ്യത്തിലുള്ള ക്വീൻസ്ലാൻഡ് കോൺഫറൻസും, സംയുക്ത സഭായോഗവും 175 എഡിൻബൊറോ കാസ്റ്റൽ റോഡ്, വേവൽഹൈറ്റ്സ് (നോർത്തേൺ സബർബ് ബൗൾസ് ക്ലബ്), ബ്രിസ്ബെയ്നിൽ വച്ചു മെയ് 9,10,11 തിയതികളിൽ നടക്കുന്നു.

മുഖ്യാഥിതികളായ ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് സെക്രട്ടറി പി. സി. ചെറിയാൻ, ഐ പി സി ഡൽഹി റീജിയൺ പ്രസിഡന്റ് പാസ്റ്റർ കെ. ജോയ് എന്നിവർ ദൈവവചനം ശുശ്രൂഷിക്കും. പാസ്റ്റർ ജെസ്വിൻ മാത്യൂവിന്റെ നേതൃത്തിൽ AUPF CHOIR സംഗീത ശുശ്രൂഷ നടത്തുന്നതാണ്. സഭാവ്യത്യാസമില്ലാതെ ഐക്യതയ്ക്കു മാത്രം ഊന്നൽ നല്കുന്ന ഈ കോൺഫറൻസിൽ ഓസ്ട്രേലിയയിലുള്ള വിവിധ സഭാവിഭാഗങ്ങളിൽ നിന്നുള്ള ശുശ്രൂഷകരും, പ്രതിനിധികളും, വിശ്വാസികളുമായി നിരവധിയാളുകൾ പങ്കെടുക്കും. കൂടുതൽ വിവരങ്ങൾക്ക് പാസ്റ്റർ ജോൺ തോമസ് (ഹണീ) (0402551220), ബ്രദർ റോയ് ബി. ഉമ്മൻ (0470334343), ബ്രദർ ബാബു പുളിയൻ (0411269322), പാസ്റ്റർ ആൽബിൻ ജോസഫ് (0433876481) എന്നിവരുമായി ബന്ധപെടുക.

## കൊച്ചുവർത്തമാനം



പാസ്റ്റർ ബിജു ജോയി തുവയൂർ
ഗൾഫ് എഡിറ്റർ
ബിലീവേഴ്സ് ജേണൽ



# മടങ്ങിവരവ്

**ചാ**ക്കോ ചേട്ടന് തന്റെ ലോക്കൽ സഭയിൽ വലിയ സ്വാധീനമായിരുന്നു വിശേഷിച്ച് മാസയോഗ ക്രമീകരണത്തിലും മറ്റും- മാസയോഗ ക്രമീകരണത്തിനായി ഡിസ്ട്രിക്ട് മീറ്റിംഗിനു പോകുന്നതിനു മുമ്പ് 'ദാസൻ' തീയതിയും മറ്റും, തീരുമാനിക്കുന്നതിന് മുമ്പ് ചാക്കോ ചേട്ടനോടൊരുവാക്ക് ഒന്നും ചോദിക്കും വെറുതേ ചോദിച്ചാലും അത് ഉപദേശിക്ക് " ഗുണം" ഉണ്ടാകും തീർച്ച. അങ്ങനെയിരിക്കെ നടന്ന ഒരു മാസയോഗത്തിൽ കേന്ദ്രത്തീന്ന് വന്ന സാറിനെ 'മാനിക്കുന്ന' തിരക്കിൽ മാസയോഗ ശേഷിപ്പുകളുടെ വിതരണത്തിന് വേണ്ടും പോലെ ശ്രദ്ധിക്കാൻ കഥാപുരുഷനു കഴിയാതെപ്പോയി- താൻ കലവറയിൽ എത്തും മുമ്പെ തന്നെക്കാൾ ചുമതലാബോധമുള്ള ഒരു സഹോദരൻ വീണു കിട്ടിയ അവസരം നന്നായി പ്രയോജനപ്പെടുത്തി. പാത്രങ്ങൾ തീരുവോളം നിറച്ച് അയച്ചു- അല്പസ്വല്പം ഉള്ളത് വിശ്വാസഭവനത്തിനായും വേർതിരിച്ചു. കലവറ കാലിയായി എന്നു കണ്ടതും ചാക്കോ ചേട്ടന്റെ ഹൃദയം തകർന്നു പോയി."നാളെ ഞാൻ യോഗത്തിന് വരില്ല" എന്ന മുന്നറിയിപ്പും ചരിത്രത്തിൽ പുതിയ ചില സംഭവ വികാസങ്ങൾ ഉണ്ടാകും എന്ന സൂചനയും നൽകി ഭൂമി കുലുങ്ങും വണ്ണം ഉറച്ച ചുവടുകളുമായി അവിടം വിട്ടിറങ്ങി. അനുനയത്തിന്റേയും, ആശ്വാസത്തിന്റേയും വാക്കുകളുമായി പിൻ ചെന്ന സഭാദൂതനോട് ആശ്വാസവാക്കുകളൊന്നും ഉച്ചരിപ്പാൻ തുനിയാതെ തീരുമാനത്തിൽ ഉറച്ചു നിന്നു. കേന്ദ്ര-സംസ്ഥാന നേതാക്കൾ വാർത്തകേട്ട് ഞെട്ടി. അവരാൽ ആവോളം "പരിഹാരക്രീയകൾ " നടത്തി നോക്കി- എവിടെ -ചാക്കോ ചേട്ടനെ സ്വാധീനപ്പാൻ ആർക്കും കഴിഞ്ഞില്ല. അടുത്ത ദിവസം വീട്ടിൽ ഒരു കൂട്ടായ്മ അങ്ങ് ആരംഭിച്ചു. പലരേയും വിളിച്ചെങ്കിലും " താനും കുടുംബവും" എന്നതായിരുന്നു സ്ഥിതി. എന്നാൽ തോറ്റു കൊടുക്കാനും മനസുണ്ടായില്ല തന്റെ സഭയിൽ മുമ്പ് ഉണ്ടായിരുന്ന ഒരു ഉപദേശിയുടെ നിർദ്ദേശാനുസരണം അവിവാഹിത വിശുദ്ധൻമാരുടെ സഭയാകും തനിക്കേറ്റം നല്ലത് എന്നു തോന്നിയതിനാൽ അവിടെ ചേക്കേറി. നല്ല സ്വീകരണം തന്നെ കിട്ടി. ചെന്നു പെട്ട രണ്ടുമാസം കഴിഞ്ഞപ്പോൾ അവിടെയും മാസയോഗം- ചാക്കോ ചേട്ടൻ " നന്നായി സഹകരിച്ചു". എങ്കിലും " കലവറ" ബലഹീനനായ ഭക്തന് കലവറകാര്യത്തിൽ പങ്കും ഓഹരിക്കും ഉണ്ടായില്ല... പിറ്റെ ദിനത്തിലെ യോഗനന്തരം " മൂപ്പനെ" തന്റെ " നിലയും വിലയും" ബോദ്ധ്യമാക്കാൻ പരിശ്രമിച്ചു. എല്ലാം കേട്ട ശേഷം ഉൾമുറിയിലേക്ക് പോയ മൂപ്പൻ ചാക്കോ ചേട്ടൻ കൊടുത്ത 'തുക' തിരികെ ഏൽപ്പിച്ച് ശാന്തമായി മൊഴിഞ്ഞു " സഹോദരാ താങ്കൾക്ക് ഇവിടം ശരിയാകില്ല" തുകയും വാങ്ങി പാവം അവിടം വിട്ടിറങ്ങി.... അടുത്തു വന്ന സഭാ യോഗത്തിൽ 2-ാം മാസം 2-ാം തീയതി തന്നെ ശാന്തനായി..... സൗമ്യനായി .... തന്റെ പഴയ സഭയിൽ എത്തി- നോക്കണേ ഒരോ മടങ്ങിവരവുകളേ........

# കൺവൻഷൻ

**കാട്ടാക്കട:** തൂങ്ങാംപാറ ഗിൽഗാൽ ചർച്ച് ഓഫ് ഗോഡ് ഒരുക്കുന്ന കൺവൻഷൻ ഏപ്രിൽ 17 മുതൽ 20 വരെ തൂങ്ങാംപാറ ചർച്ച് ഗ്രൗണ്ടിൽവച്ച് നടക്കും. ഗിൽഗാൽ മിനിസ്ട്രീസ് ഡയറക്ടർ റവ.എം.എ. പൗലോസ് ഉദ്ഘാടനം നിർവഹിക്കും. പാസ്റ്റർമാരായ ഷാജു സി. ജോസഫ്, ജെയ്സ് പാണ്ടനാട്, ലാസർ വി.മാത്യു, സിസ്റ്റർ ഒമേഗ സുനിൽ എന്നിവർ പ്രസംഗിക്കും. ഏ.ജി ക്വയർ കാട്ടാക്കട ഗാനശുശ്രൂഷ നിർവ്വഹിക്കും.

# പി. സി. എൻ. എ. കെ. പ്രൊമോഷണൽ മീറ്റിംഗുകൾ വൻ വിജയത്തിലേക്ക്




ഡിട്രോയിറ്റിലുള്ള ലാൻഡിംഗ് പട്ടണത്തിൽ നടത്തപ്പെടുന്ന 32-ാമത് പെന്തക്കോസ്തു കോൺഫറൻസിന്റെ പ്രൊമോഷണൽ മീറ്റിംഗുകൾ അമേരിക്കയിലെ മിക്ക പട്ടണങ്ങളിലും ക്രമീകരിച്ചിരിക്കുന്നതിൻപ്രകാരം വിജയകരമായി മുന്നേറുന്നു. ഇതുവരെ മീറ്റിംഗുകൾ നടന്ന സെൻട്രൽ ഫ്ളോറിഡ, സൗത്ത് ഫ്ളോറിഡ, ടെന്നസ്സി, അറ്റ്ലാന്റാ, ചിക്കാഗോ എന്നീ പട്ടണങ്ങളിൽ നിന്നും നല്ല സ്വീകരണമാണുണ്ടായതെന്നു, കോൺഫറൻസിന്റെ വൻ വിജയത്തിനായി തങ്ങാൽ കഴിയുന്നതെല്ലാം ചെയ്യാമെന്ന് സഭാശുശ്രൂഷകന്മാരും, ദൈവസഭകളും ഉറപ്പു നൽകിയിട്ടുള്ളതായി കോൺഫറൻസിന്റെ എക്സിക്യൂട്ടീവ് അംഗങ്ങൾ അറിയിക്കുകയുണ്ടായി.

തുടർന്ന് ഒക്കലഹോമ, ഡാലസ്, ഹൂസ്റ്റൺ, പെൻസിൽവാനിയ, ന്യൂജേഴ്സി തുടങ്ങിയ സ്ഥലങ്ങളിലും മെയ് മാസം 4-ാം തീയതി ന്യൂയോർക്കിലും, 10-ാം തീയതി കാനഡയിലും മീറ്റിംഗുകൾ നടക്കും. കാനഡയിലെ മീറ്റിംഗോടുകൂടെ പ്രൊമോഷണൽ മീറ്റിംഗ് അവസാനിക്കും. കോൺഫറൻസിൽ സംബന്ധിക്കുവാൻ താൽപര്യപ്പെടുന്നവർ എത്രയും വേഗം രജിസ്റ്റർ ചെയ്ത് താമസസൗകര്യവും മറ്റും ഉറപ്പാക്കേണ്ടതാണ്. വെബ്സൈറ്റിലും പാട്ടുപുസ്തകത്തിലും സഭകളുടെയോ, സ്ഥാപനങ്ങളുടെയോ മറ്റു പ്രസ്ഥാനങ്ങളുടെയോ പരസ്യം നൽകുവാൻ താൽപര്യമുള്ളവർ എത്രയും വേഗം കോൺഫറൻസിന്റെ ചുമതലക്കാരുമായി ബന്ധപ്പെടേണ്ടതാണ്. കോൺഫറൻസിന്റെ അനുഗ്രഹീത നടത്തിപ്പിനായി പാസ്റ്റർ രാജൻ ജോർജ്ജ് (കൺവീനർ), ജോമോൻ ഗീവർഗ്ഗീസ് (നാഷണൽ സെക്രട്ടറി), പി. ജി. വർഗ്ഗീസ് (നാഷണൽ ട്രഷറർ), പാസ്റ്റർ ജെയിം ജോൺ (യൂത്ത് കോർഡിനേറ്റർ) എന്നിവർക്കൊപ്പം പാസ്റ്റർ ബാബു തോമസ് (പബ്ലിസിറ്റി), പാസ്റ്റർ അബ്രഹാം മാത്യു (പ്രാർത്ഥന) കൂടാതെ, നാഷണൽ കമ്മറ്റിയും ലോക്കൽ കമ്മറ്റിയും പ്രവർത്തിക്കുന്നു. ലോക്കൽ കോർഡിനേറ്ററന്മാരായി പാസ്റ്റർ സണ്ണി ജോർജ്ജ്, ബിനു മാത്യു, ജെയിംസ് ജോർജ്ജ്, സിസ്റ്റർ അന്നമ്മ വർഗീസ് എന്നിവരും പ്രവർത്തിച്ചു വരുന്നു.

ലേഖനം

# വീര കർമ്മം ചെയ്തവന്റെ വീതാശ വിചാരങ്ങൾ



ഷൈജു ഡാനിയേൽ
അടൂർ
shyjudani@gmail.com

നീണ്ട ആണ്ടുകളായി അടഞ്ഞു കിടന്ന അന്ധകാര വഴിയിലൂടെ ഒരുവൻ കടന്നു വന്നു. രണ്ടു യുഗങ്ങൾക്കിടയിൽ നിന്ന് കൊണ്ട് ഒരു വലിയ കർത്തവ്യം ഏറ്റെടുത്തവൻ...വീട്ടിലെ കനത്ത യാഗശിഷ്ടങ്ങൾക്ക് പകരം വെട്ടുക്കിളിയും കാട്ടുതേനും ഭക്ഷണമാക്കിയവൻ....മണിക്കിലുക്കമുള്ള പൗരോഹിത്യത്തിന്റെ ഉടയാടകൾക്കു പകരം ഒട്ടകരോമം കൊണ്ടുള്ള ഉടുപ്പും അരയിൽ തോൽവാറും ധരിച്ചു കൊണ്ട് രംഗപ്രവേശനം ചെയ്തവൻ....ഒരേ ഒരു ലക്ഷ്യം...എനിക്ക് പിന്നാലെ ഒരുവൻ വരുന്നുണ്ട്...അവനു വഴി ഒരുക്കുക. സർപ്പസന്തതികളെ എന്നുച്ചത്തിൽ വിളിച്ചുകൊണ്ട് പരീശരോടും സദൂക്യരോടും ഒക്കെ മാനസാന്തരത്തിന് യോഗ്യമായ ഫലം കായ്ക്കുവീൻ എന്ന് ആഹ്വാനം ചെയ്ത, സ്ത്രീകളിൽ നിന്നും ജനിച്ചവരിൽ ജനസമ്മതനായ യോഹന്നാൻ, വീരകാഹളം മുഴക്കി വീര കർമ്മം ചെയ്തവൻ ഒടുവിൽ ഒരു വീതാശനെ പോലെ വിഷമ വൃത്തത്തിൽ അകപ്പെട്ടിട്ടാരായുന്നു വരുവാനുള്ളവൻ നീയോ അതോ ഞങ്ങൾ മറ്റൊരുവനു വേണ്ടി കാത്തിരിക്കണമോ? എന്തിനു വേണ്ടി താൻ നിലകൊണ്ടോ അതിനെ സംശയിക്കുന്ന യോഹന്നാൻ!!!

ദൈവനാമത്തിനു വേണ്ടി നാമെടുത്ത നിലപാടുകളിൽ ഭാവിയിൽ രൂപപ്പെടുന്ന സംശയങ്ങൾ, അത് ചിന്തയുടെ അംശത്തിൽ ആണെങ്കിൽ പോലും ഏറ്റവും ഗൗവരമേറിയതാണ്. നാം വഴി ഒരുക്കി മറ്റുള്ളവർക്ക് വെളിപ്പെടുത്തിയ സത്യത്തെ വീണ്ടും വഴി അടച്ചു തടുക്കുന്നതിനു സമമാണ് നമ്മിൽ ഉളവാകുന്ന വിലകുറഞ്ഞ ആശങ്കകൾ, കാലങ്ങൾ ഏറെയായി കർത്താവിന്റെ വരവിനെകുറിച്ച് പ്രസംഗിച്ചിട്ടും ഇന്നും തുടരുന്ന കാത്തിരിപ്പ് നമ്മിൽ പലരെയും സംശയാലുക്കളാക്കുന്നു. വീടൊരുക്കിയാൽ വന്നുടൻ വീണ്ടുകൊള്ളുമെന്നു പറഞ്ഞു ഉയരങ്ങളിലേക്ക് കരേറി പോയവൻ, നാം പ്രചരിപ്പിക്കുന്ന ക്രിസ്തു തന്നെയോ എന്ന സംശയം നമ്മിൽ പലരിലും രൂപപ്പെട്ടു എന്നതിന്റെ തെളിവാണ് നമുക്കിടയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ആശയക്കുഴപ്പങ്ങളും അതിന്റെ അനന്തര ഫലങ്ങളും. ക്രിസ്തുവിനെ ലോകത്തിനു പ്രദർശിപ്പിച്ചു കൊണ്ട് മാനവ സമൂഹത്തിൽ വഴിതെളിക്കുവാൻ ഇറങ്ങിയ നാം കാലങ്ങൾ ഏറെ കഴിയുംമുമ്പേ ആ ലക്ഷ്യത്തിൽ നിന്നും മറ്റു പലതിലേക്കും കൂറുമാറിയത് ഒരിക്കൽ നാം മുറുകെ പിടിച്ചിരുന്ന പലതിനോടുമുള്ള നമ്മുടെ അലസമനോഭാവത്തിന്റെ കാരണം കൊണ്ടാണ് എന്നതിൽ തർക്കമില്ല. സത്യോപദേശത്തെ മറച്ചു വച്ച് കൊണ്ട് അനധികൃതമായി ദൈവനിർമ്മാണത്തെ അഴിക്കുന്ന നവയുഗ കരാറുകാർ അണികളുടെ എണ്ണം കുറയാതിരിക്കാൻ ശ്രോതാവിന്റെ ആവശ്യമനുസരിച്ച് സമൃദ്ധി സുവിശേഷത്തിന്റെ മന്നയും കാടപ്പക്ഷിയും വാരിവിതറി എത്തിപ്പിടിക്കാൻ ആഹ്വാനം ചെയ്യുന്നതിനിടയിൽ ജീവിതത്തിൽ വന്നു ഭവിക്കുന്ന അല്ലലും ആവലാതികളും കഷ്ടതയും കാരാഗൃഹവാസവും എല്ലാം അറിയപെടാത്ത ഏതോ ശാപം മൂലമാണെന്നുള്ള ചിന്തയും പ്രചരിപ്പിച്ചു നീങ്ങുമ്പോൾ അപ്രതീക്ഷിതമായി എന്തെങ്കിലും പ്രതിസന്ധികൾ ഈ ലോകജീവിതത്തിൽ വന്നു പെട്ടാൽ ഉടനെ കണ്ടെത്തിയ സുവിശേഷത്തെകുറിച്ചുള്ള സന്ദേഹമായി. കാരണം കഷ്ടനഷ്ടങ്ങളും രോഗദുഃഖാദി ക്ലേശങ്ങളൊന്നുമില്ലാത്ത ക്രിസ്തുമാർഗ്ഗത്തെകുറിച്ചുള്ള തെറ്റായ പഠിപ്പിക്കലുകൾ നിമിത്തവും - ഇനി നിങ്ങളെ അടിച്ചിട്ടു എന്തു? നിങ്ങൾ അധികം അധികം പിന്മാറുകേയുള്ളൂ. തല മുഴുവനും ദീനവും ഹൃദയം മുഴുവനും രോഗവും പിടിച്ചിരിക്കുന്നു എന്ന പ്രവാചക വാക്യത്തെ അനുസ്മരിപ്പിക്കുമാറ് കാര്യങ്ങൾ എത്തിനിൽക്കുന്നു'.

വഴിതെളിച്ചു യേശുവിനെ പരിചയപ്പെടുത്തുന്ന സുവിശേഷീകരണത്തിൽ നിന്നും പെന്തക്കോസ്തു സമൂഹം അതിവേഗം അകലുന്നു. ദുർഘടമേടുകളിലൂടെ യാത്ര ചെയ്തു നമ്മുടെ പിതാക്കന്മാർ തെളിവെടുത്ത വഴിയിലൂടെ ആയിരക്കണക്കിനാളുകൾ യേശുവിനെ അറിയാൻ ഭാഗ്യമുണ്ടായെങ്കിൽ തലമുറകൾ കുറെ മാറി വന്നപ്പോൾ പൗത്രീ പൗത്രന്മാർക്കിന്നു സംശയം!! പിതാക്കന്മാർ പ്രസംഗിച്ച യേശുവിനെ ഇവർക്ക് പരിചയമില്ലാതായി തീർന്നിരിക്കുന്നു. കാരണം പുതിയ ഉണർവ്വിന്റെ ദുരുപദേശ വ്യാപാരങ്ങളും അവയുടെ സാത്താന്യ വശീകരണങ്ങളും പുതുതലമുറയെ മുഴുവൻ സങ്കൽപ്പങ്ങളുടെ കാരാഗൃഹങ്ങളിൽ ബന്ധിച്ചിരിക്കുമ്പോൾ അവിടെ നിന്നവർ ചോദിക്കുന്നു "വരുവാനുള്ളവൻ നീയോ?" നമുക്ക് മുമ്പേ ഗമിച്ചവർ മൂല്യമുള്ളതായി കണ്ട പലതിനോടു നമുക്ക് തോന്നുന്ന അതൃപ്തിയും വികല സമീപനങ്ങളും യാഥാർത്ഥ്യങ്ങളെകുറിച്ച് നമ്മിൽ ശത്രു വിതച്ച സംശയങ്ങളുടെ പരിണിത ഫലമാണ് എന്നത് നാം മറന്നുകൂടാ. "തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെ ഫലവും നിങ്ങൾ തിന്നരുതെന്നും ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ" എന്ന വിസാരക ചോദ്യം മനുഷ്യ ചരിത്രത്തിലെ ആദ്യത്തെ സംശയത്തിന്റെ വിത്ത് സ്ത്രീയിൽ പാകുവാൻ ഹേതുവായി....ദൈവീക നിയോഗങ്ങളെയും അതിന്റെ ഉദ്ദേശ ശുദ്ധിയും കളങ്കപ്പെടുത്തി നമ്മെ ദർശന വഴിയിൽ നിന്നും അകറ്റി കളയുവാനുള്ള എല്ലാ സാത്താന്യ അടവുകളേയും അവന്റെ നയപരമായ ചോദ്യങ്ങളെയും നാം തിരിച്ചറിയേണ്ടതുണ്ട്. ഇന്നലകളിൽ മിന്നി തിളങ്ങിയ പല ഉന്നത ശ്രേഷ്ഠന്മാരും ഗർജ്ജിച്ച പല സിംഹങ്ങളും ഇന്നും ആത്മീക ഭൂപടത്തിൽ ഇല്ല എന്നത് ഖേദകരം തന്നെ.

കനത്ത വേനലാൽ വിണ്ടുകീറിയ വയലുകൾ പോലെ വരണ്ടുണങ്ങിയ സുവിശേഷ വേദികൾ ജനത്തെ ആത്മീക നിർജ്ജലീകരണത്തിലേക്ക് നയിക്കുമ്പോൾ അത് വരുവാനുള്ളവനെ കുറിച്ച് നമുക്ക് മീതെ നിഴൽ മൂടിയിരിക്കുന്ന സംശയത്തെ വിളിച്ചറിയിക്കുന്നതാണ്. യേശുക്രിസ്തുവിന്റെ മടങ്ങിവരവിനെകുറിച്ചുള്ള പ്രഭാഷണങ്ങൾ തീരെ വിരളമായിരിക്കുന്നു. കവിഞ്ഞൊഴുകുന്ന അനുഗ്രഹങ്ങളുടെയും വമ്പിച്ച വിടുതലുകളുടെയും സന്ദേശങ്ങൾകൊണ്ട് വേദികളെ നിറയ്ക്കുമ്പോൾ തന്റെ വിശുദ്ധന്മാരെ ചേർക്കുവാൻ താമസം വിനാ വരുന്ന ക്രിസ്തുയേശുവിന്റെ വരവിനെകുറിച്ച് സന്ദേശമറിയിക്കാൻ നാം മനപ്പൂർവ്വം മടിക്കുന്നു. വേദപുസ്തക പ്രമാണങ്ങളുടെ ലംഘനവും അനാത്മീക പ്രവണതകളുടെ വല്ലാത്ത സ്വാധീനതകളും ആത്മാവിനാൽ നയിക്കപ്പെടാത്തവരുടെ അഴിഞ്ഞാട്ടങ്ങളും ദൈവജനത്തിന്റെ ഇടയിൽ വർദ്ധിക്കുമ്പോൾ ഇതിന്റെയെല്ലാം നടുവിൽ ഭക്തിയോടെ ദൈവത്തെ പിൻ പറ്റുന്ന ഒരു ചെറിയകൂട്ടം ആശയക്കുഴപ്പത്തിൽ ആകുകയാണ്. കണ്ടെത്തിയ സത്യത്തെകുറിച്ചുള്ള സംശയം അവരിലും ശത്രു വിതക്കാൻ നോക്കുമ്പോൾ നമുക്ക് ചുറ്റും തകരപ്പെടുന്നവരെ കണ്ടു മനം മടുക്കാതെ നമ്മിൽ ഉളവായ് വരുന്ന എല്ലാ സാത്താന്യ സംശയങ്ങളെയും നാം പുറത്താക്കേണ്ടതുണ്ട്. ഞാൻ കണ്ടെത്തിയതും ഞാൻ കാത്തിരിക്കുന്നതുമായ "വരുവാനുള്ളവൻ നീ തന്നെ' എന്ന ഉറപ്പു നമ്മിൽ എക്കാലവും ഉണ്ടാകട്ടെ...അത് തന്നെ ആയിരിക്കട്ടെ നമ്മെ മുന്നോട്ടു നയിക്കുന്നതും!!!

ഭാവന

# കർത്താവിന്റെ രണ്ടാം വരവിനുശേഷം



ബിനു വടക്കുംചേരി

ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ശാന്തമായൊരു സുപ്രഭാതം! സമയം 10 മണിയായിട്ടും ലില്ലിക്കുട്ടിയുടെ ബെഡ്കോഫി കിട്ടാതെ നിദ്രയിൽ ലയിച്ച അച്ചായനും നല്ല ക്ഷീണം ഉണ്ട്. സുവിശേഷമഹായോഗത്തിന്റെ കാര്യങ്ങൾക്കുവേണ്ടി കഴിഞ്ഞ ഒരാഴ്ച മുഴുവൻ അച്ചായൻ നല്ല ഓട്ടത്തിലായിരുന്നു. ഇന്ന് കൺവൻഷന്റെ സമാപനദിനം അതുകൊണ്ട് തന്നെ ക്ഷീണം തീർക്കാൻ അച്ചായൻ ഇന്നലെ നന്നായി ഉറങ്ങി.

കുറെക്കൂടെ ഉറക്കം, കുറെക്കൂടെ നിദ്ര: കുറെക്കൂടെ കൈക്കെട്ടി കിടക്കുക. അങ്ങനെ നിന്റെ ദാരിദ്ര്യം വഴിപോക്കനെപ്പോലെയും നിന്റെ ബുദ്ധിമുട്ട് ആയുധപാണിയെപ്പോലെയും വരും. ഈ ശബ്ദം അച്ചായൻ സ്വപ്നത്തിൽ കേട്ടതും ചാടിയെണീറ്റു പെട്ടെന്ന് മൊബൈൽ റിംഗ് അടിച്ചു. അച്ചായൻ ചെവിയിൽ വെച്ചപ്പോൾ അത് ഐഡിയാക്കാരാ!

ഐഡിയായിൽ നിന്നും പുതിയ ഓഫർ 666 രൂപയ്ക്ക് റീചാർജ്ജ് ചെയ്താൽ ഫ്രീയായി നിങ്ങളുടെ ദേഹത്ത് 666 എന്ന മുദ്ര പതിപ്പിക്കാം. കൂടാതെ 666 സെക്കന്റുകൾ സൗജന്യമായി വിളിക്കുവാനും 666 എസ്. എം. എസും ലഭിക്കും.

ഫോൺ കേട്ടുവെന്നല്ലാതെ അച്ചായന് ഒന്നും പിടികിട്ടിയില്ല. ലില്ലിക്കുട്ടി ഇന്ന് ഒറ്റക്ക് ആരാധനയ്ക്ക് പോയതാകുമെന്ന് കരുതി അച്ചായൻ ഉപദേശിയെ ഫോൺ വിളിച്ചപ്പോൾ, അല്ലെങ്കിൽ ഇപ്പോൾ പ്രതികരിക്കുന്നില്ല...ദയവായി അല്പനേരം കഴിഞ്ഞ് വിളിക്കുക എന്നാണ് കേട്ടത്.

ഉടനെ സെക്രട്ടറിയെ വിളിച്ചു. അദ്ദേഹമാണെങ്കിൽ നാലാം ക്ലാസ്സിൽ പഠിക്കുന്ന തന്റെ കുഞ്ഞിന് കാണാഞ്ഞിട്ട് പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തിട്ട് വരുന്ന വഴി!!

അവളിങ്ങ് വരട്ടെ കാണിച്ചു കൊടുക്കാം എന്ന് പിറുപിറുത്തു. അച്ചായൻ ന്യൂസ് പേപ്പറിൽ കൺവൻഷന്റെ പരസ്യം തപ്പി (ബാക്ക് പേജിൽ, ഫുൾ ഷീറ്റിൽ).

കർത്താവിനെ എതിരേല്പാൻ ഒരുങ്ങിക്കൊൾക!

109-ാമത് ജനറൽ കൺവൻഷനും രോഗശാന്തി ശുശ്രൂഷയും

പ്രാസംഗികർ....സംഗീതം.......

വരുവീൻ പങ്കെടുപ്പീൻ!! അനുഗ്രഹം പ്രാപിപ്പീൻ!!!

അങ്ങനെ പരസ്യം വായിച്ച് പ്രകമ്പനം കൊണ്ട് അച്ചായൻ പത്രത്തിന്റെ ആദ്യപേജ് മറിച്ചുനോക്കി. ഹോ, ഞെട്ടിപ്പിക്കുന്ന വാർത്ത..!

ആയിരക്കണക്കിനു, ആളുകളെ കാണ്മാനില്ല.

ഇരുചക്രവാഹനങ്ങൾ തുടങ്ങി തീവണ്ടി, കപ്പൽ, പ്ലെയിൻ, എല്ലാം കൂട്ടിയിടിച്ച് എല്ലായിടത്തും വൻദുരന്തങ്ങൾ

കുറെ ശവക്കല്ലറകൾ ആരോ മാന്തിയിരിക്കുന്നു. ഉടനെത്തന്നെ അച്ചായൻ ഓടിച്ചെന്ന് ടിവി ഓൺ ചെയ്തു. അതിലാണെങ്കിൽ ബ്രേക്കിങ്ങ് ന്യൂസിന്റെ ബഹളം. പാക്കിസ്ഥാനിലും ഇതേപോലുള്ള സംഭവങ്ങളുണ്ടായി. അത് ഇന്ത്യയാണ് എന്നാരോപിച്ച് അവർ ഇന്ത്യക്ക് മേൽ യുദ്ധം പ്രഖ്യാപിച്ചു. ഇന്ത്യൻ പ്രധാനമന്ത്രി പാക്കിസ്ഥാനെ നേരിടാൻ വേണ്ടിയുള്ള എല്ലാ ക്രമീകരണങ്ങളും ഒരുക്കി.

ഇതിനിടയിൽ റഷ്യയുടെ നേതൃത്വത്തിൽ അറബ് രാജ്യങ്ങൾ, ഇസ്രായേലിനു നേരെ യുദ്ധത്തിന് തയ്യാറെടുപ്പു നടത്തുന്നു.

ഇതെല്ലാം കണ്ടിട്ടും അച്ചായന് ഒന്നും മനസ്സിലായില്ല! ആരാധന കഴിഞ്ഞു വന്നാൽ പതിവായി റേഡിയോയിൽ ഫോൺ ഇൻ പ്രോഗ്രാം കേൾക്കാറുള്ള അച്ചായൻ പതിവനുസരിച്ച് റേഡിയോ ഓൺ ചെയ്തു. നിർഭാഗ്യം! അതിലും വാർത്തകൾ തന്നെ!

സൂര്യൻ ഇരുണ്ടു കറുത്തുപോകുന്നു. ഈ സ്ഥിതി തുടർന്നാൽ ഭൂമിയുടെ ഉപഗ്രഹമായ ചന്ദ്രനിലും ഇരുട്ടു വ്യാപിക്കും. അത് ഭൂമിക്ക് ദോഷം ചെയ്യും. സൂര്യൻ കരിമ്പടം പോലെ കരിയും എന്നും ചൂളപോലെ കത്തുന്ന ഒരു ദിവസം വരും എന്നും രണ്ടായിരത്തിൽ പരം വർഷങ്ങൾക്കു മുമ്പ് ബൈബിളിൽ രേഖപ്പെടുത്തിയിരുന്നു എന്നു വാർത്ത കൂട്ടിചേർത്തു. എന്തായാലും ഇങ്ങനെ ഒരു കാര്യം ബൈബിളിലുണ്ടെന്നത് അച്ചായനു അറിയാമായിരുന്നു.

ഇങ്ങനെ പ്രശ്ന കലുഷിതമായ ഭൂമിയിൽ മനസ്സു പതറിയിരിക്കുന്ന അച്ചായനെത്തേടി വന്നത് പ്രാസംഗികന്റെ ഫോൺകോളായിരുന്നു.

കൺവൻഷൻ സ്ഥലത്ത് ബോംബു വച്ചതിനാൽ എനിക്കു വരാൻ പറ്റുകയില്ല എന്നായിരുന്നു അറിയിപ്പ്. കേട്ടപാതി, കേൾക്കാത്ത പാതി അച്ചായൻ പോലീസിനു ഫോൺ ചെയ്തു. അന്വേഷണം പൂർത്തിയായപ്പോൾ പ്രാസംഗികൻ വെറുതെ പറഞ്ഞതാണെന്നും തെളിഞ്ഞു ബാക്കി അനുവാചകർക്കും ഊഹിക്കാമല്ലോ?

എന്തായാലും നാളുകൾക്കു ശേഷം അച്ചായൻ ബോംബ് ഭൂമിയെ പിളർക്കും എന്ന പാട്ടുപാടി പ്രാർത്ഥിച്ചു. അതോടെ തനിക്കു സുബോധം തെളിഞ്ഞു. കർത്താവു വന്നു എന്നു മനസ്സിലായി. അച്ചായൻ ലില്ലിക്കുട്ടിയെ പിന്നെ അന്വേഷിച്ചില്ല. അവൾ കർത്താവിന്റെ മണവാട്ടിയായി തന്നെയും വിട്ട് സ്വർഗ്ഗത്തിലേക്ക് പോയി എന്ന നഗ്നസത്യം അച്ചായൻ തിരിച്ചറിഞ്ഞു.

മൊബൈലിൽ ഇപ്പോഴും റിംഗ്ട്യൂൺ അടിക്കുന്നതിന്റെ ശബ്ദം മുഴങ്ങിക്കേൾക്കുന്നുണ്ട്.

## 31 – മത് ഗ്രാജുവേഷൻ സർവ്വീസ്

**തിരുവല്ല:** മഞ്ഞാടി ഒലിവ് തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 31-മത് ഗ്രാജുവേഷൻ സർവ്വീസ് മാർച്ച് മാസം 6-ാം തീയതി കോളജ് ആഡിറ്റോറിയത്തിൽ നടന്നു. ഗ്രാജുവേഷൻ സർവ്വീസിൽ റവ. ഡോ. ഗീവർഗ്ഗീസ് മാത്യൂ(പ്രിൻസിപ്പാൾ, മർത്തോമ തിയോളജിക്കൽ സെമിനാരി, കോട്ടയം) മുഖ്യസന്ദേശം നൽകി. C.Th, Div.Th, B.Th, M.Div കോഴ്സുകളിൽ പഠനം പൂർത്തികരിച്ച 23 വിദ്യാർത്ഥികൾക്ക് പ്രസിഡന്റ് ഡോ. ജോർജ് സാമുവേൽ സർട്ടിഫിക്കേറ്റുകൾ നൽകി 2011-15 അധ്യയനവർഷത്തേക്കുള്ള M.Div, B.Th, Dip.Th, കോഴ്സുകൾക്കുള്ള അപേക്ഷകൾ സ്വീകരിച്ച് തുടങ്ങി. ജൂണിൽ ആരംഭിക്കുന്ന ഒരു വർഷ മലയാള കോഴ്സിലേക്കും അപേക്ഷ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഒലീവ് തീയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, മഞ്ഞാടി പി. ഒ, തിരുവല്ല-5.

## ബൈബിൾ ക്ലാസ്

**കൊല്ലം:** കല്ലുവാതുക്കൽ ഐ.പി.സി.യുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 7,8 തീയതികളിൽ ബൈബിൾക്ലാസ് നടന്നു. യേശുക്രിസ്തുവിന്റെ മടങ്ങിവരവും യുഗാന്ത്യ സംഭവങ്ങളും എന്ന വിഷയത്തെ അധീകരിച്ച് അനുഗ്രഹീത പ്രഭാഷകനും എഴുത്തുകാരനുമായ പാസ്റ്റർ ജെയ്സ് പാണ്ടനാട് ക്ലാസ് എടുത്തു. പാസ്റ്റർ ജെയിംസ് ഏബ്രഹാം നേതൃത്വം നൽകി.

## കാലികം



സജി നെടുങ്കണ്ടം

# ഉപവാസപ്രാർത്ഥനയിലെ പ്രസംഗ ശൈലി സുവിശേഷയോഗത്തിൽ ഒഴിവാക്കുക

യേശുവിന്റെ ക്രൂശികരണം പിശാചിന്റെ തലയെ തകർക്കുന്നതായിരുന്നു. മശിഹായുടെ ജനനവും ബലിമരണത്തിനായി മുളച്ച് പൊങ്ങിയ പൈൻമരവും സമയമായപ്പോൾ മുറിച്ച് എടുത്ത് മനുഷ്യപുത്രനു വേണ്ടി മരക്കുരിശ് തീർത്തു. പ്രാർത്ഥനയിൽ കരഞ്ഞെങ്കിലും പിതാവിനു കൊടുത്ത വാക്ക് പാലിക്കുന്നതിൽ യേശു വീഴ്ച വരുത്തിയില്ല. കൂടെ നിന്ന ശിഷ്യൻ ശത്രുവിനോട് കൂടെ ചേർന്ന് പടയാളികൾ തിരയുന്ന യേശുവിനെ പരിചയപ്പെടുത്തുവാൻ ചുംബിക്കുമ്പോഴും ബലിവേദിയിൽ കയറാൻ നാഥൻ വിലങ്ങിനായി കരം നീട്ടി. അടി ഏൽക്കാൻ വന്ന യേശു ശത്രുവിന്റെ പ്രഹരത്തിനായി ശരീരം സമർപ്പിച്ചിരുന്നു. പരിഹാസവും ചമ്മട്ടിയും ചാട്ടവാറും ചുറ്റും കൂടിയവരുടെ പഴിവാക്കും പിതാവിന്റെ ഇഷ്ടത്തിന്റെ മുമ്പിൽ പുത്രൻ തമ്പുരാൻ ശിരസാ ഏറ്റുവാങ്ങി. മുൾക്കിരിടവും മുതുകിൽ അമർത്തിയ കുരിശും വലങ്കരം കൊണ്ട് ചേർത്തു പിടിച്ചു താൻ വീണും എഴുന്നേറ്റും യാത്ര തുടർന്നു. കലികയറിയ പടയാളികൾ അട്ടഹസിച്ചും ആർത്തു വിളിച്ചും സാത്താനു വേണ്ടി ആ യാത്ര ഉത്സവമാക്കി മാറ്റി. അലറിക്കരയുന്ന സ്ത്രീകളും ഭയന്നു നിൽക്കുന്ന കുട്ടികളും കാൺകെ കിരാതൻമാരായ പടയാളികൾ ക്രൂശുമായി നീങ്ങുന്ന യേശുവിനെ ഇടതടവില്ലാതെ ആഞ്ഞടിച്ചു. മരക്കുരിശും മരണവും ബലിപീഠമായ ഗോൽഗോദായും ലക്ഷ്യം വച്ചുള്ള യേശുവിന്റെ യാത്ര പിതാവിന്റെ ഇഷ്ടത്തിനായി ആ പാദങ്ങൾ തളരാതെ നീങ്ങി. പിതാവായ ദൈവം നടത്തിയ യുദ്ധ പ്രഖ്യാപനത്തിന്റെ പൂർത്തികരണത്തിനായി സകല വൈരിയെയും മെതിച്ചുള്ള യുദ്ധവീരനായ പുത്രന്റെ യാത്ര പരിതാപകരം എന്ന് സമൂഹത്തിന് തോന്നിയെങ്കിലും തകർക്കുകയായിരുന്നു സാത്താന്റെ കോട്ടയെ. പാപിയെ കൂടെ നിർത്തി പുത്തൻ പദ്ധതിക്ക് സാത്താൻ കളമൊരുക്കി നിൽക്കുമ്പോൾ ശിഷ്യന്റെ ചുംബനത്തോടെ വിലങ്ങണിയിച്ച് പടയാളികൾ പടത്തലവനെ പുറത്ത് കൊണ്ട് വന്നത് അധർമ്മ മൂർത്തിയുടെ ലോകം ആർപ്പോടെ വരവേറ്റു. എന്നാൽ യേശുക്രൂശിൽ സാത്താന്റെ തലയെ തകർക്കുകയായിരുന്നു. തലതകർന്ന സാത്താൻ ഇനി തന്റെ ബദ്ധവൈരിയായ യേശുവിനെ തകർക്കാൻ കഴിയില്ല. എന്നാൽ അതിന് സാത്താൻ കണ്ടെത്തിയ മറ്റൊരുമാർഗ്ഗം യേശുവിന്റെ മണവാട്ടിസഭയെ കടന്നാക്രമിക്കുക. "സ്ത്രീയുടെ തല പുരുഷൻ പുരുഷന്റെ തല ക്രിസ്തു". ഇവിടെ പെന്തക്കോസ്തുകാരനെ കൃപയിൽ നിന്ന് വീഴിച്ചാൽ യേശുവിന്റെ തലയ്ക്കാണ് ആ ക്ഷതം ഏൽക്കുക എന്ന് സാത്താന് നല്ല ബോധം ഉണ്ട്. ഈ തന്ത്രം തിരിച്ചറിയാൻ ദൈവസഭ ഉണരണം. കുരിശിൽ നാല് ആണിയുണ്ട്. മൂന്ന് ആണി യേശുവിനെ തകർക്കുന്നതാണെങ്കിൽ മുകളിലത്തെ ആണി യേശുവിന്റെ മഹത്വത്തെ വർണ്ണിക്കുന്നതാണ്. കാരണം ഇവൻ രാജാവാണ് എന്ന ബോർഡ് ആ ആണിയിലാണ് തൂക്കിയത്.

"ദാവീദിന്റെ സന്തതിലായി ജനിച്ച് മരിച്ചിട്ട് ഉയർത്തെഴുന്നേറ്റിരിക്കുന്ന യേശു ക്രിസ്തുവിനെ ഓർത്തുകൊള്ളുക, അതാകുന്നു എന്റെ സുവിശേഷം"(2 തിമൊ : 2 :8). മുകളിൽ വിശദീകരിച്ച് വിഷയവും ഇവിടെ ഉദ്ധരിച്ചവാക്യവും സത്യസുവിശേഷത്തിന്റെ തീനാളങ്ങളാണ്. സുവിശേഷത്തിന് സാക്ഷ്യം വഹിപ്പാൻ തിരഞ്ഞെടുത്ത പന്ത്രണ്ട് അപ്പോസ്തലൻമാരെ അടുത്തുള്ള പട്ടണത്തിലേയ്ക്കും അയൽനാടുകളിലേയ്ക്കും അയച്ചു കൊണ്ട് തന്റെ ദൗത്യത്തിന് ആരംഭം കുറിച്ചു. ഭൂമിയിലെ മുഴു മനുഷ്യരോടും സുവിശേഷം പ്രസംഗിക്കുക എന്നത് യേശുവിന്റെ കല്പനയാണ്. "സകലജാതികളെയും ശിഷ്യരാക്കുക" എന്നതാണ് യേശു പറഞ്ഞതും തന്റെ ശിഷ്യൻമാരെ പറഞ്ഞയച്ചതും. ക്രൂശിലെ മരണവും മൂന്നാം നാളിൽ താൻ കല്ലറയിൽ നിന്ന് ഉയർത്തെഴുന്നേറ്റതും സത്യത്തിൽ സുവിശേഷവേലയെ ശക്തിപ്പെടുത്തുകയായിരുന്നു. യേശുവിന്റെ സ്വർഗ്ഗാരോഹണത്തോടെ പുത്രന്റെ വേല പരിശുദ്ധാത്മാവ് ഏറ്റെടുത്തു.നാഥനെ നഷ്ടപ്പെട്ട നടുക്കത്തിൽ നിന്ന് മോചിതരാകാതെ ശിഷ്യൻമാരുടെ നടുവിലേയ്ക്ക് ദൈവത്തിന്റെ ആത്മാവ് അഗ്നിയിൽ ഇറങ്ങിവന്നപ്പോൾ പത്രോസും കൂട്ടരും ശക്തി പ്രാപിച്ചു. ഭയം നീങ്ങിയ ശിഷ്യന്മാർ ഒരു മനസ്സോടെ പ്രസംഗം ആരംഭിച്ചു. കൂട്ടുവേലക്കാർ പ്രാർത്ഥിച്ചു നിൽക്കേ ഭയം മാറിയ പത്രോസ് ശക്തിയോടെ പ്രസംഗം ആരംഭിച്ചു. വൈകാതെ അവർ ആത്മാക്കളെ കൂട്ടമായി നേടിതുടങ്ങി. ആ പ്രവർത്തി സുശക്തം മുന്നേറുന്നു. സുവിശേഷം പ്രസംഗിക്കുവാൻ ജനം പൊടിതട്ടി ഉണരേണ്ടകാലമാണിത്. ഇനി നമ്മുടെ കൈകൾ തളരിക്കരുത്; കാരണം യേശുവിന്റെ കരങ്ങൾ നമ്മുടെ രക്ഷയ്ക്കായി ആണികൊണ്ട് അടിച്ച് തുളച്ചതാണ്. ആ കരം തന്നെയാണ് നമ്മുടെമേൽ അഗ്നി അഭിഷേകം നൽകിയതും.

ഫലപ്രദമായ സുവിശേഷികരണത്തിനായി ദൈവസഭ ഉണരണം. നിർമ്മല സുവിശേഷം ജനത്തിന് നൽകണം. ആളുകളെ ആകർഷിക്കാൻ നാം ചേർക്കുന്ന പൊടിപ്പും തൊങ്ങലും സുവിശേഷത്തിന്റെ ശക്തിയെ ക്ഷയിപ്പിക്കുകയാണ് പതിവ്. ആളു കൂടുന്നതിനെക്കാൾ അരികിൽ കിട്ടിയവർക്ക് മായം ചേർക്കാത്ത വചനം പറഞ്ഞുകൊടുത്തതു പോരാഞ്ഞിട്ടാണോ എന്ന് അറിയില്ല ചില പ്രസംഗകർ ദൈവവചനത്തെക്കാൾ സംഭവകഥകൾക്ക് പ്രാധാന്യം കൊടുക്കുന്നു. ലക്ഷ്യം തെറ്റിയുള്ള സുവിശേഷ ശൈലി നാമായിത്തന്നെ തിരുത്തണം. പുസ്തകപ്രകാശനവും സി.ഡി. പരിചയപ്പെടുത്തലും ചിലരെ പൊന്നാട അണിയിക്കലും സുവിശേഷയോഗങ്ങളിൽനിന്ന് ഒഴിവാക്കാവുന്നതാണ്. പ്രസംഗകർ തികച്ചും ശുദ്ധമായ ഭാഷ അവതരണത്തിന് ഉപയോഗിക്കണം. അടുത്തും അകലെയും നിൽക്കുന്നവർക്ക് ഈ സന്ദേശം ഒരുപോലെ മനസ്സിലാക്കണം സുവിശേഷ യോഗത്തിൽ പ്രസംഗിക്കുന്ന ഉപദേശിമാരും ഉപവാസ പ്രാർത്ഥനയിൽ പ്രസംഗിക്കുന്നതു പോലെ ആത്മാവിൽ നിറഞ്ഞ് ഉച്ചത്തിൽ അലറുന്നത് കേട്ടിട്ടുണ്ട്. ഈ ശൈലി സഭാഹോളിലോ ഉപവാസപ്രാർത്ഥനകളിലോ ആണ് ആവശ്യം. കാരണം ദൈവ സഭ ഉണരുവാനും മണവാട്ടി മണവാളനായി ഒരുങ്ങുവാനും ഇത്തരം ഉണർവ്വ് പ്രസംഗങ്ങൾ ഉപകരിക്കും. സാത്താനോട് എതിർത്തു നിൽക്കാനുള്ള ശക്തി ഉപവാസപ്രാർത്ഥനകളിൽ നി

04

## ലേഖനം



ടോമി ഫിലിപ്പ്
tommyphilip@hotmail.com

# തീ പന്തം!!!

പെന്തക്കോസ്തുനാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്തു ഒന്നിച്ചു കൂടിയിരുന്നു അപ്പൊ.2:1. ആദിമനൂറ്റാണ്ടിലെ സഭയുടെ ഐക്യത വളരെ ശ്രദ്ധിക്കപ്പെട്ടതും അനുകരണീയവും ആയിരുന്നു. തീ നന്നായി കത്തേണ്ടതിനു ചാരവും അഴുക്കും ഒക്കെ നീങ്ങി മാറണം. അതിനായി അമ്മമാർ അടുപ്പിലേക്ക് ഒരു കുഴൽകൊണ്ട് ഊതുന്ന ഒരു പ്രയോഗം നിലനിന്നിരുന്നു. അതേ അനുഭവം സഭ അന്നനുഭവിക്കുകയായിരുന്നു ശബ്ദത്തോടൊപ്പം അവരുടെ ഇടയിൽ കാറ്റടിച്ചു. അന്ന് അവരുടെ നിറവു 100% പൂർണ്ണം ആയിരുന്നു. അന്ന് ആ തീ അവർ ഓരോരുത്തരുടെമേലും പതിഞ്ഞിരുന്നു. ഇന്ന് വിവിധങ്ങളായ ഉപദേശങ്ങൾ സ്വാർത്ഥ താത്പര്യങ്ങൾ ഒക്കെ സഭയെ ശിഥിലമാക്കുകയും അനൈക്യത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. വിശുദ്ധ വേദപുസ്തകം ദൈവത്തിന്റെ കൃപക്കോ അത് നിമിത്തം ഉളവാകുന്ന വിശ്വാസത്തിന്റെ പ്രവർത്തികൾക്കോ ഏതിനാണ് പ്രാധാന്യം എന്നൊരു ചോദ്യം ഉയർന്നാൽ വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നത് എല്ലാത്തിനും തുല്യ പ്രാധാന്യം ഉണ്ട് എന്നാണ്. പഴയനിയമ കാലത്തിൽ യാഗമായാലും ആരാധന ആയാലും വിശ്വാസത്തിന്റെ പ്രകടനങ്ങൾ ആയിരുന്നു നടന്നിരുന്നത്. അവൻ വരുവാനുള്ള മശിഹയുടെ കൃപ വിശ്വാസത്താൽ കാണുകയായിരുന്നു. പുതിയ നിയമ കാലത്തിൽ കൃപയാൽ മശീഹ നമുക്ക് വേണ്ടി ചെയ്ത പ്രവർത്തികളെ വിശ്വാസത്താൽ ഏറ്റെടുക്കുകയും വിശ്വാസത്താൽ ജീവിതം പ്രവർത്തികളാൽ തികച്ചു അവസാനിപ്പിക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ ദൗത്യം അങ്ങനെ എന്നാൽ വേദപുസ്തകം ഒരു വിധത്തിലും കല്പനകൾ ലംഘിച്ചു സ്വതന്ത്രമായി നടക്കാൻ നമ്മെ അനുവദിക്കുന്നില്ല. ലേവ്യ പുസ്തകത്തിൽ കാണുന്ന യാഗം നമ്മെ ഓർപ്പിക്കുന്നത് ദൈവപ്രസാദത്തിനു വേണ്ടി, കൃപ സ്വീകരിക്കാൻ വേണ്ടി ഉള്ള നമ്മുടെ ആരാധനയുടെ ചില ഒരുക്കങ്ങൾ ആണല്ലോ. യാഗമൃഗത്തിന്റെ തലയിൽ കൈ വെച്ച് പാപം അതിൻമേൽ ചുമത്തി. അത് നമ്മുടെ ഏറ്റു പറച്ചിലിനെ കാണിക്കുകയാണ്. അതിനുശേഷം രക്തം എല്ലായിടത്തും തളിച്ച് ശുദ്ധി വരുത്തുന്നു. പിന്നെ മൃഗത്തിന്റെ തല വേർപ്പെടുത്തുകയാണ്. അത് നമ്മുടെ പാപത്തോടുള്ള, ലോകത്തോടുള്ള, ഇന്ദ്രിയങ്ങളെ മരിപ്പിക്കുന്നതിനെ കാണിക്കുന്നു. ലോകത്തിനും പാപത്തിനും മരിച്ചു മാത്രമേ നമുക്ക് തീ യാഗത്തിൽ പരീക്ഷിക്കാൻ കഴിയൂ. അതിനു ശേഷം അതിന്റെ തൊലി മാറ്റുകയാണ്. അത് വലിപ്പ ചെറുപ്പം ഇല്ലാതെ എല്ലാവരെയും ഒരുപോലെ കാണുകയും സ്നേഹിക്കുകയും ചെയ്യുന്നതിനെ കുറിക്കുന്നു. പിന്നെ കഷണം കഷണം ആയി മുറിക്കുന്നു. അത് നമ്മുടെ ഉള്ളവും നമ്മുടെ നടപ്പും ശോധന ചെയ്തു ശുദ്ധി വരുത്തുന്നതിനെ കാണിക്കുകയാണ്. ഇപ്രകാരം യാഗം ഒരുക്കുമ്പോൾ ആണ് ആ യാഗത്തിൽ നിന്നുയരുന്ന തീയിൽ ദൈവ പ്രസാദം ഉണ്ടാകുന്നതു എന്നാൽ നമുക്ക് കുഞ്ഞാട് അറുക്കപ്പെട്ടു ഇനി നാം വിശ്വാസത്താൽ ശുദ്ധീകരണ പ്രവർത്തി പൂർത്തീകരിക്കണം. ഇങ്ങനെ ജനം വിശുദ്ധിയിൽ ഒന്നിച്ചു കൂടുമ്പോൾ സ്വർഗ്ഗത്തിൽ നിന്നും തീ ഇറങ്ങി തുടർന്നുള്ള സാഹചര്യങ്ങളെ നിയന്ത്രിക്കും.

ഒന്നിച്ചു കൂടിയിരുന്നു ജനം ഒന്നിച്ചു കൂടുമ്പോൾ വളരെ വലിയ സാധ്യതയും ശക്തിയും ആണ് വെളിപ്പെടുന്നത് ആവ. 32:30 പറയുന്നത് ഒരാൾ ആയിരത്തെയും രണ്ടാൾ പതിനായിരത്തെയും തോൽപിക്കും എന്നാണ്. ഒരാൾക്ക് ചെയ്യാൻ കഴിയുന്നതിനെക്കാളിലും വേദപുസ്തകം വളരെ രണ്ടു കളെ കുറിച്ച് സാക്ഷീകരിക്കുന്നു. പഴയനിയമത്തിൽ മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല എന്ന് പറയുന്നു. നോഹയുടെ പെട്ടകത്തിലെ ജോടികൾ കൃപാസനത്തിലെ കെരുബുകൾ രണ്ടും മുഖത്തോടെ മുഖം നോക്കി നിൽക്കുന്നു. സമാഗമന കൂടാരത്തിൽ പലകകൾ രണ്ടു ചുവടുകൾ താങ്ങി നിർത്തുന്നു. രണ്ടു വളയങ്ങൾ പെട്ടകം ചുമക്കുവാനായി ഉപയോഗിക്കണം. ഇങ്ങനെ പോകുന്നു ആ നിര. പുതിയനിയമത്തിൽ മത്താ. 18:20 ൽ ഭൂമിയിൽ രണ്ട് പേര് ഐക്യമത്യപ്പെട്ടാൽ അവരുടെ നടുവിൽ ദൈവം ഉണ്ടാകും എന്ന് ഉറപ്പു തരുന്നു. ഇനിയും ദൈവത്തിനെതിരായുള്ള ഐക്യമായ നീക്കങ്ങളെയും ദൈവം വലുതായി തന്നെ കാണുന്നു. ഉല്പ. 11:6,7 വാക്യത്തിൽ അവർ ദൈവനിയമത്തിനെതിരായി കൂട്ടം കൂടിയപ്പോൾ ദൈവം അവരെ ചിതറിച്ചു കളഞ്ഞു മത്താ.27:25 അവർ ഒരു മനസ്സോടെ ക്രിസ്തുവിന്റെ ക്രൂശീകരണത്തിന് വേണ്ടി നിലവിളിച്ചു. അത് അവരെ ലോകത്തിന്റെ എല്ലാ രാജ്യങ്ങളിലേക്ക് ചിതറിക്കുന്നതിനു കാരണമായി ഈ ചിതറിക്കൽ കഴിഞ്ഞപ്പോൾ ഉല്പ.12ൽ വിശ്വാസികളുടെ പിതാവ് കടന്നു വരുന്നു. പുതിയനിയമത്തിൽ ദൈവം പുത്രനെ മാനവരാശിക്ക് വേണ്ടി നൽകുന്ന പിതാവായി വെളിപ്പെട്ടു.

വിഷയത്തോട് ബന്ധപ്പെടുത്തി ന്യായ. 15:4ൽ 300 കുറുക്കന്മാർ വാലോടു വാല് കെട്ടി തീയുമായി ഓടുന്നതിനെ ധ്യാനവിഷയം ആക്കാം. വിഷയത്തോട് വളരെ ബന്ധം ഈ ഭാഗത്തിനുണ്ട് എന്ന് നമുക്ക് മനസിലാക്കാം. എന്റെ വ്യക്തിപരമായ ജീവിതത്തിൽ യവ്വന പ്രായത്തിൽ കുറുക്കന്റെ ഇറച്ചി പല അസുഖങ്ങൾക്കു നല്ല ഔഷധം ആണ് എന്നൊരു അറിവ് ലഭിച്ചതനുസരിച്ച്, ഞങ്ങൾ ചില ചെറുപ്പക്കാരായ കൂട്ടുകാർ ചേർന്ന് കുറുക്കൻ ഉണ്ട് എന്നറിവുള്ള ഒരു സ്ഥലത്ത് ഒരു കുറുക്കനെ പിടിക്കാൻ ശ്രമം തുടങ്ങി. ഞങ്ങളുടെ കൂട്ടത്തിൽ ശരീരസൗന്ദര്യം ഒക്കെ വരുത്തി തടി മിടുക്കുള്ളവരും, വളരെ ബുദ്ധി വൈഭവം ഉള്ളവർ, ഈ വിഷയത്തിൽ പ്രായോഗിക ജ്ഞാനം അറിവ് ഒക്കെ ഉള്ളവർ ഒക്കെ ഉണ്ടായിരുന്നു. ഞങ്ങൾ പല പദ്ധതി പരീക്ഷിച്ചു രാത്രി സമയം ശ്രമം നടത്തികൊണ്ടിരുന്നു. ഒരാഴ്ചത്തെ ശ്രമങ്ങൾക്കൊടുവിൽ പരാജയം സമ്മതിച്ചു പിന്മാറുക ആയിരുന്നു. അതുകൊണ്ട് തന്നെ ശിംശോൻ 300 കുറുക്കന്മാരെ പിടിച്ച എന്നുള്ളത് അമാനുഷികം എന്ന് മനസ്സിലാക്കുവാൻ പ്രയാസമില്ല. അദ്ദേഹം അതിനെ പിടിച്ചതു ശേഷം വാലോടു വാല് കെട്ടി പന്തം നടുവിൽ വെച്ച് ശത്രുക്കളുടെ വിളവു നശിപ്പിക്കുവാനായ് പറഞ്ഞയച്ചു. ഇവിടെ ചില ചോദ്യങ്ങളിലൂടെ ചില പ്രത്യേക കാര്യങ്ങൾ പഠിക്കുവാൻ ശ്രമിക്കുന്നു.

**1) തീ കത്തിച്ചത് നിമിത്തം എന്താണ് സംഭവിച്ചത്?**

ആ വാലുകളുടെ ഇടയിൽ തീ ഉണ്ടായിരുന്നത് കൊണ്ട് കുറുക്കന്മാർ തങ്ങളുടെ ജീവൻ അപകടത്തിൽപ്പെടാതിരിക്കാൻ തങ്ങളെ തന്നെ സൂക്ഷിച്ചു അതിനുവേണ്ടി ആ പന്തം അവ പിറകിൽ നിർത്തിക്കൊണ്ട് ഓടുവാൻ ആരംഭിച്ചു. ആ ഓട്ടം ഒരു ബാക്ക് എഞ്ചിൻ പ്രവർത്തിക്കുന്നതുപോലെ അവയെ മുമ്പോട്ട് നയിക്കുകയും ശത്രുവിന്റെ എല്ലാ കറ്റ ശേഖരങ്ങളെയും അതിനെ അയച്ച യജമാനന് വേണ്ടി നശിപ്പിച്ചു കളഞ്ഞു. ഇതിനു സമാനമായതാണ് പുതിയനിയമ സഭയിലെ ആദ്യ ഉണർവിലും സംഭവിച്ചത്. പെന്തക്കോസ്തുനാളിലെ തീ അവരെ വിവിധ ദേശങ്ങളിലേക്ക് അയച്ചു ശത്രുവിന്റെ ശക്തി നശിപ്പിച്ചു ധാരാളം ആത്മാക്കളെ യജമാനന്റെ പാദത്തിൽ കൊണ്ട് വന്നു. ഇത് ഈ കാലഘട്ടത്തിലും നമ്മുടെ സാഹചര്യത്തിൽ ആവശ്യമായി വന്നിരിക്കുന്നു.

**2) ആ വാലുകൾ കൂട്ടികെട്ടിയ ശേഷം അതിനിടെയിൽ തീ ഇല്ലായിരുന്നു എങ്കിൽ എന്ത് സംഭവിക്കും?**

വാലുകൾക്കിടയിൽ തീ ഇല്ലായിരുന്നു എങ്കിൽ അവ മുന്നോട്ട് ഓടുന്നതിന് പകരം

04

MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 07, ISSUE 08

BELIEVERS JOURNAL

BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105

Publishing Date
25/04/2014

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/7LA/225/2012-14

# ഏബനേസർ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്

## ബാംഗ്ലൂർ, കർണ്ണാടക

## ഏബനേസർ ഡിഗ്രി കോളേജ്

ബി. കോം, ബി ബി എം, ബി.സി.എ
കോഴ്സുകളിലേക്ക് ഉടൻ അഡ്മിഷൻ ആരംഭിക്കുന്നു

## ഏബനേസർ കോളേജ് & സ്കൂൾ ഓഫ് നേഴ്സിംഗ്

(രാജീവ് ഗാന്ധി യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് അഫിലിയേഷൻ, കെ.എൻ.സി. & ഐ. എൻ. സി. അംഗീകാരം)

### എബനേസർ പബ്ലിക് സ്കൂൾ

L.K.G. to 10th ICSE Syllabus
നൂറുശതമാനം വിജയം
5 –൧൦ ക്ലാസ്സു മുതൽ ബോർഡിംഗ് സൗകര്യം ലഭ്യമാണ്

ബി.എസ്.സി. നേഴ്സിംഗ് കാലാവധി - 4 വർഷം / യോഗ്യത - 10 +2/ 45% സയൻസ് ഗ്രൂപ്പ്
ജി. എൻ.എം. കാലാവധി – 3 വർഷം / യോഗ്യത – 10 +2/ 40%

മികച്ച പ്രാക്ടിക്കൽ സൗകര്യം, മെച്ചപ്പെട്ട ഹോസ്റ്റൽ സൗകര്യങ്ങൾ, മികച്ച അദ്ധ്യാപനം, മികച്ച ആത്മീക നിലവാരം, ആരാധന സൗകര്യം, കേരളാ ഭക്ഷണം, ഇന്ത്യയിലെ ഐറ്റി നഗരത്തിൽ മികച്ച അദ്ധ്യയനത്തിന് ശാന്തമായ അന്തരീക്ഷത്തിൽ കുട്ടികളുടെ ആത്മീയ നിലവാരം കാത്തു സൂക്ഷിക്കുന്ന വിശ്വാസികളുടെ സ്ഥാപനം.

### Brisbane North
INSTITUTE OF TAFE

▶ **Diploma in Hospitality** (Australian Degree)
Brisbane North Institute of TAFE - Queensland

**Academic Requirements:**
Grade 12 (10+2) Minimum 50%
**Intake: June**

**Course Details**
Duration: 12 Months,
Full Time
Eben-Ezer Campus Banglore

**Outcome**
BNIT's Diploma Programs also offer established direct entry pathways into Bachelor Degree programs at top Queensland universities with up to 1 year credit

വിജയത്തിന്റെ പടവുകൾ താണ്ടുന്ന
ഏബനേസർ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷനിൽ
അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

**The Administrator**
**Eben-Ezer Institutions, No. 19, Ebenezer Nagar,**
**Kothanur P.O, Bangalore - 560 077**
**Tel: 080 - 28444201, 65654909, 28445678, 09740157249, 09448476968, 09845890178, 9900002504**
Web Site: www.ebenezerblr.org E -mail : ebenezerblr@yahoo.co.in

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.